

വിശുദ്ധ കുരിശ്

## പേജുകളിൽ...


സർക്കുലർ -76 .......... 612

സർക്കുലർ -77 .......... 615

സർക്കുലർ -78 .......... 616

കച്ചേരിക്കാര്യം .......... 617

എൻ.സി.എഫ്. .......... 619

ലേഖനം .......... 620

ലേഖനം .......... 629

പിതാവിന്റെ അദ്ധ്യക്ഷപ്രസംഗം .......... 633

Collections - 2009 .......... 636

പൗരോഹിത്യ ചിന്തകൾ .......... 640

വാർത്തകൾ .......... 650

പാവനസ്മരണ .......... 666

നിര്യാതരായി .......... 667

Prayer day .......... 668

പിതാവിന്റെ ഡയറിയിൽ നിന്ന് .......... 669

Bishop's Engagements .......... 670

Mobile Numbers of Fathers .......... 671


**നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...**
**മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,**
**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ**
**മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം**
**അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.**

**മത്തായി 5:14-16**

സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ


Vol. LIX | SEPTEMBER 2009 | No. 9

# വി. ജോൺ മരിയ വിയാനിയുടെ ചിന്തകൾ-2

ഏറ്റവും പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ മാസധ്യാനാവസരത്തിൽ, വി. ജോൺ മരിയ വിയാനിയുടെ ചിന്തകൾ സാധിക്കുന്നിടത്തോളം സാന്ത്വനപ്രകാശത്തിലൂടെ നൽകണമെന്ന നിർദ്ദേശം ഉണ്ടായല്ലോ. അതനുസരിച്ചാണ് വിയാനി പുണ്യവാളന്റെ സ്വന്തം വാക്കുകളും ചിന്തകളും മലയാള ഭാഷയിലാക്കി സാന്ത്വനപ്രകാശത്തിലൂടെ നൽകിക്കൊണ്ടിരിക്കുന്നത്. ബഹു. അച്ചന്മാർ ഈ ചിന്തകൾ ശ്രദ്ധാപൂർവ്വം പഠിക്കുകയും സുവിശേഷ പ്രഘോഷണവേളയിലും കുടുംബക്കൂട്ടായ്മാസമ്മേളനങ്ങളിലും ആവശ്യാനുസരണം ഉപയോഗിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ സെപ്റ്റംബർ മൂന്നാം തീയതി ഞാൻ റോമിനു പോവുകയാണ്. വൈദികവർഷം പ്രമാണിച്ച് വി. ജോൺ വിയാനിയുടെ പ്രവർത്തനസ്ഥലമായിരുന്ന ആർസിൽ പോകണമെന്ന് ആഗ്രഹമുണ്ട്. അവിടെ നമ്മുടെ രൂപതയിലെ എല്ലാ വൈദികരെയും വൈദികവിദ്യാർത്ഥികളെയും സമർപ്പിച്ചു പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയർപ്പിക്കുന്നതാണ്. എല്ലാ ബഹു. അച്ചന്മാരും എനിക്കുവേണ്ടിയും പ്രാർത്ഥിക്കണമെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

ബിഷപ്സ് ഹൗസ്
പാലാ, 29-09-2009

മാർ ജോസഫ് കല്ലറങ്ങാട്ട്

1. പ്രഭാതത്തിൽ ഉരുവിട്ട വാക്കുകളെ ഞാൻ എത്രത്തോളം സ്നേഹിക്കുന്നു. ദൈവമഹത്വത്തിനായി ഞാൻ എല്ലാം സഹിക്കും എന്തും ചെയ്യും. ലോകത്തിനു വേണ്ടിയോ സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടിയോ അല്ല, മറിച്ച് എന്റെ രക്ഷകനെ സന്തോഷിപ്പിക്കാൻ.
2. നമ്മുടെ സ്വഭാവവും വിശ്വാസവും ചേർന്നുപോകുന്നവയാണോ?
3. ദൈവം നമ്മിൽ നിന്നും അസാധാരണമായവ ഒന്നും പ്രതീക്ഷിക്കുന്നില്ല.



4. കുഞ്ഞ് അമ്മയോടൊത്ത് എന്നപോലെ വിശുദ്ധമായ ആത്മാവ് ദൈവത്തോടൊത്ത് വസിക്കുന്നു. കുഞ്ഞ് തന്റെ അമ്മയെ ആലിംഗനം ചെയ്യുന്നു. അമ്മ തന്റെ കുഞ്ഞിന്റെ ആവശ്യങ്ങളെല്ലാം സാധിച്ചു കൊടുക്കുന്നു.
5. ഈശോ എന്ന നാമത്തിന്റെ ശക്തിയാൽ നമുക്ക് പിശാചുക്കളെ പുറത്താക്കുവാനും അവരെ എന്നന്നേയ്ക്കുമായി ദൂരെയെറിയാനും സാധിക്കുന്നു. അതേ നാമത്തിന്റെ ശക്തിയാൽ അവരുടെ ആക്രമണത്തിന്മേൽ വിജയം വരിക്കാനും സാധിക്കും.
6. നമ്മുടെ ഏറ്റവും വിശ്വസ്തരായ കൂട്ടുകാർ നമ്മുടെ കാവൽമാലാഖമാരാണ്. കാരണം രാവും പകലും എപ്പോഴും എവിടെയും അവർ നമ്മുടെ കൂടെയാണ്. അവരെ വിളിച്ചപേക്ഷിക്കാൻ നാം കടപ്പെട്ടവരുമാണ്.
7. വിശുദ്ധരെക്കുറിച്ച് പറയുമ്പോൾ അവർ തങ്ങൾക്കു പൂർണ്ണമായി മരിച്ചവരാണ്. മറ്റുള്ളവർ തങ്ങളെ അംഗീകരിക്കുന്നുവോ ഇല്ലയോ എന്നതിനെപ്പറ്റി അവർ ചിന്തിക്കുന്നതേയില്ല.
8. എല്ലാക്കാര്യങ്ങളിലും ലാഭം നേടാൻ മാത്രം ആഗ്രഹിക്കുന്ന മനുഷ്യരുണ്ട്. അവർ തങ്ങളുടെ അനിഷ്ടങ്ങളിലെ ചെറിയ സഹനം ദൈവത്തിന് സമർപ്പിക്കുന്നു.
9. ദൈവത്തെ കാണാൻ സാധിക്കാത്തവന് ഒന്നിനെയും അറിയാൻ കഴിയില്ല. ഒന്നിനെയും അറിയാൻ കഴിയാത്തവന് സ്നേഹിക്കാനാവില്ല. ദൈവത്തെ സ്നേഹിക്കാത്തവൻ തന്നെത്തന്നെ സ്നേഹിക്കുന്നു-തന്റെ സ്വാർത്ഥതാത്പര്യങ്ങളെയും.
10. ബുദ്ധിമാനായ മനുഷ്യൻ ദിവ്യനക്ഷത്രത്തെ അനുഗമിക്കുന്നതിന് ജീവിതത്തിന്റെ പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും അതിജീവിക്കുന്നു.
11. ലക്ഷ്യം പ്രാപിക്കുന്നതിന് ഉദ്ദേശശുദ്ധിയുള്ളവരായിരിക്കുക.

12. തന്റെ പ്രചോദനങ്ങളിലൂടെ ദൈവം നമ്മോട് തുടർച്ചയായി സംസാരിക്കുന്നു.

13. ലൗകികസുഖത്തോടും ധനത്തോടുമുള്ള അതിരില്ലാത്ത അഭിനിവേശമാണ് സ്വാർത്ഥതയ്ക്ക് നിദാനം. ഇതിൽനിന്ന് നമ്മെ രക്ഷിക്കുന്നതിനാണ് ഈശോ കടുത്ത ദാരിദ്ര്യത്തിൽ ജനിച്ചതും സുഖസൗകര്യങ്ങൾ ഉപേക്ഷിച്ചതും. ദരിദ്രയായ ഒരമ്മയെ തെരഞ്ഞെടുത്തതും. ഒരു മരപ്പണിക്കാരന്റെ മകനായി ജീവിച്ചതും.

14. ദൈവത്തെ സന്ദർശിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും അവിടുത്തോട് പ്രാർത്ഥിക്കുന്നതിനുമായി നമ്മുടെ ഉപയോഗശൂന്യമായ തിരക്കുകൾക്കിടയിൽ നാം കണ്ടെത്തുന്ന അല്പസമയം വിശുദ്ധ കുർബാനയിൽ വസിക്കുന്ന ഈശോയ്ക്ക് എത്രയോ പ്രീതികരമാണ്.

15. നമ്മുടെ നല്ല തീരുമാനങ്ങൾ  നിറവേറ്റാൻ നമുക്ക് കഴിയാത്തതിന് കാരണം നാം നമ്മിൽത്തന്നെ കൂടുതലായി ആശ്രയിക്കുന്നു എന്നതാണ്.

16. നീ നിന്റെ കുരിശുകളെ സ്നേഹത്തോടും ധൈര്യത്തോടും കൂടെ സ്വീകരിക്കുകയാണെങ്കിൽ അത് നിന്നെ സ്വർഗ്ഗത്തിൽ എത്തിക്കും.

17. പരിശുദ്ധ കന്യകയുടെ സംരക്ഷണത്തിൽ ജീവിക്കുന്നവനും മരിക്കുന്നവനും ഭാഗ്യവാനാകുന്നു.

18. സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി മാത്രം വാദിക്കുന്നത് ദിനചര്യയാക്കി മാറ്റിയവരുണ്ട്. നീ അങ്ങനെയാവരുത്.

19. കുഞ്ഞുമക്കളെ പ്രലോഭനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച വി. അന്തോനിസിനെപ്പോലെ നമുക്കും പ്രലോഭനങ്ങൾക്കെതിരെ യുദ്ധം ആരംഭിക്കാം.



20. ഒരിക്കൽ ഒരു ഗ്രാമീണ പെൺകുട്ടി പറഞ്ഞു: മറ്റുള്ളവരോട് സംസാരിക്കാൻ ഒരുമ്പിടുമ്പോൾ ഞാൻ എന്റെ ഹൃദയത്തിൽ ഈശോയെ കൊണ്ടുവരുന്നു. അവൻ മറ്റുള്ളവരോട് എത്ര സൗമ്യനും ശാന്തനും ദയാലുവുമായിരുന്നു.

21. ദൈവത്തിന്റെ കണ്ണിൽ നാം എന്താണോ, അതാണ് നാം യഥാർത്ഥത്തിൽ; അല്ലാതെ മറ്റൊന്നുമല്ല.

22. ഈ ഭൂമിയിൽ മിശിഹാ സ്നേഹിച്ചതിനെ സ്നേഹിക്കാനും അവൻ തിരസ്കരിച്ചതിനായി കൂടാരം തീർക്കാതിരിക്കാനും നാം കടപ്പെട്ടവരാകുന്നു.

23. നിന്റെ ദൃഢവിശ്വാസം നഷ്ടപ്പെടുന്നതായി നിനക്ക് തോന്നുന്നുവെങ്കിൽ വിശ്വാസവും ഉപവിയും ലഭിക്കുന്നതിനായി പരിശുദ്ധാത്മാവിനോടുള്ള നൊവേന ചൊല്ലുക.

24. ദിവസത്തിലൊരിക്കൽ ഈശോയെ സ്വീകരിക്കുവാനേ നമുക്ക് സാധിക്കൂ. എന്നാൽ ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ആത്മാവ് ആഗ്രഹത്താലേ ഓരോ നിമിഷവും ഈശോയെ സ്വീകരിക്കുന്നു.

25. ക്ഷമിക്കുന്നവരോട് ദൈവവും ക്ഷമിക്കും. അതാണ് നിയമം.

26. നിന്റെ ജോലിയിലെ പ്രയാസങ്ങളും കുഴപ്പങ്ങളും ദൈവത്തിന് സമർപ്പിക്കുക. അവന്റെ അനുഗ്രഹം നിന്റെയും നിന്റെ പ്രവർത്തനങ്ങളുടെയുംമേൽ നിവസിക്കുന്നത് നീ കാണും.

27. ഒരു ക്രിസ്ത്യാനി ഒന്നുകിൽ അവന്റെ പ്രേരണകളെ ഭരിക്കുന്നു. അല്ലെങ്കിൽ അവന്റെ പ്രേരണകൾ അവനെ ഭരിക്കുന്നു.

28. സുഖവും സന്തോഷവും ഇച്ഛിക്കാതെ ചെയ്യുന്ന പ്രവൃത്തികൾ വഴി ഒരുവൻ ദൈവത്തെ കൂടുതലായി സേവിക്കുന്നു.

29. വ്യാപാരത്തിൽ താൻ നേരിടേണ്ടി വരുന്ന പ്രതിസന്ധികളല്ല, മറിച്ച് തനിക്ക് ലഭിക്കുന്ന ലാഭമാണ് ഒരു കച്ചവടക്കാരന് പ്രധാനം.

30. മനുഷ്യൻ മനുഷ്യനെ അറിയുന്നതിനനുസരിച്ച് അവർ തമ്മിലുള്ള സ്നേഹം കുറയുന്നു. എന്നാൽ ദൈവത്തെ നാം അറിയുന്നതിനനുസരിച്ച് അവിടുത്തോടുള്ള നമ്മുടെ സ്നേഹം വർദ്ധിക്കുന്നു.

31. വി. ജോൺ ക്രിസോസ്തോം ഉദ്ധരിച്ചു: നിങ്ങൾ നിരാശരാണോ? വി. കുർബാനയുടെ സന്നിധിയിൽ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. നിങ്ങൾ പ്രലോഭിതരാണോ? വി. കുർബാനയിൽ അഭയം ഗമിക്കുക. പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനുള്ള വഴി നിനക്ക് തെളിയും.

32. മറ്റുള്ളവർ കാണുന്നതിനും പ്രശംസിക്കപ്പെടുന്നതിനും വേണ്ടി ധർമ്മദാനം ചെയ്യുകയും, തങ്ങൾക്ക് അർഹിക്കുന്ന പ്രതിനന്ദി ലഭിക്കുന്നില്ല എന്ന് പരാതി പറയുകയും ചെയ്യുന്നവരുണ്ട്. നീ ധർമ്മദാനം ചെയ്യുന്നത് ലോകത്തെപ്രതിയാണെങ്കിൽ പരാതി പറയാൻ നിനക്ക് അവകാശമുണ്ട്. എന്നാൽ ദൈവസ്നേഹത്തെപ്രതിയാണ് നീ ധർമ്മദാനം ചെയ്യുന്നതെങ്കിൽ മനുഷ്യനിൽ നിന്ന് പ്രതിനന്ദി പ്രതീക്ഷിക്കുന്നതെന്തിന്?

സമ്പാദകൻ:
മാർ ജോസഫ് കല്ലറങ്ങാട്ട്



സർക്കുലർ - 76

# രൂപതാ യുവജനദിനം

"പഴയ തലമുറയിൽനിന്നു ദീപശിഖയേറ്റു വാങ്ങിക്കൊണ്ട് ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റങ്ങളുടേതായ ഈ യുഗത്തിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവരാണ് യുവജനങ്ങൾ. നിങ്ങൾ നാളത്തെ സമൂഹത്തെ രൂപപ്പെടുത്തണം. ഒന്നുകിൽ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കും. അല്ലെങ്കിൽ നിങ്ങളും നാളത്തെ സമൂഹവും ഒന്നിച്ചു നശിക്കും" (II Vat. Concluding Session, Pope Paul VI th 1968 Dec. 8) രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാരുടെ വാക്കുകളാണിവ. നാളെയുടെ സംസ്കാരം യുവജനങ്ങളുടെ കയ്യിലാണ് എന്ന ശ്രദ്ധേയമായ നിരീക്ഷണമാണ് പിതാക്കന്മാർ നടത്തിയത്. നല്ല മനസ്സുകളുടെ ഒത്തുചേരലിൽനിന്നാണ് നല്ല സംസ്കാരങ്ങൾ ജനിക്കുന്നത്. ശിഥിലവും വിഭജിതവുമായ മനസ്സുകൾ നല്ല സംസ്കാരങ്ങളെത്തന്നെ അപകടത്തിലാക്കും. അതിനാൽ മനസ്സുകളുടെ ഐക്യം വർദ്ധിപ്പിക്കുന്ന ഒത്തുചേരലുകൾ വിശിഷ്യാ യുവജനസംഗമങ്ങൾ അത്യന്താപേക്ഷിതമാണ്.

യുവജനങ്ങളെക്കുറിച്ചുള്ള നമ്മുടെ ചിന്തയിൽ "നിങ്ങൾക്ക് ഈശോയുടെ മനസ്സാക്ഷിയുണ്ടാകട്ടെ" എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ പരമപ്രധാനമായ വാക്യമാകട്ടെ. യുവജനങ്ങളിൽ ഈശോയുടെ മനസ്സാക്ഷി രൂപപ്പെടുത്തുക എന്നതാണ് എല്ലാ യുവജന ശുശ്രൂഷയുടെയും ആത്യന്തികലക്ഷ്യം. അതിനാൽ കേവലം പ്രത്യേക സന്ദർഭങ്ങളിലുള്ള പ്രതിഷേധങ്ങളിലും പ്രതികരണങ്ങളിലും മാത്രം ഒതുങ്ങുന്നതാകരുത് യുവജനപ്രവർത്തനം. സഭാസ്നേഹവും ഈശ്വരവിശ്വാസവും ഊട്ടിയുറപ്പിക്കുന്ന ക്ലാസ്സുകളും ചർച്ചകളും കൂട്ടായ്മകളും ആവശ്യമാണ്. യുവജനപ്രവർത്തനങ്ങൾ രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനരീതികളിലേക്കും ശൈലികളിലേക്കും വഴിതെറ്റിപ്പോകാതിരിക്കാൻ യുവജനനേതാക്കന്മാരും അവരെ നയിക്കുന്നവരും നിതാന്ത ജാഗ്രത പുലർത്തേണ്ടതുമുണ്ട്. ക്രിസ്തുവാണ് നമ്മുടെ നേതാവ്. ഈശോയുടെ മനഃസാക്ഷിയോടെ അവഗണിക്കപ്പെട്ടവരോടും അനാലംബരോടും പക്ഷംചേരാനും സത്യത്തിനും നീതിക്കും ധർമ്മത്തിനും വേണ്ടി സ്വാർത്ഥത വെടിഞ്ഞ് പ്രവർത്തിക്കാനും എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെ.

നിസ്വാർത്ഥമായ മനഃസാക്ഷിയും മൂല്യബോധവുമുള്ള ഒരു യുവതലമുറയെ വളർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തെ മുൻനിർത്തി

ഒക്ടോബർ 17-ാം തീയതി ശനിയാഴ്ച പാലാ കത്തീഡ്രൽ അങ്കണത്തിൽവച്ച് രൂപതായുവജനസമ്മേളനം നടത്തുകയാണ്. കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും വിശാലമായ വേദിയാണിത്. സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത് മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ ക്ലിമീസ് ബാവയാണ്. ഒക്ടോബർ 17-ാം തീയതി രാവിലെ 9.30-ന് ആരംഭിക്കുന്ന ഏകദിനസമ്മേളനം വൈകുന്നേരം 3 മണിക്കുള്ള വിശ്വാസപ്രഖ്യാപന റാലിയോടെ സമാപിക്കുന്നു. ഉദ്ഘാടനസമ്മേളനത്തിനുശേഷം 'യുവജനങ്ങളും സഭാപ്രതിബദ്ധതയും' എന്ന വിഷയത്തിൽ ഡോ. കുര്യാസ് കുമ്പളക്കുഴി പ്രഭാഷണം നടത്തുന്നു. അതിനുശേഷം ഉച്ചഭക്ഷണവും ജീസസ് യൂത്തിന്റെ 'ഹോളി സ്ട്രിങ്സ്' എന്ന ഇന്റർനാഷണൽ ട്രൂപ്പിന്റെ ദൃശ്യസംഗീതവിസ്മയവും ഉണ്ടായിരിക്കും. കെ.സി.വൈ.എം. ആണ് ഈ സംഗമത്തിനു നേതൃത്വം നൽകുന്നത്.

പാലാ രൂപതയുടെ യുവജനദിനമായി ഈ ദിവസം നമ്മൾ കൊണ്ടാടുകയാണ്. 1986 മുതൽ എല്ലാ ഓശാന ഞായറാഴ്ചയും ആചരിച്ചുവരുന്ന ലോകയുവജനദിനവും രണ്ടു വർഷത്തിലൊരിക്കൽ പരിശുദ്ധ പിതാവിനോടൊത്ത് എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നുമുള്ള യുവജനങ്ങൾ പങ്കെടുക്കുന്ന ആഗോള യുവജനസംഗമവും സവിശേഷ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. യുവജനസംഗമങ്ങൾ യുവതലമുറയ്ക്കു നൽകുന്ന ഉണർവ്വ് വലുതാണ്. ഒക്ടോബർ 17 യുവജനങ്ങൾ രൂപതയോടു ചേർന്നു നിൽക്കുന്ന ദിനമാകണം. വർദ്ധിച്ചുവരുന്ന വിഘടനശക്തികളുടെ സ്വാധീനത്തിൽപ്പെട്ട് വിഭാഗീയ മനസ്സുകൾക്ക് അടിമപ്പെടാതെ നാം ഒന്നാണ് എന്ന സന്ദേശം നൽകുന്ന ദിനമാണത്. "അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ. 10:16) എന്ന ഈശോയുടെ വാക്കുകളെ ഓർമ്മിച്ച് "ഇടയന്റെ കീഴിൽ ഒരാലയത്തിൽ" എന്ന ചിന്ത നമ്മുടെ മനസ്സുകളിൽ നാം ഉറപ്പിക്കുന്ന ദിവസമാണിത്. യുവജനങ്ങളുടെ സ്നേഹകൂട്ടായ്മ വിളംബരം ചെയ്യുന്ന ഈ സൗഹൃദസംഗമത്തിന്റെ സന്ദേശം എല്ലാ യുവജനങ്ങളിലും എത്തിക്കാൻ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും യുവജനങ്ങളും ശ്രദ്ധിക്കണം. യുവജനങ്ങൾ ആരും ഈ സംഗമത്തിൽനിന്ന് അകന്നുനിൽക്കാൻ ഇടവരരുത്. രൂപതയോടും സഭാധികാരികളോടുമുള്ള യുവജനങ്ങളുടെ പ്രതിബദ്ധത വിളിച്ചറിയിക്കുന്ന സംഗമമാണിത്.

യുവജനദിനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന സംഭാവനാശേഖരണത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. രൂപതയിൽ എത്തുന്ന യുവജനപിരിവ് ഒരു വർഷത്തെ ഓഫീസ്



ചെലവുകൾക്കുമാത്രം കഷ്ടിച്ചു തികയുന്നതിനുവിധം അത്രമാത്രംകുറവാണ് എന്ന കാര്യം എല്ലാവരും ശ്രദ്ധിക്കുമല്ലോ. യുവജനങ്ങൾക്ക് ശരിയായ പരിശീലനം നൽകേണ്ടത് സഭയുടെ പ്രധാനപ്പെട്ട ധർമ്മങ്ങളിലൊന്നാണ്. യുവജനശിക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കി ഉചിതമായ സംഭാവന നൽകാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. 'യുവജനമനസ്സുകൾക്ക് ശിക്ഷണം നൽകുന്നതിനേക്കാൾ ശ്രേഷ്ഠമായി എന്തുണ്ട്?' എന്ന് വേദപാരംഗതനായ വി. ജോൺ ക്രിസോസ്തോം ചോദിക്കുന്നുണ്ട്. ചിത്രരചന പോലെയും ശില്പനിർമ്മാണം പോലെയും സൂക്ഷ്മമായ പ്രവൃത്തിയാണ് അത് എന്നു വിശുദ്ധൻ ഓർമ്മിപ്പിക്കുന്നു. യുവജനങ്ങളെ സഭാസ്നേഹവും വിശ്വാസദാർഢ്യവുമുള്ളവരാക്കുക എന്ന ദൗത്യം ഏതാനും ചില വ്യക്തികളുടെയോ സംഘടനകളുടെയോ മാത്രം കടമയായി നാം തെറ്റിദ്ധരിക്കരുത്. സഭയിലെ എല്ലാ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇടവകകളുടെയും സഭാസ്ഥാപനങ്ങളുടെയും കൂട്ടുത്തരവാദിത്വമാണത്. നമ്മുടെ ഈ സുവിശേഷ ധർമ്മത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച സ്വീകരിക്കാനും ബോധ്യങ്ങൾ ആർജ്ജിക്കാനുമുള്ള അവസരമായി യുവജനദിനാചരണത്തെ നാം കാണണം. അതിനാൽ ഈ സംഗമത്തിൽ പരമാവധി യുവജനങ്ങളെ - 15-നും 35-നും ഇടയിലുള്ളവരെ പങ്കെടുപ്പിക്കേണ്ടതും യുവജനശുശ്രൂഷയ്ക്ക് ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായങ്ങൾ നൽകേണ്ടതും നമ്മുടെ ഏവരുടെയും കർത്തവ്യമാണ്. ആരും ആ ദൗത്യത്തെ വിസ്മരിക്കരുതെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കട്ടെ. ഒക്ടോബർ 17-ന് കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നടത്തുന്ന യുവജനസംഗമത്തിന് ഒരിടവകയിൽനിന്ന് കുറഞ്ഞത് 20 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും സ്നേഹമുള്ള മാതാപിതാക്കളും ശ്രദ്ധിക്കണം. അതിനുവേണ്ട എല്ലാ സഹായങ്ങളും ഇടവകയിൽനിന്നു ചെയ്തുകൊടുക്കണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. ഒക്ടോബർ 17ലെ പാലാരൂപത യുവജനസംഗമത്തിലേക്ക് എല്ലാ യുവജനങ്ങളെയും ക്ഷണിച്ചുകൊണ്ട്.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

ബിഷപ്സ് ഹൗസ്
പാലാ, 01-09-2009

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപത മെത്രാൻ

N.B. ഈ സർക്കുലർ സെപ്റ്റംബർ മാസം 27-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 77

# Save a Child through Education

## പാലാ മിഷൻ വിദ്യാഭ്യാസസഹായനിധി

നമ്മുടെ രൂപതാ മിഷൻ പ്രവർത്തനത്തിനായി ആന്ധ്രാപ്രദേശിലെ ആദിലാബാദ് രൂപതയിലെ നെന്നൽ, വേമനപ്പള്ളി മണ്ഡലുകൾ ഏറ്റെടുത്തിട്ട് 2 വർഷം ആകുന്നു. അവിടെ ചെറിയ തോതിലുള്ള പ്രവർത്തനങ്ങൾ നാം ആരംഭിച്ചിരിക്കുന്നു. നിങ്ങൾ മിഷനുവേണ്ടി നൽകിവരുന്ന പ്രാർത്ഥനകളും സാമ്പത്തികസഹായങ്ങളും നന്ദിയോടെ ഓർക്കുന്നു. 61 വില്ലേജുകളിലായി 60,000 ത്തിലധികം ആളുകളുണ്ട് ഇതിൽ മൂന്നിലൊന്നുഭാഗം കുട്ടികളാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളാണിത്. വിദ്യാഭ്യാസത്തിന് മാതാപിതാക്കളും കുട്ടികളും പ്രാധാന്യം കൊടുത്തു വരുന്നതേയുള്ളൂ. നമ്മുടെ 9 വൈദികരും, 10 സിസ്റ്റേഴ്സും ഈ പ്രദേശത്ത് ശുശ്രൂഷ ചെയ്യുന്നു. നമ്മുടെ രണ്ടു സെന്ററുകളിൽ ബാലഭവനുകളുണ്ട്. 120 ലധികം കുട്ടികൾ അവിടെ താമസിച്ച് ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്നു. ഒരു സെന്ററിൽ ഹൈസ്കൂൾ ആൺകുട്ടികൾക്ക് ഭവനം ആരംഭിച്ചിട്ടുണ്ട്. കുട്ടികൾ +2, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളും പഠിക്കാൻ ആരംഭിച്ചിട്ടുണ്ട്. അവർക്കും നമ്മുടെ ഭവനങ്ങളിൽനിന്നു പഠിക്കുന്ന കുട്ടികളുടെ തുടർപഠനത്തിനുവേണ്ടിയും വലിയ തുക ആവശ്യമായി വരുന്നു. അതിനാൽ ഒരു വിദ്യാഭ്യാസസഹായനിധി സ്വരൂപിക്കുവാൻ ആഗ്രഹിക്കുന്നു. ആ തുകയുടെ പലിശയും മറ്റു ചെറിയ സഹായങ്ങളും ചേർത്ത് ഓരോ വർഷവും കുട്ടികളെ സഹായിക്കാൻ സാധിക്കും. അതിനാലാണ് ഇങ്ങനെ ഒരു സംരംഭം ആരംഭിക്കുന്നത്. ഈ ഫണ്ടിലേക്ക് നിങ്ങളോരോരുത്തരുടെയും ഉദാരമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. 2009 സെപ്റ്റംബർ 1 മുതൽ 2010 ആഗസ്റ്റ് 31 വരെ നിങ്ങൾ മിഷനു നൽകുന്ന സംഭാവനകൾ ഈ ഫണ്ടിൽ ഉൾപ്പെടുത്തുന്നതാണ്.

ബഹു. അച്ചന്മാർ, സിസ്റ്റേഴ്സ്, മിഷൻലീഗ് ഭാരവാഹികൾ തുടങ്ങിയവർ വഴി സംഭാവനകൾ രൂപതാ പ്രൊക്യൂറേറ്റർ അച്ചനെ ഏല്പിക്കുക.

ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

ബിഷപ്സ് ഹൗസ്
പാലാ, 02-09-2009

N.B. ഈ സർക്കുലർ സെപ്റ്റംബർ മാസം 13-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.



സർക്കുലർ - 78

# ദീപിക പ്രചാരണം രണ്ടാം ഘട്ടം

പ്രിയ. ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിൽ ദീപികയുടെ പ്രചാരണം ഒന്നാംഘട്ടപ്രവർത്തനങ്ങൾ സാമാന്യം ഭംഗിയായി നാം നിർവ്വഹിച്ചു. തൽഫലമായി ദീപികയുടെ കോപ്പി ഗണ്യമായി ഇവിടെ വർദ്ധിച്ചു. നിങ്ങളുടെ ആത്മാർത്ഥസഹകരണത്തിന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. എന്നാൽ ദീപികയുടെ പ്രചാരണത്തിന് നാം മനസ്സാകുന്നുവെങ്കിൽ വളരെയേറെ കാര്യങ്ങൾ ഇനിയും ചെയ്യുവാൻ കഴിയും. അതിനായി ഒരു രണ്ടാംഘട്ട ദീപിക പ്രചാരണപദ്ധതി തന്നെ നാം നടപ്പാക്കേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ നടപ്പാക്കേണ്ട ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

1. ഇടവകതലത്തിൽ (ഇതുവരെ ആരംഭിക്കാത്തിടത്ത്) കമ്മറ്റിയംഗങ്ങളേയും താല്പര്യമുള്ള മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി ഒരു 'ദീപിക സൗഹൃദ സമിതി'ക്ക് രൂപം കൊടുക്കുക.
2. ഈ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ വാർഡടിസ്ഥാനത്തിൽ പ്രചരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
3. സൗഹൃദസമിതികളുടെ സമ്പൂർണ്ണയോഗങ്ങൾ, ഫൊറോനാതലയോഗങ്ങൾ കോ-ഓർഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുക.
4. പ്രസ്തുതസമ്മേളനങ്ങളിൽ ഓരോ ഇടവകയും നാളിതുവരെ ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
5. സ്കൂളുകൾ ഉള്ളിടത്ത് 'ദീപിക നമ്മുടെ ഭാഷാ പദ്ധതി' നിർബന്ധമായും നടപ്പിലാക്കുക.
6. സൺഡേ സ്കൂൾ കുട്ടികളെയും അദ്ധ്യാപകരെയും ദീപികപ്രചരണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
7. രൂപതാടിസ്ഥാനത്തിലുള്ള ദീപിക പ്രവർത്തനങ്ങൾ സംബന്ധിച്ച ഏതു കാര്യങ്ങൾക്കും ബഹുമാനപ്പെട്ട ജോർജ് വർഗീസ് ഞാറക്കുന്നേലച്ചന്റെ (മുണ്ടാങ്കൽ പള്ളി വികാരി) സേവനം എപ്പോഴും ലഭ്യമാണെന്ന് ഓർമ്മിപ്പിക്കട്ടെ.

നാളിതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം തുടർന്നും നമ്മുടെ കോർഡിനേറ്റേഴ്സായി നിയമിക്കപ്പെട്ടിരിക്കുന്ന ബഹു. വൈദികരോട് സഹകരിച്ച് പ്രചരണപ്രവർത്തനങ്ങൾ സജീവമാക്കുവാൻ സഹകരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

ബിഷപ്സ് ഹൗസ്
പാലാ, 02-09-2009

# കച്ചേരിക്കാര്യം

## 1. നിയമനം, സ്ഥലമാറ്റം

Rev. Fr. Antony Thayyil - Asst.Vicar, Manvettam
Rev. Fr. Jose Vattappillil - Asst. Vicar, Lalam Old
Rev. Fr. Joseph Vadakara - Pastoral Ministry, Eparchy of Idukki
Rev. Fr. Cherian (Biju) Kunnackattu - MBA Study, Thailand
Rev. Fr. Joseph Narithookkil- Asst. Vicar, Kuravilangad

## 2. കുർബാന നിയോഗങ്ങൾ

ഒരേ സമയത്ത് 100-ൽ കൂടുതൽ കുർബാന നിയോഗങ്ങൾ കൈവശം വച്ചു കൊണ്ടിരിക്കരുത് എന്ന് ബഹു. വൈദികരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അധികമുള്ള കുർബാനനിയോഗങ്ങൾ ബിഷപ്സ് ഹൗസിൽ ഏല്പിച്ച് രസീത് വാങ്ങേണ്ടതാണ്. അധികമുള്ള കുർബാന നിയോഗങ്ങൾ വൈദികർ പരസ്പരം കൈമാറുവാൻ പാടില്ലായെന്ന വിവരവും അറിയിക്കുന്നു.

കുർബാനനിയോഗം ആവശ്യമുള്ളവർക്ക് അവ ബിഷപ്സ് ഹൗസിൽ നിന്നും വാങ്ങാവുന്നതാണ്. ഈ രൂപതയിലെ വൈദികരല്ലാത്തവർ അവരുടെ മേലധികാരിയുടെ എഴുത്തുകൂടി നല്കേണ്ടതാണ്.

## 3. പാരീഷ് സോഫ്റ്റ് വെയർ

നമ്മുടെ രൂപതയിൽ നടപ്പിലാക്കി വരുന്ന പാരീഷ് സോഫ്റ്റ് വെയർ പ്രോഗ്രാമിന് ബഹു. അച്ചന്മാർ നല്കുന്ന നല്ല സഹകരണത്തിന് ഹൃദയപൂർവ്വം നന്ദി പറയുന്നു. ഇതിനോടകം കംപ്യൂട്ടർ സർട്ടിഫിക്കറ്റുകളും തിരുട്ടുകളും അപേക്ഷകളും നൽകുവാൻ തുടങ്ങിയ വികാരിയച്ചന്മാരെ അഭിനന്ദിക്കുന്നു. പാരീഷ് സോഫ്റ്റ് വെയർ സംബന്ധമായ കാര്യങ്ങൾക്ക് ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ:

- 9249525800, 9447157785, 9037272259 (Jomon)
- 9447490231 (Prince), 9995765658 (Dipi)
- 9447400450 (Fr.Cyriac Kochukaippettiyil)
- 9447507571 (Fr.Joseph Mundackal)



## 4. സാന്ത്വനപ്രകാശം വാർഷിക വരിസംഖ്യ

2009 ജനുവരി മുതൽ സാന്ത്വനപ്രകാശം വാർഷിക വരിസംഖ്യ Rs.150/- ആയിരുന്നത് Rs. 175/- ആയി വർദ്ധിപ്പിച്ച വിവരം അറിയിക്കുന്നു.

## 5. പുതിയ ടെലിഫോൺ നമ്പരുകൾ

വെള്ളികുളം പള്ളി - 04822/204244
നാരകക്കാനം പള്ളി - 04862/235080
(റവ.ഫാ. അഗസ്റ്റ്യൻ കടുകുമാക്കൽ)

## 6. പുതുക്കിയ മൊബൈൽ നമ്പരുകൾ

വാർഷികധ്യാനാവസരത്തിലും നേരിട്ടും ഇവിടെ അറിയിച്ച തിരുത്തലുകൾ ഉൾപ്പെടുത്തി ബഹു. വൈദികരുടെ മൊബൈൽ നമ്പരുകൾ അവസാനപേജുകളിൽ ചേർക്കുന്നു.

## 7. മിഷൻ സൺഡേ

മിഷൻ സൺഡേ കലണ്ടറും പോസ്റ്ററും ബിഷപ്സ് ഹൗസിൽ നിന്നും ലഭിക്കുന്നതാണ്. മുൻവർഷങ്ങളിലെപ്പോലെ മിഷൻസൺഡേ കളക്ഷന് സമ്മാനങ്ങൾ നല്കുന്നതാണ്.

### ദേവമാതാ കോളജിന് ദേശീയ ബഹുമതി

രാജ്യത്തെ ഏറ്റവും മികച്ച പ്രവർത്തന മികവിന് സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഏർപ്പെടുത്തിയിട്ടുള്ള സിസ്റ്റർ ഹെഡ്‌വിജ് അവാർഡിന് കുറവിലങ്ങാട് ദേവമാതാ കോളജ് അർഹമായി. 2008-2009 വർഷത്തെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്. ബഹു. മാനേജരച്ചനും പ്രിൻസിപ്പൽ സാറിനും സ്റ്റാഫംഗങ്ങൾക്കും അഭിനന്ദനങ്ങൾ!

# N.C.F. 2009

സാമ്പത്തികമായി സ്വയം പര്യാപ്തതയിലെത്താത്ത ഇടവകകളെ സഹായിക്കാൻ രൂപീകൃതമായ ഇടവകസഹായഫണ്ടിലേയ്ക്ക് ഈ വർഷം ലഭിച്ച തുക N.C.F. കമ്മറ്റിയുടെ ശിപാർശപ്രകാരം താഴെ പറയുംപ്രകാരം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

| No. | ഇടവക | വിഷയം | തുക അനുവദിച്ചത് |
|---|---|---|---|
| 1. | അടിവാരം | സിമിത്തേരി മതിൽ | 25,000.00 |
| 2. | അടുക്കം | സംരക്ഷണ ഭിത്തി | 2,00,000.00 |
| 3. | ചോലത്തടം | കൃഷി | 25,000.00 |
| 4. | ഇടപ്പാടി | കൃഷി, | 10,000.00 |
| 5. | ഇലപ്പള്ളി | കയ്യാലനിർമ്മാണം | 50,000.00 |
| 6. | കാവാലി | സംരക്ഷണ ഭിത്തി | 1,00,000.00 |
| 7. | കുളമാവ് | നാടുകാണി പാരീഷ് ഹാൾ നിർമ്മാണം | 40,000.00 |
| 8. | മംഗളഗിരി | പാരീഷ്ഹാൾ നവീകരണം | 75,000.00 |
| 9. | മുളക്കുളം | പള്ളിപണി | 2,50,000.00 |
| 10. | പെരുംന്തുരുത്ത് | ചതുപ്പുനിലംനികത്തി സംരക്ഷിക്കുവാൻ | 1.00,000.00 |
| 11. | ശാന്തിഗിരി | കയ്യാല | 50,000.00 |
| 12. | വാലാച്ചിറ | പള്ളിപണി | 2,50,000.00 |
| 13. | വെള്ളികുളം | മലമേൽ പള്ളിപണി | 2,50,000.00 |
| 14. | വേഴങ്ങാനം | പാരീഷ് ഹാൾ നവീകരണം | 50,000.00 |
| 15. | വിമലഗിരി | പാരീഷ് ഹാൾ നവീകരണം | 50,000.00 |

ഈ തുകകൾ സമർപ്പിക്കപ്പെട്ടിരിക്കുന്ന നിയോഗങ്ങൾക്കായി തന്നെ വിനിയോഗിക്കുവാൻ ബഹു.വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ബാക്കി തുക ആദിലാബാദ് മിഷനുവേണ്ടിയും, രൂപതയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ നിർമ്മാണം ആരംഭിക്കുന്ന മാർസ്ലീവാ ആശുപത്രിയുടെ നിർമ്മാണത്തിനായും ചെലവഴിക്കുവാൻ കമ്മറ്റി തീരുമാനിച്ചു.



ലേഖനം

# 'ബനഡിക്റ്റയൻ' ചാക്രികലേഖനത്തിൽ പൗലോസ് മാർപാപ്പാ പുനർജനിക്കുന്നു

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമന്റെ പുതിയ ചാക്രിക ലേഖനം - **സത്യത്തിൽ സ്നേഹം (Caritas in Veritate) 2009,** ജൂലൈ 7-ന് പുറത്തുവന്നല്ലോ. 6 അദ്ധ്യായങ്ങളുള്ള ഈ ചാക്രിക ലേഖനം 79 ഖണ്ഡികകളിലായി ആനുകാലിക സാമൂഹ്യ വിഷയങ്ങളെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നു. 1967-ൽ പൗലോസ് മാർപാപ്പാ പുറത്തിറക്കിയ ജനതകളുടെ പുരോഗതി എന്ന ചാക്രികലേഖനത്തിന്റെ നാല്പതാം വാർഷികത്തിൽ പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചു തയ്യാറാക്കപ്പെട്ടതാണിത്. ചാക്രികലേഖനങ്ങൾ, പ്രത്യേകിച്ച് സാമൂഹ്യപ്രാധാന്യമുള്ളവ, വായിച്ചു മനസ്സിലാക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം മനസ്സിലാക്കുവാൻ സഹായിക്കുന്ന ഏതാനും ചിന്തകൾ മുമ്പോട്ടു വയ്ക്കുകയാണിവിടെ. ഈ നിരീക്ഷണങ്ങളിൽ ഈ പ്രബോധനത്തിന്റെ പ്രധാന ഉള്ളടക്കവും പ്രത്യേകതകളും പ്രസക്തിയും ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. ഈ ചാക്രിക ലേഖനം സഭയുടെ സാമൂഹ്യപ്രബോധനരേഖകളുടെ കൂട്ടത്തിൽ ചേർക്കപ്പെട്ടിരിക്കയാണ്.

1) സഭയുടെ സാമൂഹ്യ പ്രബോധനങ്ങളുടെ നേർക്ക് പരിശുദ്ധ പിതാവ് ഒരു പുതിയ സമീപനം സ്വീകരിച്ചിരിക്കുകയാണിവിടെ. സാധാരണഗതിയിൽ ദൈവശാസ്ത്രത്തിലെതന്നെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ഭാഗമായിട്ടാണ് സാമൂഹ്യപ്രബോധനത്തെ കണക്കാക്കുക. ദൈവശാസ്ത്രത്തിന്റെ മുഖ്യധാരയിലുള്ള വിഷയമായിട്ടു പലരും അതിനെ പരിഗണിക്കാറില്ല. എന്നാൽ ഈ ചാക്രികലേഖനത്തിൽ

സാമൂഹ്യപ്രബോധനത്തെ ധാർമ്മികദൈവശാസ്ത്രത്തിന്റെ അടിസ്ഥാനദർശനങ്ങളുമായി കൂട്ടിയോജിപ്പിച്ചിരിക്കുകയാണ്. സുവിശേഷത്തിൽനിന്നാണ് അല്ലാതെ സാമൂഹ്യശാസ്ത്രത്തിൽനിന്നല്ല സഭയുടെ സാമൂഹ്യപ്രബോധനം ഉടലെടുക്കുന്നത് എന്ന മൗലികസത്യം ഈ പഠനത്തിലൂടെ പുറത്തുകൊണ്ടുവരുകയാണ്. സാമൂഹ്യപ്രബോധനങ്ങൾ പലതും ദാർശനികതയിൽ അധിഷ്ഠിതമായിരുന്നു. എന്നാൽ ഇവിടെ ദൈവശാസ്ത്രത്തിന്റെ കേന്ദ്രമായിട്ട് സുവിശേഷാധിഷ്ഠിതമായ ഒരു സാമൂഹ്യ പ്രബോധനം ഉരുത്തിരിയുകയാണ്.

2) 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം വിശ്വാസികൾക്കു മാത്രമല്ല, ലോകർക്കെല്ലാം ഒരു വെല്ലുവിളിയായിട്ടു രൂപീകരിച്ചതാണ്. ഈ ചാക്രികലേഖനം ലോകത്തിലെ ബുദ്ധിരാക്ഷസന്മാരെല്ലാവരും വായിച്ചിരിക്കേണ്ടതാണ്. രാഷ്ട്രീയക്കാരും രാഷ്ട്രതന്ത്രജ്ഞരും വ്യവസായികളും സാംസ്കാരികവിദഗ്ദ്ധരും സാങ്കേതികവിദഗ്ദ്ധരും എല്ലാം ഇത് നിർബന്ധമായും പഠിക്കേണ്ടതാണ്. സത്യത്തിലധിഷ്ഠിതമായ സ്നേഹം കണ്ടെത്താൻ ഇവരെ ക്ഷണിക്കുകയാണ്. വൈവിദ്ധ്യങ്ങളായ വിഷയങ്ങളുടെ ഒരു വലിയ ഡയലോഗാണ് ഈ ചാക്രികലേഖനത്തിൽ നടക്കുന്നത്. വിവിധ വിഷയങ്ങൾ തമ്മിലുള്ള പാരസ്പര്യം ഈ പ്രബോധനരേഖയുടെ എടുത്തുപറയേണ്ട പ്രത്യേകതയാണ്. ധാർമ്മിക വിലയിരുത്തലുകളും ശാസ്ത്രീയ ഗവേഷണങ്ങളും കൈകോർത്തു പോകണമെന്ന് പാപ്പാ ശക്തമായിട്ടു പഠിപ്പിക്കുന്നു. സഭയുടെ സാമൂഹ്യപ്രബോധനങ്ങളെ വിവിധ വിജ്ഞാനശാഖകളുടെ സംഭരണിയായും സംഗമസ്ഥലമായും പാപ്പാ രൂപപ്പെടുത്തുകയാണ്. "വിശ്വാസം, ദൈവശാസ്ത്രം, അതിഭൗതികശാസ്ത്രം, ശാസ്ത്രം എന്നിവ തമ്മിലുള്ള കൊടുക്കൽവാങ്ങലുകൾ വേണം. ഇവിടെയാണ് സഭയുടെ സാമൂഹ്യപ്രബോധനങ്ങൾ യഥാർത്ഥ വിജ്ഞാനമായി സ്വയം വെളിവാകുന്നത്. ഭൗതികശാസ്ത്രവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധക്കുറവ് വിജ്ഞാനത്തിന്റെ പുരോഗതിക്കു മാത്രമല്ല, രാഷ്ട്രങ്ങളുടെ പുരോഗതിക്കും കോട്ടം വരുത്തിവയ്ക്കുന്നു" (31). ഒരു വലിയ സാമ്പത്തിക വിദഗ്ദ്ധനെപ്പോലെയും സാങ്കേതിക വിദ്യയുടെ അദ്ധ്യാപകനെപ്പോലെയും ഇതിലൂടെ പരിശുദ്ധ പിതാവ് സംസാരിക്കുകയാണ്. സാമൂഹ്യപ്രശ്നങ്ങളുടെ അടിസ്ഥാനകാരണങ്ങളിലേക്കും യുക്തിപൂർവ്വം പരിശുദ്ധ പിതാവ് ഇറങ്ങിച്ചെല്ലുകയാണ്. ഒരു ലോകമനസ്സാക്ഷി രൂപീകരണമാണ് പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ ആത്യന്തികമായി അർത്ഥമാക്കുന്നത്.



3) 'സത്യത്തിൽ സ്നേഹം' എന്ന ഈ ചാക്രികലേഖനത്തിൽ പൗലോസ് മാർപാപ്പാ പുനർജ്ജനിക്കുകയാണ്. പൗലോസ് മാർപാപ്പായുടെ 'ജനതകളുടെ പുരോഗതി' എന്ന പ്രബോധനത്തിൽനിന്നുകൊണ്ടുള്ള വിശദീകരണവും വിപുലീകരണവുമാണ് നാമിവിടെ കാണുന്നത്. പൗലോസ് മാർപാപ്പാ തന്നെ 40 വർഷങ്ങൾ കഴിഞ്ഞ് എഴുതിയാൽ എന്നതുപോലുള്ള ഒരു ബന്ധം ഇവിടെ കാണാൻ കഴിയും. മനുഷ്യന്റെയും ആധുനികലോകത്തിന്റെയും സമഗ്രപുരോഗതിക്കുവേണ്ട കാര്യങ്ങളെല്ലാം 'ജനതകളുടെ പുരോഗതി'യിൽ ഉണ്ട്. ഈ രണ്ടു തിരുവെഴുത്തുകൾ തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നു മാത്രമല്ല നിരന്തര സംഭാഷണത്തിലുമാണ്. ആശയപരമായിട്ടു പറഞ്ഞാൽ ഇരട്ട പിറന്നതുപോലൊരു ബന്ധമാണ്. "സമഗ്രമ മാനവപുരോഗതിയെപ്പറ്റിയുള്ള പൗലോസ് മാർപാപ്പായുടെ പ്രബോധനങ്ങളുടെ പുനർവായനയിലൂടെ അവയെ ഇന്നത്തെ സാഹചര്യത്തിനു യോഗ്യമാക്കിത്തീർക്കുക എന്ന ജോലിയാണ് ഞാൻ ചെയ്യുന്നത്" (8).

4) വിശുദ്ധ പൗലോസിന്റെ ചിന്തകൾക്ക് അപ്പുറത്തേക്കും പരിശുദ്ധ പിതാവ് കടന്നുചെല്ലുന്നു. എല്ലാ മനുഷ്യപുരോഗതിയുടെയും കാതൽ "സത്യത്തിൽ സ്നേഹമാണ്." സഭയുടെ സാമൂഹ്യപ്രബോധനങ്ങളുടെയെല്ലാം കറങ്ങുന്ന അച്ചുതണ്ട് ഈ സത്യമാണ്. എല്ലാറ്റിനേയും കൂട്ടിയോജിപ്പിക്കുന്നതും സത്യമാണ്. നമ്മുടെ ധാർമ്മികപ്രവൃത്തിയെ ഭരിക്കുന്നതും സത്യത്തിൽ സ്നേഹം എന്ന തത്വമാണ്. സത്യത്തെ പാർശ്വവൽക്കരിക്കുന്ന ഒന്നിനോടും ഒത്തുപോകാൻ പാപ്പാ തയ്യാറാകുന്നില്ല. പാപ്പാ, സ്ഥാനം ഏറ്റെടുത്ത അന്നുതന്നെ പറഞ്ഞിരുന്നല്ലോ ലോകത്തിൽ ഇന്നു കാണുന്നത് ആപേക്ഷികതയുടെ സ്വേച്ഛാധിപത്യമാണ് (dictatorship of relativism). സത്യത്തോടുള്ള ഉറ്റബന്ധത്തിൽനിന്നു മാത്രമേ സ്നേഹത്തെ കാണാനാവൂ. സ്നേഹത്തിന് പ്രകാശവും അർത്ഥവും ഗാംഭീര്യവും നൽകുന്നത് സത്യമാണ്. ബുദ്ധിയുടെയും ഇച്ഛയുടെയും വിമലീകരണത്തിലൂടെ മാത്രമാണ് സത്യത്തിൽ അധിഷ്ഠിതമായ സ്നേഹം നാം തിരിച്ചറിയുന്നത്.

സത്യത്തിന്റെ അഭാവത്തിൽ സ്നേഹം വെറും വൈകാരികതലത്തിൽ മാത്രം നിൽക്കുന്നു എന്ന് എടുത്തുകാണിക്കുന്നു. സത്യമില്ലാത്ത സ്നേഹം ഒരു ശൂന്യമായ അറയാണ്. മറ്റെന്തെങ്കിലുംകൊണ്ട് അതു നിറയ്ക്കേണ്ടിവരുന്നു. സത്യമില്ലാത്ത ഒരു സംസ്കാരത്തിൽ സ്നേഹം ദുരുപയോഗിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യും. സ്നേഹത്തിന്റെ എതിർ അർത്ഥംതന്നെ ജനിപ്പിച്ചെന്നും വരും. സത്യമില്ലാതെ നീതിയോ, സ്നേഹമോ ഇല്ലെന്നും ഈ ചാക്രികലേഖനം പഠിപ്പിക്കുന്നു. യഥാർത്ഥ സ്നേഹം എന്നാൽ സത്യത്തെ സംരക്ഷിക്കലാണ്. വി. പൗലോസ് പറയുന്ന 'സ്നേഹത്തിൽ സത്യം' (എഫേ. 4:15) എന്നതിന്റെ അപ്പുറത്തേക്ക് എത്തിനിൽക്കുന്ന പാപ്പായെയാണ് സത്യത്തിൽ സ്നേഹം എന്നതിൽ നാം കാണുക. ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്. ഒന്നു മറ്റൊന്നിനെ കൂടാതെയല്ല. സത്യം അന്വേഷിക്കപ്പെടേണ്ടതും കണ്ടെത്തപ്പെടേണ്ടതും സ്വീകരിക്കപ്പെടേണ്ടതും ആവിഷ്കരിക്കപ്പെടേണ്ടതും സ്നേഹത്തിലാണ്. സ്നേഹം മനസ്സിലാക്കപ്പെടേണ്ടതും ഉറപ്പിക്കപ്പെടേണ്ടതും പരിശീലിപ്പിക്കപ്പെടേണ്ടതും സത്യത്തിലാണ്. സ്നേഹവും സത്യവും അവിഭാജ്യമാണ്. ഈ അവിഭാജ്യതയ്ക്കാണ് ഈ ചാക്രികലേഖനം ഊന്നൽ നൽകുന്നത്. ഇവ രണ്ടും ദൈവവിളിയാണ്. ദൈവം മനുഷ്യന്റെ ഹൃദയത്തിൽ നട്ടതാണ്. "സത്യവും അതിനെ വെളിപ്പെടുത്തുന്ന സ്നേഹവും നമുക്ക് സൃഷ്ടിക്കാനാവില്ല. അവ രണ്ടും നാം ദാനമായി സ്വീകരിക്കുക മാത്രമാണ്. അവയുടെ ഉറവിടം മനുഷ്യവർഗ്ഗമല്ല. തന്നിൽത്തന്നെ സത്യവും സ്നേഹവുമായ ദൈവമാണ് അതിന്റെ ഉറവിടം" (52).

5) മനുഷ്യപുരോഗതി എന്ന സങ്കീർണ്ണ യാഥാർത്ഥ്യമാണ് ഈ ചാക്രികലേഖനം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. പുരോഗതി ഭൗതിക വളർച്ച മാത്രമല്ല, ആത്മീയ വളർച്ചയുമാണ്. ക്രൈസ്തവ വിശ്വാസം ഇവിടെ ഒരിക്കൽക്കൂടി സാങ്കേതികവിദ്യയുടെ നടുവിൽ ആവിഷ്കരിക്കുകയാണ്. പരലോകചിന്തയില്ലാതെ, ദൈവവിചാരമില്ലാതെ, നിത്യതയെക്കുറിച്ചുള്ള ചിന്തയില്ലാതെ നാം രൂപീകരിക്കുന്ന വികസനം തരംതാഴ്ന്നതാണ് (11). പുരോഗതിയുടെ അടിസ്ഥാനം സുവിശേഷമാണ് (18). പുരോഗതി മനുഷ്യനെ മുഴുവനായും ഉൾക്കൊള്ളണം. ഒപ്പം എല്ലാ മനുഷ്യരേയും ഉൾക്കൊള്ളണം. സാങ്കേതികവിദ്യ



എന്ന വിഷയത്തിന്റെ എല്ലാ വശങ്ങളെപ്പറ്റിയും ഈ പ്രബോധനം സംസാരിക്കുന്നുണ്ട്. പുരോഗതി ഒരു ദൈവവിളിയാണ് (16). ഇന്നത്തെ കമ്പോളസംസ്കാരത്തിൽ സഭയുടെ പ്രബോധനം പരിചയപ്പെടുത്തുകയാണ്. "കാര്യങ്ങൾ ചെയ്തുകൂട്ടുന്നതല്ല യഥാർത്ഥ വികസനം. സാങ്കേതികമായി ചിന്തിക്കുന്ന, സ്വന്തം പ്രവൃത്തിയുടെ മാനുഷികമൂല്യവും അർത്ഥവും ആഴത്തിൽ ഗ്രഹിക്കുന്ന മനസ്സാണ് വികസനത്തിന്റെ ആണിക്കല്ല്" (70). "തൊഴിൽരംഗത്തെ മികവും ധാർമ്മിക സ്ഥിരതയും ഒരുമിച്ചുപോകണം. എപ്പോൾ സാങ്കേതികവിദ്യ മേൽക്കോയ്മ സ്ഥാപിക്കുന്നുവോ അപ്പോൾ ലക്ഷ്യവും മാർഗ്ഗവും കൂടിക്കുഴയുന്നു. അപ്പോൾ കച്ചവടത്തിന്റെ ഏക മാനദണ്ഡം ലാഭവും രാഷ്ട്രീയത്തിന്റേത് അധികാരമുറപ്പിക്കലും ശാസ്ത്രലോകത്തിന്റേത് ഗവേഷണഫലങ്ങളും ആയിരിക്കും" (71).

6) ലോകസമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു പുതിയ ദിശാബോധവും അടിത്തറയും നൽകുന്നുണ്ട്. സാമ്പത്തികശാസ്ത്രം ഈ ചാക്രികലേഖനത്തിന്റെ കേന്ദ്രപഠനവിഷയമാണ്. മഹത്തായ ഒരു എത്തിക്കൽ വീക്ഷണം പാപ്പാ നൽകുകയാണ്. അത് എത്തിക്സിന് കമ്പോളത്തിനുള്ളിൽ സ്ഥാനം വേണം എന്നതാണ്. മാർക്കറ്റിനു പുറത്തുള്ള എത്തിക്സ് മാത്രം പോരാ. കൊള്ളലാഭമെടുത്തതിനുശേഷം പരോപകാരപ്രവൃത്തി ചെയ്യുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. സാമ്പത്തികശാസ്ത്രം ധർമ്മശാസ്ത്രത്തിൽ അധിഷ്ഠിതമായിരിക്കണം. അതായത് സമ്പദ്ഘടന ധാർമ്മികത ആവശ്യപ്പെടുന്നു. കമ്പോളസംസ്കാരത്തിന്റെ നിയമം ലാഭം മാത്രമാണ്. സമ്പദ്ഘടനയുടെ ശരിയായ ഒരു വിലയിരുത്തലിന് ഈ ധാർമ്മികമാനം അത്യന്താപേക്ഷിതമാണ്. ധനമേഖലയിൽ സദാചാരത്തിന്റെ ഒരു പ്രത്യേക മേഖല രൂപപ്പെടുത്തി എടുക്കുക മാത്രമല്ല വേണ്ടത്, മറിച്ച് സാമ്പത്തികമേഖല ഒന്നാകെ സദാചാരത്തിനനുസൃതമാണെന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത് (45). സാംസ്കാരിക-ധാർമ്മിക മേഖലകളിൽ മനുഷ്യന് ഉണ്ടാകുന്ന അരാജകത്വം ഇതാവശ്യപ്പെടുന്നുണ്ട്. അടിസ്ഥാന എത്തിക്കൽ മൂല്യങ്ങൾ പാലിച്ചാൽ മാത്രമേ വളർച്ചയും ഭാവിയും ഉണ്ടാവുകയുള്ളൂ. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്. ദൈവബന്ധമാണ് ഏറ്റവും ആവശ്യമായിരിക്കുന്നത്. സത്യാന്വേഷികൾക്ക് സാമൂഹ്യ, സാമ്പത്തി

ക, ധാർമ്മിക മേഖലകളിലെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ഈ ചാക്രികലേഖനം സഹായിക്കും. സുതാര്യമായ പുതിയ ഒരു സാമ്പത്തിക പ്ലാനിംഗിനായിട്ട് പാപ്പാ എല്ലാവരേയും ക്ഷണിക്കുകയാണ്. ഇവിടെ ദൈവത്തെയും ലോകത്തെയും കണക്കിലെടുക്കണം. രാഷ്ട്രീയത്തിലും സാമ്പത്തിക മേഖലയിലും സത്യസന്ധരായ ജനങ്ങളെയാണ് നമുക്കാവശ്യം. സാമ്പത്തിക വിദഗ്ദ്ധരും രാഷ്ട്രീയക്കാരും ഉൽപ്പാദകരും ഉപഭോക്താക്കളും എല്ലാം തമ്മിൽ സഹകരണം വേണം. ഈ സഹകരണത്തിലൂടെ മാത്രമേ ധാർമ്മിക അടിത്തറയിലുള്ള ഒരു മനസാക്ഷി രൂപീകരണം സാദ്ധ്യമാകൂ. നല്ല സാമ്പത്തിക മോഡൽ കൊണ്ടുമാത്രം നീതി നടപ്പാക്കാൻ പറ്റില്ല. നീതിബോധമുള്ള മനുഷ്യർ ജനിക്കുമ്പോൾ മാത്രമേ അതു പ്രായോഗികമാകൂ. ഇപ്പോഴത്തെ സാമ്പത്തികമാന്ദ്യത്തിന് മേൽപ്പറഞ്ഞ അടിസ്ഥാനദർശനങ്ങളാണ് പാപ്പാ മുന്നോട്ടുവയ്ക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയോ, മാന്ദ്യമോ അല്ല ഈ ചാക്രികലേഖനത്തിന്റെ കേന്ദ്രാശയം. ഇതിന് ഉത്തരം നൽകേണ്ടതു സഭയല്ല. സഭ പണമുള്ള മുതലാളിയല്ല; മൂല്യങ്ങളുള്ള അദ്ധ്യാപികയാണ്. മനുഷ്യൻ ധർമ്മിഷ്ഠനും സത്യനിഷ്ഠയുള്ളവനുമാകുമ്പോൾ എല്ലാത്തിനും ഉത്തരം ലഭിക്കും.

7) ഈ ചാക്രികലേഖനം ആഗോളവത്കരണത്തെക്കുറിച്ചും പ്രത്യേകം പഠിപ്പിക്കുന്നു. ആഗോളവത്കരണം നമ്മെ അയൽക്കാരാക്കുന്നു. പക്ഷേ സഹോദരന്മാരാക്കുന്നില്ല, അതായത് കുടുംബക്കാരാക്കുന്നില്ല (19). ആഗോളവത്കരണം ലോകവ്യാപകമായ പരസ്പരാശ്രയത്വമാണ്. അമിതവേഗത്തിൽ അതു പ്രത്യക്ഷപ്പെട്ടു. വികസിതരാജ്യങ്ങളിൽ ആരംഭിച്ചു മറ്റു രാജ്യങ്ങളിലേക്ക് കൊടുങ്കാറ്റുപോലെ വ്യാപിച്ചു. "ലോകത്തിലെ വിവിധ രാഷ്ട്രങ്ങളെ വികസനത്തിന്റെ വഴിയിലേക്കു ക്ഷണിച്ച ചാലകശക്തിയാണ് ആഗോളവത്കരണം. എന്നിരുന്നാലും സത്യത്തിലധിഷ്ഠിതമായ സ്നേഹത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലെങ്കിൽ ഈ ആഗോളശക്തി എന്നത്തെക്കാളുമധികം നാശം വരുത്തിവയ്ക്കും" (33). ആഗോളവത്കരണത്തെ സത്യാധിഷ്ഠിതമായി മനസ്സിലാക്കിയാൽ ലോകസമ്പത്തിന്റെ ഒരു പുനർവിതരണത്തിനു കാരണമാകുമെന്ന് പാപ്പാ സമർത്ഥിക്കുന്നു. അതിന് ഇനിയും വിപുലമായ ഒരു ധാർമ്മികബോധത്തിലേക്ക് സമ്പത്ത് കൈകാര്യം ചെയ്യുന്നവർ



എത്തേണ്ടിയിരിക്കുന്നു. അവിടെയാണ് ഒരു പുതിയ മാനവികത ജനിക്കുന്നത്.

8) സഭയ്ക്ക് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനാവില്ല. മൂന്നു കാര്യങ്ങൾക്ക് സ്ഥായിയായ ഊന്നൽ നൽകുന്നു; മനുഷ്യജീവനോടുള്ള ശ്രദ്ധ; മതസ്വാതന്ത്ര്യത്തിനുള്ള അവകാശം; ഞാനാണ് എന്റെ ദൈവം, എനിക്കു മുകളിൽ ആരുമില്ല എന്ന നിലപാടിനോടുള്ള എതിർപ്പ്. ജീവനെ സംബന്ധിക്കുന്ന വിഷയങ്ങൾ സാമൂഹ്യനീതിയെ ബാധിക്കുന്നതുമാണ്. ജീവന്റെ ആരംഭംമുതൽ സ്വാഭാവിക മരണംവരെ ജീവൻ വിലപ്പെട്ടതാണ് എന്ന സത്യം ഒരിക്കൽക്കൂടി ഊന്നിപ്പറയുന്നു. അധാർമ്മിക കാര്യങ്ങൾ നൈയാമികമായിട്ട് ശരിയാണെന്നു സ്ഥാപിക്കപ്പെടുമ്പോൾ ജനാധിപത്യക്രമങ്ങൾ സ്വേച്ഛാധിപത്യരാഷ്ട്രങ്ങളായിട്ട് അധഃപതിക്കുകയാണ്. ധാർമ്മികമൂല്യങ്ങളെ അറിയാൻ പറ്റാത്തവിധം ചില സംസ്കാരങ്ങളുടെ ഉപസംസ്കാരങ്ങൾ മനുഷ്യനെ അന്ധനാക്കുന്നുണ്ട്. ബനഡിക്ട് പിതാവ് ഒരു പടികൂടി മുന്നോട്ടുപോകുന്നു. ജീവന്റെ സംരക്ഷണം ഒരു ഹ്യൂമൻ എക്കോളജി വളർത്താൻ അത്യന്താപേക്ഷിതമാണെന്ന് സ്ഥാപിക്കുന്നു. ഈ ചാക്രികലേഖനം ഭരണകൂടങ്ങൾക്കും രാഷ്ട്രീയക്കാർക്കുമുള്ള ഒരു താക്കീതു കൂടിയാണ്. അവർക്കാർക്കും ജീവനെ നശിപ്പിക്കുന്ന നിയമങ്ങൾ കൊണ്ടുവരാൻ അവകാശമില്ല. ഓരോ മനുഷ്യന്റെയും ജീവൻ വിലപ്പെട്ടതാണ്. "ജീവനോടുള്ള തുറവി യഥാർത്ഥ പുരോഗതിയുടെ ഹൃദയമാണ്" (28). എന്നും സംരക്ഷിക്കപ്പെടേണ്ട മൂലധനവും മനുഷ്യൻ തന്നെ. മതസ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ ശത്രുവായ നിരീശ്വര പ്രസ്ഥാനത്തെക്കുറിച്ചും പാപ്പാ സംസാരിക്കുന്നു: "രാഷ്ട്രം പ്രായോഗിക നിരീശ്വരവാദം പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും അടിച്ചേൽപ്പിക്കുകയും ചെയ്യുമ്പോൾ പൗരന്മാരിൽനിന്നും സമഗ്രമാനവ വളർച്ചയ്ക്കാവശ്യമായ ശക്തി ചോർത്തിക്കളയുകയാണ്" (29).

9) ആധുനികലോകത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമായ പരിസ്ഥിതി (ecology)ക്ക് ഈ ചാക്രികലേഖനം അസാധാരണമായ മുൻഗണന നൽകുന്നുണ്ട്. പ്രകൃതിയെ ദുരുപയോഗിക്കാൻ പാടില്ല എന്ന് പാപ്പാ ഉറക്കെ പ്രഖ്യാപിക്കുകയാണ്. പ്രകൃതിയെക്കു

റിച്ച് ആദിമസഭയുടെ പിതാക്കന്മാർ അപ്രേമും അംബ്രോസും എല്ലാം എടുത്തുപറഞ്ഞിരുന്നു. അവരുടെ പേരുകൾ എടുത്തുപറയുന്നില്ലെങ്കിലും സമാനമായ ചിന്തകളാണ് പാപ്പാ ഇവിടെ അവതരിപ്പിക്കുന്നത്. "പ്രകൃതി മനുഷ്യൻ സ്വാഭിഷ്ടപ്രകാരം കൈകാര്യം ചെയ്യാനുള്ള ഒരു അസംസ്കൃത വസ്തുവല്ല... പ്രകൃതി കുറെ വസ്തുക്കളുടെ ശേഖരം മാത്രമല്ല. പ്രകൃതിയെ അനാദരിക്കുന്നത് അതിനെ ആക്രമിക്കുന്നതിനു തുല്യമാണ്. അത് മനുഷ്യപ്രകൃതിയുടെ അനാദരിക്കലിലേക്ക് എത്തും. പ്രകൃതി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പദാർത്ഥങ്ങൾകൊണ്ടു മാത്രമല്ല, ആത്മാവുകൊണ്ടുകൂടിയാണ്" (49). പരിസ്ഥിതിക്ക് സഭാത്മകമായ ഒരു വ്യാഖ്യാനം നൽകുകയും അത് സത്യത്തിലും ധാർമ്മികതയിലും ഉറച്ചുനിൽക്കുന്ന മനുഷ്യനുമായിട്ട് ബന്ധിപ്പിക്കുകയുമാണ്. മാനുഷിക പരിസ്ഥിതി എന്ന ഒരു പുതിയ വീക്ഷണംതന്നെ പാപ്പാ ഇവിടെ അവതരിപ്പിക്കുന്നു. "വസ്തുനിഷ്ഠമായ രീതിയിൽ മനസ്സിലാക്കുകയാണെങ്കിൽ നമുക്ക് ആവശ്യമായിരിക്കുന്നത് മാനുഷിക പരിസ്ഥിതി വിജ്ഞാനമാണ് (human ecology). പ്രകൃതിയുടെ നാശം ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് മനുഷ്യനെ ഒന്നിപ്പിച്ചുനിർത്തുന്ന സംസ്കാരവുമായിട്ടാണ്. ഏതു സമൂഹത്തിൽ മനുഷ്യപരിസ്ഥിതി ആദരിക്കപ്പെടുന്നുവോ അവിടെ പ്രകൃതി പരിസ്ഥിതിയും (environmental ecology) ആദരിക്കപ്പെടും" (49). ഇവിടെ ധാർമ്മിക മനസ്സാക്ഷിയെ പാപ്പാ ഒരിക്കൽക്കൂടി ശക്തമായി രംഗത്തുകൊണ്ടുവരുന്നു. "സ്വതന്ത്രമായ ജീവിതത്തിനും സ്വാഭാവികമായ മരണത്തിനുമുള്ള അവകാശം ഹനിക്കപ്പെടുകയും ഗർഭധാരണവും ജനനവുമെല്ലാം കൃത്രിമമാകുകയും മനുഷ്യഭ്രൂണങ്ങൾ ഗവേഷണങ്ങൾക്കായി ബലികഴിക്കപ്പെടുകയും ചെയ്യുമ്പോൾ അവിടെ സമൂഹമനസ്സാക്ഷി എത്തിനിൽക്കുന്നത് മാനുഷിക പരിസ്ഥിതിയും പ്രകൃതിപരിസ്ഥിതിയും നഷ്ടമാകുന്നിടത്താണ്" (49). പരിസ്ഥിതി എല്ലാവർക്കുമുള്ള ദൈവത്തിന്റെ ദാനമാണ്. പ്രകൃതിയിലൂടെ ദൈവം സംസാരിക്കുന്നുണ്ട്. പ്രകൃതി സത്യത്തിന്റെയും സ്നേഹത്തിന്റെയും ഒരു ക്രമമാണ് വെളിപ്പെടുത്തുന്നത്. പ്രകൃതി, ലോകം സ്രഷ്ടാവിന്റെ സമ്മാനമാണ്. അവശിഷ്ടങ്ങളുടെ കൂമ്പാരമല്ല. പ്രകൃതി മനോഹരമായ ഒരു പുസ്തകമാണ്.



10) 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനത്തിലൂടെ പരിശുദ്ധ പിതാവ് ശരിക്കും മർമ്മത്തിലാണ് പിടിച്ചിരിക്കുന്നത്. പ്രശ്നങ്ങളുടെ അടിസ്ഥാന കാരണങ്ങളാണ് പാപ്പാ അന്വേഷിക്കുന്നത്. സത്യത്തിലും ധാർമ്മികതയിലും വേരോടിയ ഒരു ക്രൈസ്തവ മാനവികതയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മനുഷ്യന്റെ പൊതുനന്മയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുന്നു. സഭയുടെ സാമൂഹ്യപ്രബോധനങ്ങളിൽ ഉൾച്ചേർക്കപ്പെടുന്ന എല്ലാ ക്ലാസ്സിക്കൽ വിഷയങ്ങളും ഇവിടെയുമുണ്ട്. അത്തരത്തിൽ ഏറെ സങ്കീർണ്ണമായ സ്വാഭാവവും ഈ പഠനരേഖയ്ക്കുണ്ട്. തൊഴിലാളികൾ, കൃഷിക്കാർ, ടൂറിസ്റ്റുകൾ, പ്രവാസികൾ തുടങ്ങി ഒട്ടനവധി വിഷയങ്ങൾ ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്. സാമൂഹ്യനീതിയും പൊതുനന്മയും ഊന്നിപ്പറഞ്ഞിട്ടുണ്ട്. പരിസ്ഥിതിയും സാങ്കേതികവിദ്യയും അടിസ്ഥാന വിഷയങ്ങളായിട്ടു പരിഗണിച്ചത് ഏറെ നന്നായി. എല്ലാറ്റിനേയും കൂട്ടിയോജിപ്പിക്കുന്ന ഒരു ചിന്തയും ഭാഷയും ഉടനീളം കാണാം. ദ്വൈധ(binary)സ്വഭാവമുള്ള പദപ്രയോഗങ്ങൾ - ഉദാ. ക്യാപ്പിറ്റലിസം, സോഷ്യലിസം; മുതലാളി തൊഴിലാളി; സമ്പന്നർ ദരിദ്രർ തുടങ്ങിയവ - കഴിവതും ഉപേക്ഷിക്കുകയും ഇവ തമ്മിലുള്ള പാരസ്പര്യത്തിന് ഊന്നൽ കൊടുക്കുകയും ചെയ്യുന്നു. ലോകത്തിലെ എല്ലാ മനുഷ്യരോടും എല്ലാ പ്രശ്നങ്ങളോടും തുറവിയുള്ള ഒരു പ്രബോധനമാണിത്. അക്കാരണത്താൽത്തന്നെ അതിന് സാമൂഹികമാനം കൂടുതലായിട്ടുണ്ട്. ഇംഗ്ലീഷ് ലോകത്തിന്റെ സ്വാധീനം കൂടുതലായിട്ടുണ്ട്. സാമ്പത്തികശാസ്ത്രം കൂടുതലായി വളർത്തുന്നതും സമ്പദ്ഘടനയുടെ ഘടന രംഗത്തുകൊണ്ടുവന്നതും ഇംഗ്ലീഷ് ലോകമാണല്ലോ. യൂറോപ്പിന്റെ പ്രത്യേകമായ പശ്ചാത്തലങ്ങളെല്ലാം കൂടുതലായി പരിഗണനയിലെടുത്തിട്ടുണ്ട്. സാമ്പത്തികമാന്ദ്യത്തിനുള്ള ഉത്തരം അന്വേഷിക്കുന്നതുകൊണ്ട് മറ്റു വൻകിടരാഷ്ട്രങ്ങളുടെ പ്രശ്നങ്ങളും ഈ പഠനം പരിഗണനയ്ക്കെടുത്തിട്ടുണ്ട്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കുന്നവരുടെ നേർക്ക് ശക്തമായ താക്കീതാണ് പാപ്പാ നൽകുന്നത്. "സാമ്പത്തിക രാഷ്ട്രീയനേതാക്കന്മാരുടെ പ്രവൃത്തികളിൽ അഴിമതിയും നിയമനിഷേധവും പകൽപോലെ വ്യക്തമാണ്" (22). തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുന്നവരുടെ കൂട്ടത്തിൽ കുത്തകകമ്പനികളും ചെറുകിട ഉൽപാദകരുമുണ്ട്.

(ഓഗസ്റ്റ് 9, 16 തീയതികളിലെ സൺഡേ ദീപികയിൽ പ്രസിദ്ധീകരിച്ചത്)

ലേഖനം

# അനുസ്മരണാ നാണയവും ജന്മശതാബ്ദിയും

*ബിഷപ് ജോസഫ് കല്ലറങ്ങാട്ട്*
*പാലാ രൂപതാ മെത്രാൻ*

ഒരു രാജ്യത്തെ സംബന്ധിക്കുന്ന സുപ്രധാന സംഭവങ്ങളെ അനുസ്മരിക്കാനാണ് സ്മാരക നാണയങ്ങൾ സർക്കാർ പുറത്തിറക്കുന്നത്. രാജഭരണം നിലനിന്നിരുന്ന കാലത്ത് പുതിയ രാജാവ്/രാജ്ഞി സ്ഥാനമേൽക്കുമ്പോൾ നാണയം പുറത്തിറക്കുന്ന കീഴ്‌വഴക്കമുണ്ടായിരുന്നു. വിശുദ്ധപദവി പ്രഖ്യാപനത്തോടെ സാർവ്വത്രികസഭ അൽഫോൻസാമ്മയെ ബഹുമാനിച്ചു. ആ വിശുദ്ധയുടെ പ്രതിച്ഛായ വഹിക്കുന്ന നാണയം ഇറക്കുന്നതോടെ ഭാരതം ആ സന്യാസിനിയെ അപൂർവ്വ വാത്സല്യത്തോടെ ആദരിക്കുകയാണ്. അവരുടെ വിശുദ്ധിയെക്കുറിച്ച് ഒരു ദേശീയാവബോധം സൃഷ്ടിക്കുകയാണ് വാസ്തവത്തിൽ നമ്മുടെ സർക്കാർ ചെയ്യുന്നത്. ഭാരതത്തിലെ സമസ്തജാതികളിലും സംസ്കാരങ്ങളിലും വളരാൻ പോകുന്ന ഒരു കൽപവൃക്ഷമായി അൽഫോൻസാമ്മ മാറുകയാണ്. കാരണം ഭാരതം തന്റെ അംഗീകാരമുദ്ര നൽകുകയാണ്. സ്വർഗ്ഗസിംഹാസനത്തിൽ ഖചിതമായിരിക്കുന്ന വിശുദ്ധിയുടെ ആ "സ്വർണ്ണവിഗ്രഹത്തിന്" ഭാരതം ഒരു കീർത്തിമുദ്ര ചാർത്തുകയാണ്. നാണയങ്ങൾ ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങൾ വെളിവാക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഭാരതത്തിന്റെ മതേതര-മതസൗഹാർദ്ദ പാരമ്പര്യങ്ങൾ ഊട്ടിയുറപ്പിക്കുവാൻ ഈ സ്മാരകനാണയത്തിനു കഴിയും. സത്യപ്രകാശത്തെ കാംക്ഷിക്കുന്ന ഒരു ജനവിഭാഗം എന്ന അർത്ഥം നൽകുന്ന ഭാരതം എന്ന വാക്കിന്റെ അർത്ഥം അനശ്വരമാക്കാനുള്ള മാറ്റൊരു അവസരം കൂടിയാണിത്. 'ഭാരത'ത്തിന്റെ ഈ അർത്ഥഗരിമ എടുത്തുകാണിക്കുന്ന ഈ മഹത്സംഭവം നമ്മെ പഠിപ്പിക്കുന്നത് വിശുദ്ധ ജീവിതം മതത്തിന്റെ മാത്രമല്ല, രാജ്യത്തിന്റെയും കാതലാണ് എന്നാണല്ലോ. ഭാരതസംസ്കാരത്തിന്റെ തെളിനീരാണ് ഇവിടെ ഒഴുകുന്നത്. ആ വിശുദ്ധ രൂപത്തെ ഭാരതം സ്വീകരിക്കുമ്പോൾ ഭാരതീയരായ നമുക്ക് സത്യത്തിന്റെയും ലാളിത്യത്തിന്റെയും അയൽപക്കബന്ധത്തിന്റെയും പന്ഥാവ് തിരിച്ചറിയാൻ കഴിയണം. അത്തരത്തിൽ ഭൗതികമൂല്യത്തെ അതിലംഘിക്കുന്ന ഒരു കൽപിത മൂല്യമുണ്ട് നാണയത്തിനും. വിശ്വാസങ്ങൾക്കും സദാചാരങ്ങൾക്കും വന്ന ക്ഷയം മനസ്സിലാക്കാൻ ഈ വിശുദ്ധ നാണയം ഉപകാരപ്പെടും. രാഷ്ട്രസംവിധാനങ്ങളിൽ ജനങ്ങൾക്ക് ആഴമുള്ള വിശ്വാസമുണ്ടാകുവാനും ഇത്തരം സംരംഭങ്ങൾ ഇടയാക്കും. വൈവിധ്യംനിറഞ്ഞ ഒരു ജനതയെ കോർത്തിണക്കുന്ന സ്വർണ്ണനൂലാണ് നാണയങ്ങൾ. ഒരു രാജ്യത്തിലെ ഐക്യത്തിന്റെ കാതൽ ഒരു പരിധിവരെ നാണയത്തിലാണ്. പൊതുജീവിതത്തിന് വിശുദ്ധിയുടെ നിറം പകരുവാനും ഈ സ്മാരകനാണയത്തിനു കഴിയും.

ഈശോയുടെ പ്രഘോഷണത്തിൽ നാണയത്തിനു സുപ്രധാനമായ ഒരു സ്ഥാനമുണ്ടെന്ന് വിശുദ്ധ സുവിശേഷങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ ഒരു നാണയം നഷ്ടപ്പെട്ട സ്ത്രീ വിളക്കു കൊളുത്തി, അടിച്ചുവാരി, അതു കിട്ടുവോളം ഉത്സാഹത്തോടെ അന്വേഷിക്കുന്നതായി നാം കാണുന്നു. വലിയ ഒരു പ്രയത്നത്തിലൂടെ അവൾ അത് കണ്ടെത്തുകയാണ്. ആ സ്ത്രീ സഭയാണ്. തന്റെ ഏറ്റവും വിലപ്പെട്ട നാണയമായ ഈശോയെ അന്വേഷിച്ചു കണ്ടെത്തുന്നു. അത് നാമോരോരുത്തരുമാണ്. നിസ്സായിലെ വിശുദ്ധ ഗ്രിഗറി പറയുന്നു: "ആദ്യമായി തിരി തെളിക്കുക, അതായത് മറഞ്ഞിരിക്കുന്ന യാഥാർത്ഥ്യങ്ങളെ വെളിച്ചത്തുകൊണ്ടുവരുന്ന വചനത്തിന്റെ, അല്ലെങ്കിൽ മനസ്താപത്തിന്റെ തിരി. സ്വന്തം വീട്ടിൽ അതായത് സ്വന്തം മനസ്സാക്ഷിയിൽ കത്തിക്കേണ്ട തിരിയാണത്. ഈ പ്രയത്നംവഴി മാത്രമേ പാപത്തിന്റെ കറയിലും പൊടിയിലും പെട്ടുകിടക്കുന്ന ദൈവികഛായയെ മിനുക്കിയെടുക്കാൻ പറ്റൂ. ദൈവത്തിന്റെ മുമ്പിൽ തന്നിലുള്ള ദൈവഛായയാകുന്ന നാണയത്തെ കണ്ടെത്താ

നാണ് തിരി തെളിക്കുന്നതും അടിച്ചുവാരുന്നതും ഉത്സാഹത്തോടെ അന്വേഷിക്കുന്നതും." ഇതാണ് അൽഫോൻസാമ്മയുടെ ജീവിതത്തിൽ സംഭവിച്ചത്.

വിധവ നേർച്ചപ്പെട്ടിയിലിട്ട ചെറുനാണയത്തെയും (ലൂക്കാ 21:1-4) ഈശോ ഏറെ പ്രശംസിക്കുന്നു. ആ വിധവയിലും നാണയത്തിലും വി. അൽഫോൻസാമ്മയുടെ ജീവിതം ഒളിഞ്ഞിരിക്കുന്നു.ആ വിധവയിൽ, എല്ലാം പുത്രനു നൽകിയ പിതാവായ ദൈവത്തിന്റെ ഒരു നിഴൽ രൂപമുണ്ട്, എല്ലാം നമുക്കുവേണ്ടി സമർപ്പിച്ച ഈശോയുടെ ഐക്കൺ ആണ് ആ സ്ത്രീ. വലിയ മൂലധനം മുടക്കി ഈശോയുടെ ശിരസ്സിൽ നാർദ്ദീൻ തൈലം പകർന്ന മറിയത്തിന്റെ നിഴലും അവളിലുണ്ട്; മാനുഷിക വാക്കുകളിൽ പറഞ്ഞാൽ ഒരു പരിധിവരെ സഭയും വിധവയാണ്. സ്വർഗ്ഗീയ മണവാളനെ പ്രതീക്ഷിച്ച്, നാഥാ വന്നാലും എന്നു പറഞ്ഞു പ്രാർത്ഥിക്കുന്ന സഭയുടെ പ്രതീകവുമാണ് ഈ സ്ത്രീ. സുവിശേഷജ്ഞാനത്തിന്റെ വ്യക്തിഗതരൂപവും കൂടിയാണവൾ. ആരും കാണരുതേ എന്നു കരുതി എറിഞ്ഞ രണ്ടു ചെമ്പുനാണയങ്ങൾ ചെന്നു വീണത് ഈശോയാകുന്ന നേർച്ചപ്പെട്ടിയിലാണ്. ഈശോ തന്നെ അത് അളന്നുതിട്ടപ്പെടുത്തി. അതിനുശേഷം പറഞ്ഞു: "ഇവളാകട്ടെ, തന്റെ ദാരിദ്ര്യത്തിൽനിന്ന്, ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു." മറ്റുള്ളവരൊക്കെ അവരുടെ സമൃദ്ധിയിൽനിന്നും സംഭാവന ചെയ്തത് മാത്രമേയുള്ളു. ഇവൾ മുഴുവനും കൊടുത്തു. മറ്റുള്ളവർ കാതലായിട്ട് ഉള്ളതൊന്നും നൽകിയില്ല. "നിങ്ങൾക്ക് ഒരു കുറവുണ്ട്" എന്നു കർത്താവ് തീർച്ചയായും ഇവരോടും പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ കൊടുക്കാതിരുന്നതിന്റെ അളവാണ് കർത്താവ് ശ്രദ്ധിച്ചത്. വി. അൽഫോൻസാമ്മയുടെ ജീവിതം വിശദീകരിക്കാൻ ഇതിനേക്കാൾ നല്ല സുവിശേഷഭാഗം വേറൊന്നുമില്ല.

അൽഫോൻസാ സ്മാരകനാണയത്തെ നോക്കി കർത്താവ് നമ്മോടും ചോദിക്കും: "ഇതിലെ ലിഖിതവും രൂപവും ആരുടേതാണ്" (ലൂക്കാ 20:24). അൽഫോൻസാമ്മയുടേത് എന്നു നമ്മൾ ഉത്തരം



പറയും. അപ്പോൾ കർത്താവു പറയും: "ഇത് എന്റെതന്നെ ലിഖിതമാണല്ലോ. അവൾ പൂർണ്ണമായും ദൈവത്തിനു നൽകപ്പെട്ടവളാണല്ലോ." ദൈവത്തിനുള്ളത് ദൈവത്തിനു നല്കാൻവേണ്ടി, അതായത് ദൈവത്തിനുള്ളത് സീസറിന് കൊടുക്കാതിരിക്കാൻവേണ്ടി പരിശ്രമിച്ചതിന്റെ ചരിത്രമാണല്ലോ വിശുദ്ധരുടെയും രക്തസാക്ഷികളുടേയും.

വിശുദ്ധ അൽഫോൻസാമ്മയുടെ ജനനത്തിന്റെ 100-ാം വർഷത്തിന്റെ ആത്മീയാഘോഷങ്ങളുടെ ഔദ്യോഗികമായ ആരംഭവും ഇവിടെ കുറിക്കുകയാണ്. ദൈവവിചാരമുള്ള ഏവരുടെയും മനസ്സിലെ വലിയ ഒരു ഓർമ്മയാണ് വി. അൽഫോൻസാമ്മ. നമ്മെ സംബന്ധിച്ചിടത്തോളം വിശ്വാസ സത്യങ്ങളുടെ മിഴിവാർന്ന പല ഘടകങ്ങളും ഓർമ്മകളുടെ ഓർമ്മയാണ്. ഈശോ തന്നെയും പിതാവിന്റെ ഓർമ്മയാണ്. വി. കുർബാനയും സഭയും ഈശോയുടെ ഓർമ്മയാണ്. കൂദാശകളെല്ലാം സഭയുടെ ഓർമ്മയാണ്. വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും തനിമയും ഇതുതന്നെ. അൽഫോൻസാമ്മയുടെ ജനനശതാബ്ദി നമ്മൾ ആചരിക്കുമ്പോൾ ആ വിശുദ്ധ, സുവിശേഷത്തെയും ഈശോയെയും നമുക്കുവേണ്ടി എപ്രകാരം വ്യാഖ്യാനിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്തു എന്നതിന്റെ ഓർമ്മയായിരിക്കണം അത്. സ്വജീവിതംകൊണ്ട് സുവിശേഷത്തെ വ്യഖ്യാനിച്ച വിശുദ്ധയുടെ ഓർമ്മയാണ് നമ്മൾ ആചരിക്കേണ്ടത്. സുവിശേഷത്തിന്റെ അന്തർധാര മനസ്സിലാക്കി ക്രിസ്തീയതയുടെ അടിവേരുകളിലേക്ക് എത്താനുള്ള പരിശ്രമമായിരിക്കണം ഈ ശതാബ്ദി ആഘോഷം. ദൈവത്തിന്റെ പരിശുദ്ധിയെ ലോകത്തിനു പരിചയപ്പെടുത്തി അൽഫോൻസാമ്മ, നമ്മിലോരോരുത്തരിലുമുള്ള ദൈവഛായ എന്ന വിശുദ്ധ നാണയത്തെ കണ്ടെത്തുവാൻ, കണ്ടെത്തുമ്പോൾ ദൈവസാമീപ്യം അനുഭവിക്കുന്നവരുടെ ആനന്ദം പങ്കുവയ്ക്കുവാനും നമ്മെ ക്ഷണിക്കുകയാണ്.

**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് 2009 സെപ്റ്റംബർ 23-ാം തീയതി അൽഫോൻസാമ്മയുടെ ജന്മശതാബ്ദി നാണയപ്രകാശന ആഘോഷ ഉദ്ഘാടനവേളയിൽ അൽഫോൻസാനഗറിൽ നടത്തിയ അദ്ധ്യക്ഷപ്രസംഗം**

*Honourable Pranab Mukherjee, രാഷ്ട്രത്തിന്റെയും സഭയുടെയും അദ്ധ്യക്ഷൻമാരായിട്ട് വേദിയലങ്കരിക്കുന്ന വിശിഷ്ടവ്യക്തികളേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,*

അൽഫോൻസാ നഗറിൽ വളരെ പെട്ടെന്ന് വീണ്ടും നാം ഒന്നിച്ചുചേരുമ്പോൾ തീവ്രമായ വികാരങ്ങളുടെ നദിപ്രവാഹം നമ്മുടെയെല്ലാം മനസ്സുകളിലുണ്ട്. 'തത്വജ്ഞാനികളുടെ രാജാവ്' എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണൻ ഭാരതത്തിന്റെ പ്രസിഡന്റായപ്പോൾ ലോകപ്രസിദ്ധ ദാർശനികനായ ബർട്ടിനാന്റ് റസ്സൽ പ്രസ്താവിച്ചു. ദാർശനികൻ ഭരണാധികാരിയാകുമ്പോൾ രാഷ്ട്രം ഔന്നത്യം പ്രാപിക്കുന്നു എന്ന്. മതാത്മകജീവിതത്തിലും ഇത് ശരിയാണ്. ഭാരതത്തിന് ഒരു വിശുദ്ധയെ കിട്ടിയപ്പോൾ കോടിക്കണക്കിന് ഭാരതീയർ സ്വർഗ്ഗത്തിലേക്കു നോക്കുവാൻ തക്കവിധം ആന്തരികപ്രേരണ നൽകിയപ്പോൾ ആത്മീയജീവിതത്തിന് ശ്രേഷ്ഠമായ ഔന്നത്യം നാം നേടിക്കഴിഞ്ഞു. യൂറോപ്യൻ രാജ്യങ്ങളിൽ ഇക്കഴിഞ്ഞ ഏതാനും മാസങ്ങൾകൊണ്ട് ഒരു അൽഫോൻസാതരംഗം തന്നെ ഉണ്ടായിട്ടുണ്ട്. അഹംഭാവം ഇല്ലാത്ത മനസ്സുകളിലാണ് ഈശ്വരൻ ജനിക്കുന്നത് എന്നുപറഞ്ഞ ശ്രീരാമകൃഷ്ണപരമഹംസന്റെ വാക്കുകൾക്ക് സാംക്രമികത ഏറിയിരിക്കുകയാണിവിടെ. ഭാരതത്തിന്റെ സംസ്കാരത്തെ ഏറ്റവുമധികം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന രണ്ടു വ്യക്തികളാണ് കേന്ദ്രമന്ത്രി പ്രണബ് മുഖർജിയും മുൻരാഷ്ട്രപതി ഡോ. എ. പി.ജെ. അബ്ദുൾ കലാമും. ഇത്രമാത്രം ശ്രദ്ധേയരായ രണ്ടു വ്യക്തികളെ സമകാലിക ഭാരതം കണ്ടിട്ടില്ല. സിംഹഹൃദയവും ഉരുക്കിനു സമാനമായ ഇച്ഛാശക്തിയും രാഷ്ട്രീയനിശ്ചയദാർഢ്യവുംകൊണ്ട് ആധുനിക ഇന്ത്യാചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്ന ഇവർ സമസ്തഭാര



തീയരേയും കോർത്തിണക്കുന്ന ഏക മനസ്സിന്റെ പ്രതീകങ്ങളാണ്. ഈ രണ്ടു മഹത്വ്യക്തികളേയും ഭരണങ്ങാനത്തേക്ക് എത്തിക്കുവാൻ കഴിഞ്ഞു എന്നതാണ് അൽഫോൻസാമ്മ effect എന്നു നമുക്കറിയാം.

ഡോ. സി.വി. രാമന്റെ രാമൻ ഇഫക്ട് നമുക്കൊക്കെ പരിചിതമാണല്ലോ. ഏകവർണ്ണപ്രകാശം സുതാര്യമായ ഏതെങ്കിലും പദാർത്ഥങ്ങളിലൂടെ കടത്തിവിട്ടാൽ വ്യത്യസ്ത നിറത്തോടുകൂടി രശ്മികൾ പുറപ്പെടുവിക്കുന്നു എന്നതാണല്ലോ രാമൻ ഇഫക്ട്. അൽഫോൻസാമ്മയുടെ ചൈതന്യം നമ്മുടെ ഹൃദയലെൻസിൽക്കൂടി കടത്തിവിട്ടാൽ അപൂർവ്വസവിശേഷതകൾ നിറഞ്ഞ പെരുമാറ്റശൈലികളുടെ നിറങ്ങൾ മറ്റുള്ളവർ നമ്മിൽ കാണും. ഈ അൽഫോൻസാ ഇഫക്ടിനു വേണ്ടിയാണ് ഇന്നത്തെ നാണയ പ്രകാശനവും ജന്മശതാബ്ദി ആഘോഷവും. അൽഫോൻസാമ്മയുടെ പ്രതിച്ഛായ വഹിക്കുന്ന നാണയങ്ങളിറക്കുന്നതോടെ ഭാരതം ആ സന്യാസിനിയെ അപൂർവ്വ വാത്സല്യത്തോടെ ആദരിക്കുകയാണ്; രാജ്യത്തിന്റെ അംഗീകാരമുദ്ര ചാർത്തുകയാണ്. ഭാരതത്തിന്റെ മതേതര മതസൗഹാർദ്ദ പാരമ്പര്യങ്ങൾ ഊട്ടിയുറപ്പിക്കുവാൻ ഈ സ്മാരക നാണയത്തിനു കഴിയും. ഭാരതം എന്ന വാക്കിന്റെ അർത്ഥഗരിമ മുഴുവനും എടുത്തുകാണിക്കുന്ന ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത് വിശുദ്ധജീവിതം മതത്തിന്റെ മാത്രമല്ല രാജ്യത്തിന്റെയും കാതലുകൂടിയാണ് എന്നത്രെ. വൈവിദ്ധ്യം നിറഞ്ഞ ഒരു ജനതയെ കോർത്തിണക്കുന്ന സ്വർണ്ണനൂലാണ് നാണയങ്ങൾ. പൊതുജീവിതത്തിന് വിശുദ്ധിയുടെ നിറം പകരുവാനും വിശുദ്ധിയെക്കുറിച്ച് ഒരു ലോക അവബോധം സൃഷ്ടിക്കുവാനും ഈ സംഭവത്തിനു സാധിക്കും. ഭാരതത്തിന്റെ സാംസ്കാരിക വിശുദ്ധിയുടെയും മതേതരസ്വഭാവത്തിന്റെയും ഏറ്റവും വലിയ ഓർമ്മയായി എക്കാലവും ഇതു ജ്വലിച്ചുനിൽക്കും. ഇന്ന് വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. അൽഫോൻസാമ്മ ആമുഖം ആവശ്യമില്ലാത്ത വ്യക്തിയായി മാറിക്കഴിഞ്ഞു. ദൈവത്തിന്റെ വിശുദ്ധിയെ സ്വന്തം ജീവിതത്തിലൂടെ ലോകത്തിന് പരിചയപ്പെടുത്തിയതുമൂലമാണിത്. ഋഷിമാരുടെയും മുനിമാരുടെയും ആത്മീയവഞ്ചിയായ ഭാരതത്തിന്റെ ആത്മീയനഭസ്സിൽ അൽഫോൻസാമ്മ ഒളിമങ്ങാതെ ശോഭിക്കുകയാണ്. വി.

ആഗസ്തീനോസിന്റെ വാക്കുകളിൽ പറഞ്ഞാൽ ദൈവത്തിന്റെ പട്ടണം പണിയാൻ ചെത്തിയൊരുക്കപ്പെട്ട ഒരു സജീവശിലയായി അൽഫോൻസാമ്മ മാറി. കുരിശാകുന്ന യന്ത്രമുപയോഗിച്ചാണ് എന്നെ വെട്ടി ഒരുക്കിയതെന്ന് അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ വാക്കുകൾ അൽഫോൻസാമ്മയുടെ ജീവിതത്തിൽ പുനർജനിക്കുന്നതു പോലെ നമുക്കു തോന്നും. ഒരു മിസ്റ്റിക്കിന്റെ ദൈവാനുഭവത്തോടെ സഹനത്തിന്റെ മാഗ്നിഫിക്കാത്തു പാടിയ അൽഫോൻസാമ്മയിൽ വിശുദ്ധരുടെ ഇടയിൽത്തന്നെ വേദപാരംഗതരായിട്ട് വേറിട്ടുനിൽക്കുന്ന 33 ശ്രേഷ്ഠ വിശുദ്ധരുടെ വിത്തുകളും ഒളിഞ്ഞുകിടപ്പുണ്ട് എന്നു നമുക്കറിയാം. വാഴ്ത്തപ്പെട്ട മദർ തെരേസ ഒരിക്കൽ പറഞ്ഞു: 'എന്റെ ദീർഘകാല പ്രവർത്തനത്തിനിടയിൽ ഞാനൊരു സത്യം കണ്ടെത്തി. ഏറ്റവും മാരകമായ രോഗം കുഷ്ഠമോ, ക്ഷയമോ അല്ല. അനാഥത്വമാണ്. അൽഫോൻസാമ്മ ഈ ജന്മശതാബ്ദിയിൽ നമ്മോടു പറയുന്നുണ്ട്. ഏറ്റവും വലിയ രോഗം അനാഥത്വം തന്നെയാണ്. അതിന്റെ രണ്ടു കൈവഴികളാണ് ആഡംബരവും മനുഷ്യന്റെ സ്നേഹക്കുറവും. ധാരാളത്തിലൂടെയാണ് ഹൃദയമരുഭൂമികൾ ജനിക്കുന്നതും പൊലിയുന്നതും. ആത്മീയനഭസ്സിലെ ഹിമാലയവും മഹാസമുദ്രവുമാണ് അൽഫോൻസാമ്മ. ആ മല കയറുകയും തീർത്ഥത്തിൽ ഇറങ്ങുകയും ചെയ്യുന്ന നമുക്ക് ശ്വാസതടസ്സം ഉണ്ടായേക്കാം. അതിനുള്ള വെല്ലുവിളി വിശുദ്ധി എന്റെ ജന്മാവകാശമാണ്, അതു ഞാൻ നേടിയെടുക്കും എന്ന നിശ്ചയദാർഢ്യത്തോടെ പൊരുതിയ അൽഫോൻസാമ്മയുടെ ജീവിതശൈലിയുടെ അനുകരണം മാത്രമാണ്. സമസ്തഭാരതീയനും ഒരു ആത്മീയദേശീയഗാനമായി അൽഫോൻസാമ്മയെ ഹൃദയത്തിൽ ഏറ്റുവാങ്ങുവാൻ ഈ ജന്മശതാബ്ദിവർഷാഘോഷങ്ങൾ സഹായിക്കട്ടെ. വിശുദ്ധരുടെയും വിശുദ്ധിയുടെയും പരിശുദ്ധിയുടെയും പാഠശാലയായ ഈ വിശുദ്ധ വനിത നമ്മുടെ മനസ്സുകളിൽ കെടാത്ത ആത്മാവായി നിൽക്കട്ടെ.



# Collections - 2009

| PARISH | BIBLE SUNDAY | HOLYCHILD HOOD | HOLY LAND | HUNGER &DISEASE | PETERS PENCE |
|---|---|---|---|---|---|
| ADIVARAM | 1000.00 | 1500.00 | | 2000.00 | 1500.00 |
| ADUKAM | 350.00 | 350.00 | 550.00 | 350.00 | 350 |
| AIMCOMBU | 498.00 | 2162.00 | 2150.00 | 1458.00 | 510.00 |
| ALPHONSAGIRI | | 500.00 | 500.00 | 500.00 | |
| ALPHONSAPURAM, AYAMKUDY | 780.00 | 350.00 | 1245.00 | 475.00 | 400.00 |
| AMPARANIRAPPEL | | 750.00 | 1500.00 | 1750.00 | 1000.00 |
| ANTHIALAM | 1170.00 | 815.00 | 2400.00 | 1400.00 | 976.00 |
| ANTHINADU | 1000.00 | 1000.00 | 4000.00 | 1000.00 | 1000.00 |
| ARAKULAM NEW | | 2865.00 | 4735.00 | 3750.00 | 4700.00 |
| ARAKULAM OLD | 1500.00 | 500.00 | 3000.00 | 1000.00 | 1500.00 |
| ARUNAPURAM | | 500.00 | 3200.00 | 500.00 | |
| ARUNOOTTIMANGALAM | 2081.00 | 1117.00 | 6350.00 | | 1404.00 |
| ARUVITHURA | 10110.00 | 7755.00 | 16490.00 | 29365.00 | 18494.00 |
| AYYAMPARA | 1000.00 | 700.00 | 1900.00 | 2100.00 | 1200.00 |
| BHARANANGANAM FORANE | 4750.00 | 6845.00 | 7615.00 | 12230.00 | 10155.00 |
| CHAKKAMPUZHA | | 1118.00 | 3225.00 | 1200.00 | 1024.00 |
| CHEMMALAMATTAM | 3500.00 | 4705.00 | 5855.00 | 18850.00 | 3600.00 |
| CHEMPILAVU | 1000.00 | 500.00 | 1490.00 | 1480.00 | 900.00 |
| CHENNAD | 350.00 | 350.00 | 1800.00 | | 350.00 |
| CHERPUMKAL FORANE | 7003.00 | 6842.00 | 10511.00 | 13536.00 | 12255.00 |
| CHETTUTHODU | | | 3710.00 | 4448.00 | 1714.00 |
| CHITTAR | 620.00 | 900.00 | 2150.00 | 2450.00 | 1050.00 |
| CHOLATHADAM | | 250.00 | 1500.00 | | 300.00 |
| CHOONDACHERY | | | 1000.00 | 500.00 | 1000.00 |
| EDADU | 500.00 | 500.00 | 1200.00 | 500.00 | 500.00 |
| EDAMARUKU | 1200.00 | 1330.00 | 3010.00 | 2500.00 | 1200.00 |
| EDAMATTAM | 810 | 955.00 | 6352.00 | 1030.00 | 950.00 |
| EDAPPADY | 500.00 | 101.00 | 1350.00 | 1700.00 | 1200.00 |
| ELAMTHOTTAM | 2010.00 | 3000.00 | 2283.00 | | 1870.00 |
| ELANJI FORANE | 2942.00 | | 7287.00 | 6200.00 | 4100.00 |
| ELAPPALLY | | | | | |
| EZHACHERRY | 784.00 | 892.00 | 2243.00 | | 825.00 |
| FATHIMAPURAM | 1350.00 | 1680.00 | 3500.00 | 1850.00 | 2140.00 |
| GAGULTHA,MATTATHIPARA | 1200.00 | | 1001.00 | 500.00 | 1000.00 |
| GEOVALLY,(ELIVALY) | 1360.00 | 1325.00 | 2705.00 | 2253.00 | 1607.00 |
| JAIGIRI | | 1020.00 | 2959.00 | 2076.00 | 600.00 |
| JOSE MOUNT (ILLIARY) | | | 820.00 | 425.00 | 530.00 |
| JOSEGIRI, MUTHOLAPURAM | | 200.00 | | 250.00 | |
| KADANAD | 3112.00 | 3587.00 | 7192.00 | 4920.00 | 3602.00 |
| KADAPLAMATTAM | 2200.00 | 1650.00 | 4000.00 | 2000.00 | 1600.00 |
| KADUTHURUTHY | | | 15100.00 | | |
| KAIPPALLY | 500.00 | | 1500.00 | 803.00 | 1100.00 |

| | | | | | |
|---|---|---|---|---|---|
| KAKKOOR | 1055.00 | 750.00 | 4000.00 | 1300.00 | 1500.00 |
| KAKOMBU,ELLUMPURAM | | 300.00 | 300.00 | 500.00 | |
| KALATHOOKADAVU | | 465.00 | 2280.00 | | 2215.00 |
| KALATHOOR | 445.00 | | 2700.00 | | 500.00 |
| KALIKAVU,VEMPALLY | 900.00 | 785.00 | | 1500.00 | 3505.00 |
| KANJIRAMATTAM | 2800 | 2750.00 | 6500.00 | 4800.00 | 3500 |
| KANJIRATHANAM | 4180.00 | 2810.00 | 10995.00 | 6535.00 | 5366.00 |
| KARIMPANY | 2000.00 | | | | |
| KAROOR | 2232.00 | 1270.00 | 4156.00 | 4220.00 | 1880.00 |
| KATTAMPAK | | 300.00 | 1500.00 | 1100.00 | |
| KAVALY,THALUMKAL | 427.00 | 603.00 | 1684.00 | 653.00 | 1001.00 |
| KAVEEKUNNU | | 1050.00 | | 1210.00 | |
| KAVUMKANDAM | 2400.00 | | 2100.00 | 1750.00 | 2000.00 |
| KAYYOOR | | | | | |
| KEEZHOOR | 773.00 | 700.00 | | 1300.00 | 814.00 |
| KIZHAPARAYAR | 1000.00 | 840.00 | 1650.00 | 1125.00 | 1100.00 |
| KIZHATHADIYOOR, PALAI | 2100.00 | | 5030.00 | | 2449.00 |
| KONDAD, KOODAPALAM | 1570.00 | 500.00 | 2470.00 | | 1401.00 |
| KOODALLOOR | | 1960.00 | 6300.00 | 6500.00 | 3500.00 |
| KOOTHATTUKULAM | 500.00 | 500.00 | 4000.00 | 500.00 | 500.00 |
| KOOTTIKAL | | 1600.00 | 2954.00 | 1730.00 | |
| KOTHANALLOOR | 1500.00 | | 5000.00 | 6000.00 | 4206.00 |
| KOZHUVANAL | | | 5000.00 | 2500.00 | |
| KUDAKKACHIRA | 2075.00 | 2155.00 | 3800.00 | 3600.00 | 3260.00 |
| KUDAYATHOOR | | | 5570.00 | 3100.00 | 3000.00 |
| KULAMAVU | 814.00 | | 1790.00 | 1467.00 | 516.00 |
| KUNNONNI | 1630.00 | 1010.00 | 4370.00 | 5600.00 | 2053.00 |
| KURAVILANGAD | 16062.00 | 12036.00 | 29570.00 | 17958.00 | |
| KURICHITHANAM | | 1000.00 | 2500.00 | 2400.00 | 1790.00 |
| KURINJI | 1334.00 | 701.00 | 4001.00 | 1629.00 | 3126.00 |
| KURUMANNU | 1550.00 | 1063.00 | 4023.00 | 994.00 | 1970.00 |
| KURUVINAL | 260.00 | 320.00 | 1540.00 | 510.00 | 550.00 |
| LALAM NEW PALAI | 4325.00 | 4200.00 | 3775.00 | 4500.00 | 3425.00 |
| LALAM OLD PALAI | | | 5000.00 | 5000.00 | 5000.00 |
| LOURDES MOUNT MOOLAMATTAM | | 151.00 | 160.00 | 210.00 | 150.00 |
| MALAPURAM, AYAMKUDI | 710.00 | | 4020.00 | | 790.00 |
| MALAYINCHIPARA | | 1200.00 | 1600.00 | | 900.00 |
| MALLIKASSERY | 600.00 | 700.00 | 3000.00 | 2500.00 | 2000.00 |
| MANALUMKAL | | | 1500.00 | 2600.00 | |
| MANATHOOR | 1000.00 | 900.00 | 2900.00 | 1300.00 | 1500.00 |
| MANGALAGIRI | 223.00 | 246.00 | 550.00 | 1200.00 | 381.00 |
| MANGALARAM, CHERPUMKAL | 300.00 | 300.00 | 1400.00 | | |
| MANIAMKULAM | 1500.00 | 500.00 | 2000.00 | 500.00 | 1700.00 |
| MANIAMKUNNU | 500.00 | 600.00 | 1520.00 | 1100.00 | 900.00 |
| MANJAMATTAM | 1750.00 | 1000.00 | 2855.00 | 2300.00 | 1400.00 |
| MANNACKANAD | | 1500.00 | 4326.00 | 3000.00 | 1500.00 |
| MANNAR, POOZHIKOL | 3000.00 | 2300.00 | 7000.00 | 4500.00 | 3500.00 |
| MANNARAPPARA | 5190.00 | 4285.00 | 9015.00 | | |



| | | | | | |
|---|---|---|---|---|---|
| MANVETTAM, MEMURI | | | 2165.00 | 500.00 | |
| MARANGATTUPALLY | 1001.00 | 1000.00 | 4000.00 | 5420.00 | 4001.00 |
| MARANGOLY | | 700.00 | 6974.00 | 754.00 | 1878.00 |
| MARYLAND | 2325.00 | | 2650.00 | 5170.00 | 2930.00 |
| MATTAKKARA | | 850.00 | | | |
| MAVADY, VELATHUSSERY | 350 | 350.00 | 2472.00 | 400.00 | 450.00 |
| MEENACHIL | | | | | |
| MELUKAVUMATTAM | | | 2000.00 | | |
| MEVIDA | 750.00 | | 700.00 | 450.00 | |
| MONIPPALLY | | 1810.00 | 3159.00 | | |
| MOOLAMATTAM | 1500.00 | 1000.00 | 5760.00 | 10980.00 | 2500.00 |
| MOONNANI | | | 2500.00 | 3100.00 | 1170.00 |
| MOONNILAVU | | | 3093.00 | 3400.00 | |
| MOOZHOOR | | 790.00 | 7544.00 | 7551.00 | |
| MULAKULAM | 700.00 | 700.00 | 2490.00 | | 600.00 |
| MUNDANKAL | 2055.00 | 1720.00 | 2595.00 | 2185.00 | 1515.00 |
| MUTHOLAPURAM | 2610.00 | | 2820.00 | 3707.00 | 3373.00 |
| MUTHOLY | 600.00 | 1250.00 | 2500.00 | 1250.00 | 1500.00 |
| MUTTUCHIRA FORANE | 5065.00 | 5685.00 | 17587.00 | 8260.00 | 9034.00 |
| NAMBIAKULAM | 750.00 | | 807.00 | 1175.00 | 650.00 |
| NARIANGANAM | 1000.00 | | 2000.00 | 1250.00 | 1000.00 |
| NEELOOR | 1800.00 | 1488.00 | 5898.00 | 2315.00 | 3010.00 |
| NEERANTHANAM | | 755.00 | 3181.00 | 2454.00 | |
| NELLAPPARA | 200.00 | 200.00 | 1000.00 | 200.00 | 200.00 |
| NELLIANI | | 250.00 | 1200.00 | | 300.00 |
| PADUVA | 1865.00 | | 3550.00 | 2550.00 | 2500.00 |
| PAIKA | 4890.00 | 3200.00 | 6320.00 | 6695.00 | 4935.00 |
| PAINGULAM,VALLICHIRA | 1400.00 | 1600.00 | 3100.00 | 2900.00 | 2000.00 |
| PALAI CATHEDRAL | | 5270.00 | | | |
| PALAKAD, MEENACHIL | | 500.00 | 2000.00 | 500.00 | |
| PALAKATTUMALA | 350.00 | 730.00 | 2340.00 | 875.00 | 250.00 |
| PALAYAM, PADINJATTUMKARA | 320.00 | 287.00 | 2230.00 | 287.00 | 340.00 |
| PARATHANAM | | 300.00 | 3000.00 | 600.00 | 1033.00 |
| PAYYANITHOTTAM | 495.00 | 772.00 | 1700.00 | 539.00 | 555.00 |
| PERIAPURAM | | 1000.00 | 1500.00 | 1900.00 | 1300.00 |
| PERINGULAM | | 1600.00 | 2500.00 | 2700.00 | 2100.00 |
| PERUMTHURUTH, KALLARA | | 460.00 | 2000.00 | 500.00 | 450.00 |
| PIRAVOM | 2160.00 | 1870.00 | 3470.00 | 1615.00 | 2020.00 |
| PIUSMOUNT, KIZHAKKANMATTAM | | 750.00 | 300.00 | 3000.00 | 1000.00 |
| 1000.00 | | | | | |
| PLASSANAL | | 2828.00 | 5111.00 | 5694.00 | |
| POONJAR | 3000.00 | 3100.00 | 5440.00 | 3315.00 | 3100.00 |
| POOVAKULAM,KARAMALA | | 550.00 | 550.00 | 550.00 | |
| POOVARANY | 3000.00 | | 5000.00 | 3700.00 | 3000.00 |
| POOVATHODU | 1250.00 | 1030.00 | 2000.00 | 4500.00 | 1300.00 |
| PRAVITHANAM | 5000.00 | 2500.00 | 10280.00 | 19410.00 | 6000.00 |
| RAMAPURAM | 11425.00 | | 12000.00 | | 12000.00 |

| | | | | | |
|---|---|---|---|---|---|
| RATNAGIRI, PATTITHANAM | | 4165.00 | 6570.00 | | 5650.00 |
| SANTHIGIRI, TEEKOY P.O. | 400.00 | 300.00 | 1818.00 | | |
| SANTHIPURAM,MARANGOLY | 1694.00 | | | | 1472.00 |
| SIBIGIRI (MUTTAM) | 1500.00 | 1250.00 | 3220.00 | 1850.00 | 1600.00 |
| SLIVAPURAM,KANJIRATHANAM | | 1800.00 | 2100.00 | | 1000.00 |
| TEEKOY | | | 7127.00 | 16796.00 | |
| THAKADI, KUNNONNY | | 250.00 | 530.00 | | |
| THIDANAD | 500.00 | 520.00 | 3040.00 | 3300.00 | 1300.00 |
| THIRUMARADY | 350.00 | 300.00 | 1300.00 | 350.00 | 350.00 |
| THODANAL | | 1100.00 | 3370.00 | 1280.00 | 2054.00 |
| THUDANGANAD FORANE | 1001.00 | 2777.00 | 3003.00 | 4444.00 | 1001.00 |
| THURUTHIPALLY,NEEZHOOR | | 600.00 | | | |
| UDAYAGIRI, MONIPPALLY | 895.00 | | 2580.00 | 1838.00 | |
| ULLANAD | 3055.00 | 1800.00 | 5185.00 | 5460.00 | 3150.00 |
| URULIKUNNAM,NJANDUPARA | 750.00 | 700.00 | 1500.00 | 2000.00 | 860.00 |
| URUMPUKAVU (PIZHAKU) | | | 1167.00 | 3037.00 | |
| VADAKARA | 1000.00 | 1000.00 | 6000.00 | 3000.00 | 2600.00 |
| VAGAMON, TEEKOY | | 250.00 | 425.00 | 300.00 | |
| VAKAKKAD | 1100.00 | 1000.00 | 4280.00 | 1048.00 | 1300.00 |
| VAKKAD, MONIPALLY (VIA) | | 300.00 | 700.00 | 400.00 | |
| VALACHIRA, KADUTHURUTHY | 250.00 | 250.00 | 750.00 | 300.00 | 250.00 |
| VALAVOOR | 600.00 | 750.00 | 1200.00 | 1000.00 | 900.00 |
| VARIANIKKAD, CHETTUTHODU | 905.00 | | 1385.00 | | 768.00 |
| VAYALA | 2020.00 | 3665.00 | 3520.00 | 9241.00 | 4397.00 |
| VEDAGIRI, KURUMULLOOR | 400.00 | 450.00 | 1500.00 | 1300.00 | 750.00 |
| VELANILAM | | | 3500.00 | 875.00 | |
| VELLIAMATTAM | 1500.00 | | | | 2050.00 |
| VELLIKULAM | | 850.00 | 2250.00 | 850.00 | |
| VEZHAGANAM | | 992.00 | | | |
| VILAKUMADAM | | | | | |
| VIMALAGIRI (CHAKKIKAVU) | 335.00 | 400.00 | 2100.00 | 1484.00 | 500.00 |
| XAVIERPURAM | 1568.00 | 1015.00 | 1262.00 | 1255.00 | |
| YENTHAYAR | | 500.00 | 2000.00 | 500.00 | |
| KALLOORKULAMA CONVENT CHAPEL | | | | 1170.00 | 800.00 |
| POOVATHODU CHERUPUSHPASRAMAM | | | 1000.00 | | |
| ST.VENCENTAIL MONASTRY PALA | | | | | 1500.00 |
| VALAKKATTUKUNNU CH | | 304.00 | 500.00 | 350.00 | 350.00 |
| BOYS TOWN | | | 1100.00 | | |
| VENCENTIAL ASHRAM NAZERTHUHILL | | | | 2400.00 | |



# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

**ഫാ. മാത്യു വെള്ളാനിക്കൽ**

## സഭാജീവിതവും വരദാനങ്ങളും

**(തിരുവചനഭാഗം: 1 കൊറി 12:1-31)**

സഭാജീവിതത്തിൽ വരദാനങ്ങൾക്ക് നിർണ്ണായകമായ സ്ഥാനമുണ്ട്. വരദാനങ്ങളുടെ സ്രോതസ് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിൽ ജനിച്ച് ജീവിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. അതുകൊണ്ട് ആത്മാവിന്റെ വരദാനങ്ങൾ സഭാജീവിതത്തിന്റെ ഒരു അവശ്യഘടകമാണ്. എന്നാൽ അവ വേണ്ടതുപോലെ കൈകാര്യം ചെയ്തില്ലെങ്കിൽ സഭാജീവിതം പ്രശ്നകലുഷിതമാകും. കോറിന്തോസിലെ സഭയിൽ അങ്ങനെ ഒരു സാഹചര്യം ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ പൗലോസ് ശ്ലീഹാ നല്കുന്ന പ്രബോധനമാണ് ഈ വചനഭാഗത്ത് പരാമർശിക്കപ്പെടുന്നത്: "സഹോദരരേ, നിങ്ങൾ ആത്മീയവരങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു" (വാ. 1)

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ മൂന്നു ഗണങ്ങളായി തിരിക്കാം. ഒന്ന്, ദാനങ്ങൾ; രണ്ട്, ഫലങ്ങൾ; മൂന്ന്, വരങ്ങൾ അഥവ വരദാനങ്ങൾ. 'ദാനങ്ങൾ' ഏഴെണ്ണമാണ്. അവ വരാനിരിക്കുന്ന മിശിഹായുടെ മേലുള്ള ദൈവാത്മാവിന്റെ സവിശേഷതകളായി പഴയ നിയമം അവതരിപ്പിക്കുന്നു (ഏശയ്യ. 11:1-2). 'ഫലങ്ങൾ' പന്ത്രണ്ടെണ്ണമാണ്. അരൂപിയിൽ ജീവിക്കുന്നവരിൽ പ്രകടമാകുന്ന സവിശേഷതകളായി അവയെ വി. പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നു (ഗലാ 5:22-23). വരദാനങ്ങൾ വിവിധങ്ങളാണ്. എല്ലാവർക്കും എല്ലാ വരങ്ങളുമുണ്ടാവുകയില്ല. ഓരോരുത്തർക്കും വ്യത്യസ്തങ്ങളായിരിക്കും. അവയെപ്പറ്റിയാണ് പൗലോസ് ശ്ലീഹാ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും സഭയിൽ വിശുദ്ധിയോടു ബന്ധപ്പെട്ടവയാണെങ്കിൽ വരങ്ങൾ സഭയിൽ ശുശ്രൂഷയോടു ബന്ധപ്പെട്ടവയാണ്. അരൂപിയുടെ 'ദാനങ്ങൾ' വിശുദ്ധിയിൽ വളരാൻ സഭാംഗങ്ങളെ

സഹായിക്കുന്നുവെങ്കിൽ അരൂപിയുടെ 'ഫലങ്ങൾ' വിശുദ്ധിയിൽ വളരുന്നവരിൽ പ്രകടമാകുന്ന ദൃശ്യ അടയാളങ്ങളാണ്. അരൂപിയുടെ 'വരങ്ങൾ' സഭാശുശ്രൂഷയ്ക്കായി സഭാംഗങ്ങൾക്ക് നല്കപ്പെടുന്നവയുമാണ്.

**1. സഭയുടെ വിശ്വാസം ഏറ്റുപറയുന്ന ജീവിതം**

"ദൈവാത്മാവു മുഖേന സംസാരിക്കുന്നവരാരും ഈശോ ശപിക്കപ്പെട്ടവനാണ് എന്ന് ഒരിക്കലും പറയുകയില്ലെന്നും ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (വാക്യം 3).

അരൂപിയുടെ പ്രവർത്തനമുള്ളിടത്ത് വിവേചനം ആവശ്യമായി വരും. ദൈവത്തിന്റെ അരൂപിയാൽ നയിക്കപ്പെടുന്നവരും ദൈവികമല്ലാത്ത അരൂപിയാലും തീക്ഷ്ണതയാലും നയിക്കപ്പെടുന്നവരുമുണ്ടാകാം. മതപരമായ ജീവിതത്തിൽ എല്ലാ മതവിഭാഗങ്ങളിലും ദൃശ്യമാകുന്ന ഒരു പ്രതിഭാസമാണ് മനുഷ്യന്റെ വൈകാരികതലങ്ങളെ ഇളക്കി അവനെ ആവേശഭരിതനാക്കുന്ന ചില ആരാധനാരീതികളും സാഹചര്യങ്ങളും. ഇത് സഭാജീവിതത്തിലും, പ്രത്യേകിച്ച് അരൂപിയോടു ബന്ധപ്പെട്ട തലങ്ങളിലും ഉണ്ടാകാം. വരദാനങ്ങളുടെ തലങ്ങളിൽ ഇതിനുള്ള സാദ്ധ്യത വളരെയേറെയാണ്. ഇന്നത്തെ കരിസ്മാറ്റിക് പന്തക്കുസ്താ പ്രസ്ഥാനങ്ങളിൽ ഇങ്ങനെയുള്ള പ്രതിഭാസങ്ങൾ എല്ലാവർക്കും അറിവുള്ളതാണ്. ഇവിടെ പരിശുദ്ധാത്മാവിലുള്ള ജീവിതത്തിൽ യഥാർത്ഥ അടയാളമായി വി. പൗലോസ് ശ്ലീഹാ എടുത്തു കാണിക്കുന്നത് സഭയുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ്.

"ഈശോ കർത്താവാണ്" എന്നുള്ളത് ആദിമസഭയുടെ വിശ്വാസ പ്രഖ്യാപനമാണ്. ദൈവരാജ്യത്തിന്റെ അഥവാ ദൈവഭരണത്തിന്റെ സുവിശേഷമാണല്ലോ ഈശോ അറിയിച്ചത്. ആ സുവിശേഷത്തിൽ വിശ്വസിക്കുവാനുള്ള ആഹ്വാനമാണ് ഈശോ നൽകിയതും (മർക്കോ. 1:14-6). ഈശോയുടെ ജീവിതത്തിലായിരുന്നു ദൈവരാജ്യം അഥവാ ദൈവഭരണം അതിന്റെ പൂർണ്ണതയിൽ യാഥാർത്ഥ്യമായത്. അതുകൊണ്ടാണ് ഈശോയുടെ ജീവിതവും വാക്കുകളും പ്രവർത്തനങ്ങളും പീഡാനുഭവവും മരണവും ഉത്ഥാനവും ദൈവരാജ്യസുവിശേഷത്തിന്റെ ഏറ്റവും വലിയ പ്രഘോഷണമായത്. അങ്ങനെ ഈശോയിലൂടെ പാപത്തിന്റെയും മരണത്തിന്റെയും ഭരണത്തിൽനിന്നും വിമുക്തമായി മനുഷ്യകുലം ദൈവഭരണത്തിൻ കീഴിലായി, രക്ഷയുടെയും ജീവിതത്തിന്റെയും ഉടമയായി. ഈശോയെ കർത്താവായി അഥവാ ജീവിതത്തിൽ കർതൃത്വം നടത്തുന്നവനായി ഏറ്റുപറയുന്ന സഭാസമൂഹം അങ്ങനെ ദൈവരാജ്യത്തിന്റെ അടയാളമായി. അതുകൊണ്ട് "ഈശോ കർത്താവാണ്" എന്നുള്ളത് സഭയുടെ വിശ്വാസപ്രമാണവുമായി. ഇത് സാദ്ധ്യമാക്കുന്നത് പരിശുദ്ധാത്മാവാണ്. പാപബദ്ധനായ മനുഷ്യന് പാപത്തിന്റെ ഭരണത്തിൽനിന്നും സ്വതന്ത്രനായി ദൈവത്തിന്റെ ഭരണത്തിൻകീഴിൽ കടന്നുവരണമെങ്കിൽ പരിശുദ്ധാത്മാവിന്റെ ശക്തി ലഭിക്കണം. മാമ്മോദീസായിൽ പരിശുദ്ധാത്മാവിൽ ജനിക്കുകയും അതെത്തുടർന്ന് വി. കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാ ജീവിതത്തിലൂടെ അരൂപിയിൽ ജീവിക്കുകയും ചെയ്യുന്നവരിലാണ് ഈ വിശ്വാസപ്രഖ്യാപനം അർത്ഥവത്താകുന്നത്. സഭയുടെ ഈ വിശ്വാസം ഏറ്റു പറയുന്നതാണ് അരൂപിയിലുള്ള ജീവിതത്തിന്റെ അടിസ്ഥാനപരമായ സ്വഭാവം.

"ഈശോ ശപിക്കപ്പെട്ടവനാണ്" എന്നു പറയുന്നത് അരൂപിയിലുള്ള ജീവിതത്തിന് ഒരിക്കലും ചേർന്നതല്ല. ആദിമസഭയുടെ കാലഘട്ടത്തിൽ സഭയോടു ശത്രുത പുലർത്തിയിരുന്ന യഹൂദസമൂഹപശ്ചാത്തലമാണ് ഇവിടെ പ്രതിഫലിക്കുന്നത്. സിനഗോഗ് ശുശ്രൂഷകളിൽ പാഷണ്ഡികളെ ശപിക്കുന്ന ഒരു ക്രമമുണ്ടായിരുന്നു. അന്ന് ഈശോയെ കർത്താവായി ഏറ്റുപറയുന്നവരെ പാഷണ്ഡികളായിട്ടാണ് യഹൂദർ കരുതിയിരുന്നത്. മാത്രമല്ല "മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്" എന്ന പഴയനിയമവിശ്വാസ (നിയമ. 21:23) പ്രകാരം ഈശോ ശപിക്കപ്പെട്ടവനായി യഹൂദർ കരുതുകയും ചെയ്തിരുന്നു (ഗലാ. 3:13).

ഈശോയുടെ കർതൃത്വം അംഗീകരിച്ച് ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതാനുസൃതമായുള്ള വിശ്വാസജീവിതം നയിക്കാതെ അരൂപിയുടെ വരദാനങ്ങളുണ്ടെന്ന് അവകാശപ്പെടുന്നവരുടെ ജീവിതം യഥാർത്ഥക്രൈസ്തവജീവിതമല്ല. പുരോഹിതരെന്ന നിലയിൽ ഈ

വിശ്വാസജീവിതം നയിക്കുവാനും അങ്ങനെ ജീവിക്കുവാൻ സഭാതന യരെ പരിശീലിപ്പിക്കുവാനും നമുക്കു കഴിയണം.

**2. വരദാനങ്ങളുടെ വൈവിധ്യവും ഏകത്വവും**

"വരങ്ങളിൽ വൈവിധ്യം ഉണ്ടെങ്കിലും ആത്മാവ് ഒന്നുതന്നെ. ശുശ്രൂ ഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ. പ്രവൃത്തി കളിൽ വൈവിധ്യം ഉണ്ടെങ്കിലും എല്ലാവർക്കും എല്ലാറ്റിലും പ്രചോ ദനം നല്കുന്ന ദൈവം ഒന്നുതന്നെ" (വാക്യം 4-6).

വരദാനങ്ങൾ സഭയിൽ വിഭജനത്തിന് കാരണമാകരുത്. വരദാന ങ്ങൾ മനുഷ്യനിലുള്ള നൈസർഗികമായ കഴിവുകളോടു ബന്ധപ്പെ ട്ടാണ് പ്രവർത്തനക്ഷമങ്ങളാകുന്നത്. അതുകൊണ്ട് ഓരോരുത്തർക്കും തങ്ങളുടെ വരങ്ങളെ വളർത്തിയെടുക്കാനും അത് സ്വന്തഇഷ്ടപ്രകാ രവും സ്വന്തനേട്ടത്തിനായും ഉപയോഗിക്കാനും കഴിയും. ഈ ഒരു സാദ്ധ്യതയാണ് പലപ്പോഴും സമൂഹത്തിൽ ഭിന്നതയ്ക്ക് വഴിതെളിക്കു ക. സഭയുടെ സ്വഭാവം കൂട്ടായ്മയാണ്. അതും ദൈവീകകൂട്ടായ്മയാ ണ്. ത്രിയേകദൈവത്തിലുള്ള കൂട്ടായ്മ. അതുകൊണ്ട് വരദാനങ്ങൾ സഭയുടെ കൂട്ടായ്മയ്ക്ക് ഹാനികരമാകാതെ, കൂട്ടായ്മയെ ഊട്ടിയുറ പ്പിക്കുന്നതാവണം. അതുകൊണ്ടാണ് വരദാനങ്ങളുടെ വൈവിധ്യ ത്തിനും ഐക്യത്തിനും നിദാനമായ അടിസ്ഥാനങ്ങൾ ഇവിടെ പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.

വരദാനങ്ങളെല്ലാം ഒരേ അരൂപിയുടെ പ്രവർത്തനങ്ങളാണ്. വരദാ നങ്ങളെല്ലാം കർതൃശുശ്രൂഷയ്ക്കുള്ളതാണ്. കർത്താവ് ഒന്നേയുള്ളൂ. അതുകൊണ്ട് ശുശ്രൂഷകളെല്ലാം ഒരേ കർത്താവായ മിശിഹായ്ക്കുള്ള ശുശ്രൂഷയിൽ പ്രവർത്തനക്ഷമമാകണം. മിശിഹായ്ക്കുള്ള ശുശ്രൂഷ പ്രായോഗികമാകുന്നത് മിശിഹായുടെ ശരീരമാകുന്ന സഭയിലാണ്. അതുകൊണ്ട് സഭയെ ഒരു കൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഉപകരി ക്കുന്ന വിധത്തിൽ സഭാശുശ്രൂഷയ്ക്കായി വരദാനങ്ങൾ ഉപയോഗി ക്കണം.

സഭയിലെ ഓരോ ശുശ്രൂഷകളും ഓരോ വിധത്തിലുള്ള പ്രവൃത്തി കളിലാണ് പ്രായോഗികമാക്കുന്നത്. ആ പ്രവൃത്തികളിൽ വൈവിധ്യം ഉണ്ടെങ്കിലും അവയുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് ഒരേ



ദൈവം തന്നെയാണ്. സഭയിലെ ശുശ്രൂഷകളിലെല്ലാം ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകണം. ദൈവത്തിന്റെ പ്രവൃത്തികൾ അവി ടുത്തെ കരുണയുള്ള സ്നേഹത്തിന്റെ പ്രവൃത്തികളാണ്. ജന്മനാ അന്ധ നായ മനുഷ്യൻ അന്ധനായിപ്പിറന്നത് ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ പ്രകടമാകാനാണ് എന്നു സുവിശേഷത്തിൽ ഈശോ പറ യുന്നു (യോഹ.9:3). ജന്മനാ അന്ധനായിരുന്നവനിൽ ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമായത് ഈശോയുടെ സൗഖ്യദായകമായ സ്നേഹ സ്പർശനത്തിലൂടെയാണ്. അതിലൂടെ അവൻ ശാരീരികമായി മാത്ര മല്ല ആത്മീയമായും കാഴ്ചയുള്ളവനായി (യോഹ. 9:33). ദൈവത്തിന്റെ കരുണയുള്ള സ്നേഹം സഭാസമൂഹത്തിൽ പ്രകടമാകത്തക്കവിധ ത്തിൽ വേണം സഭയിലെ ശുശ്രൂഷകളെല്ലാം നിർവ്വഹിക്കപ്പെടേണ്ടത്.

**3. വരദാനങ്ങളും സഭയോടുള്ള പ്രതിബദ്ധതയും**

"ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങളുണ്ട്. അവയ വങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെ തന്നെയാണ് മിശിഹായും" (വാ. 12).

സഭ മിശിഹായുടെ ശരീരമാണ്. ഇന്ന് മിശിഹാ ജീവിക്കുന്നത് സഭ യിലാണ്. മിശിഹായ്ക്ക് ഇന്ന് ലോകത്തിൽ കാണാവുന്ന ഒരസ്തിത്വ മുണ്ടെങ്കിൽ അത് സഭയിലാണ്. അതുകൊണ്ട് മിശിഹായോടുള്ള നമ്മുടെ പ്രതിബദ്ധത സഭയോടുള്ള പ്രതിബദ്ധതയാവണം. അതു പോലെ നമുക്ക് ഒറ്റപ്പെട്ട ഒരു ക്രൈസ്തവജീവിതവുമില്ല. സഭയോടു ചേർന്നല്ലാതെ ശരിയായ ഒരു ക്രൈസ്തവജീവിതം നയിക്കാൻ സാദ്ധ്യ മല്ല. മാമ്മോദീസാ നമ്മെ മിശിഹായോട് ഐക്യപ്പെടുത്തിയത് സഭയി ലൂടെയാണ്. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (വാ. 13). അതുകൊണ്ട് മിശിഹായിലുള്ള നമ്മുടെ ജീവിതം സഭാത്മകജീവിതമാണ്.

ഒരു ശരീരത്തിൽ അവയവങ്ങളെന്നപോലെയാണ് വരദാനങ്ങളെ കൈകാര്യം ചെയ്യേണ്ടത്. അവയവങ്ങൾക്കൊന്നിനും സ്വന്തമായ ഒര സ്തിത്വമില്ല. അവയവങ്ങളെല്ലാം പ്രവർത്തിക്കുന്നത് ശരീരത്തോടു ചേർന്നുനിന്നാണ്. ശരീരത്തിന്റെ സുസ്ഥിതിക്ക് ഉപകരിക്കത്തക്കവിധ വുമാണ്. അതുപോലെ വരദാനങ്ങളെല്ലാം സഭയെ കെട്ടിപ്പടുക്കുവാ നുള്ള ശുശ്രൂഷയ്ക്കുവേണ്ടിയാണ് നല്കപ്പെട്ടിട്ടുള്ളത്. സഭയോടുള്ള

പ്രതിബദ്ധതയോടും സഭയുടെ നന്മയ്ക്ക് ഉതകുന്ന വിധവുമായിരിക്കണം വരദാനങ്ങൾക്കനുസൃതമായ ശുശ്രൂഷ ഓരോരുത്തരും നിർവ്വഹിക്കുവാൻ.

സഭയിൽ എല്ലാവർക്കും വരദാനങ്ങളും അതിനനുസൃതമായ ശുശ്രൂഷകളുമുണ്ട്. ഇന്ന് ചില അത്ഭുതകരമായ സിദ്ധികളെ മാത്രം വരദാനങ്ങളായി കാണുകയും അവ ഉപയോഗിച്ച് ശുശ്രൂഷ ചെയ്യുന്നവരിൽ മിശിഹായെ കാണുകയും സഭാജീവിതം മറന്ന് അങ്ങനെയുള്ളവരുടെ പുറകെ പോവുകയും ചെയ്യുന്ന ഒരു പ്രതിഭാസം കാണുന്നുണ്ട്. ഇത് ശരിയായ ക്രൈസ്തവജീവിതത്തിൽ നിന്നും വ്യതിചലിച്ചു പോകാൻ കാരണമാകും. സഭ മിശിഹായുടെ ശരീരമാണെങ്കിൽ സഭയുടെ അംഗങ്ങൾക്കെല്ലാം സഭയെ കെട്ടിപ്പടുക്കുവാനുള്ള വരദാനങ്ങളും ശുശ്രൂഷകളുമുണ്ടാകും. ദൈവം മനുഷ്യനു നല്കിയിരിക്കുന്ന എല്ലാ നല്ല കഴിവുകളും വരദാനങ്ങളായി കരുതാം. സഭാംഗങ്ങളോരോരുത്തരും തങ്ങളുടെ വരദാനങ്ങൾ കണ്ടെത്തുവാനും അവ വളർത്തിയെടുക്കുവാനും സഭാശുശ്രൂഷയ്ക്കായി ഉപയോഗപ്പെടുത്തുവാനും കടപ്പെട്ടിരിക്കുന്നു. തങ്ങളുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സമൂഹത്തിലുള്ളവരുടെ വരദാനങ്ങൾ കണ്ടെടുക്കുവാനും അവയെ വളർത്തിയെടുത്ത് സഭാശുശ്രൂഷയ്ക്കായി വിനിയോഗിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും അജപാലകർ ശ്രദ്ധിക്കണം. ശിരസ്സായ മിശിഹായുടെ സ്ഥാനത്തുനിന്നുകൊണ്ട് എല്ലാ സഭാശുശ്രൂഷകളെയും ഒന്നിപ്പിക്കാനുള്ള ഉത്തരവാദിത്വവും അജപാലകർക്കുണ്ട്.

**4. സഭാംഗങ്ങളും പരസ്പരപ്രതിബദ്ധതയും**

ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു" (വാ. 26).

സഭാംഗങ്ങൾക്ക് പരസ്പരം ആവശ്യബോധമുണ്ടാവണം. "കണ്ണിന് കൈയോട് എനിക്കു നിന്നെക്കൊണ്ടാവശ്യമില്ലെന്നോ തലയ്ക്കു കാലിനോട് എനിക്കു നിന്നെക്കൊണ്ട് ഉപയോഗമില്ല എന്നോ പറയുക സാദ്ധ്യമല്ല" (വാ. 21). അവരവരുടെ വരദാനങ്ങളിലും ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും മാത്രം ശ്രദ്ധിക്കുകയും മറ്റുള്ളവരുടെ വരദാനങ്ങളെപ്പറ്റിയും ശുശ്രൂഷകളെപ്പറ്റിയും ചിന്തിക്കാതെ ഒറ്റപ്പെട്ടു ജീവിക്കുന്നതും ശരിയല്ല. മറ്റു ശുശ്രൂഷ ചെയ്യുന്നവരെ പരിഗണിക്കാതിരിക്കുന്നതും, അവരുടെ ശുശ്രൂഷകളെ വിമർശിക്കുന്നതും ശരിയായ നടപടിയല്ല. സഭയുടെ ശരിയായ വളർച്ചയ്ക്ക് എല്ലാവരും ശുശ്രൂഷകൾ ആവശ്യമാണ്. അതുകൊണ്ട് സഭയിൽ എല്ലാവരും പരസ്പരം ആദരിക്കുകയും ശുശ്രൂഷകളെ പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.



സഭാംഗങ്ങൾ സന്തോഷങ്ങളും സങ്കടങ്ങളും പങ്കിട്ടനുഭവിക്കുന്നവരാകണം. 'കൂട്ടായ്മ' എന്ന വാക്കിന്റെ അർത്ഥം തന്നെ അതാണ്, ഒരേ അനുഭവത്തിൽ ചിലർ പങ്കുചേരുന്ന സ്ഥിതിവിശേഷം. സഭയിലെ ശുശ്രൂഷകർ അംഗീകരിക്കപ്പെടുമ്പോൾ അതിൽ സന്തോഷിക്കണം. അംഗീകരിക്കപ്പെടുന്ന ശുശ്രൂഷകരെ അഭിനന്ദിക്കണം. അവഗണിക്കപ്പെടുമ്പോൾ, അല്ലെങ്കിൽ നിന്ദിക്കപ്പെടുമ്പോൾ അതിൽ ദു:ഖിക്കണം, നിന്ദിക്കപ്പെടുന്നവരെ ആശ്വസിപ്പിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

**5. വരദാനങ്ങളും ഹയരാർക്കിയും**

"ദൈവം സഭയിൽ ഒന്നാമത് ശ്ലീഹന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും, മൂന്നാമത് പ്രബോധകരെയും നിയമിച്ചിരിക്കുന്നു" (വാ. 28).

സുവിശേഷപ്രഘോഷണമാണ് സഭയുടെ പ്രഥമദൗത്യം. ശ്ലീഹന്മാരെയാണ് സുവിശേഷപ്രഘോഷണദൗത്യം ഈശോ ഭരമേല്പിച്ചത്. അതുകൊണ്ടായിരിക്കണം വരദാനങ്ങളിലും ശുശ്രൂഷകളിലും ഒന്നാമതായി ശ്ലീഹന്മാരെ പൗലോസ് ശ്ലീഹാ പ്രഖ്യാപിക്കുന്നത്. ശ്ലൈഹിക കൈവയ്പിലൂടെയാണല്ലോ സഭയിൽ പൗരോഹിത്യപദവികൾ നല്കപ്പെടുന്നത്. പൗരോഹിത്യപദവികൾ ഉള്ളവർക്കാണല്ലോ സഭയുടെ ഹയരാർക്കിയിൽ അംഗത്വമുള്ളത്. സഭയിലെ എല്ലാ വരദാനങ്ങളും ശുശ്രൂഷകളും ഹയരാർക്കിക്കു വിധേയമായിരിക്കണം എന്ന് ഇത് സൂചിപ്പിക്കുന്നു. പുരോഹിതന് സഭയിൽ ശിരസ്സായ മിശിഹായുടെ സ്ഥാനമാണുള്ളത്. അവയവങ്ങളുടെ സ്ഥാനത്തുള്ള എല്ലാ വരദാനങ്ങളെയും ശുശ്രൂഷകളെയും പ്രവർത്തനക്ഷമമാക്കുവാനും ഒന്നിപ്പിക്കുവാനുമുള്ള ദൗത്യമാണ് പുരോഹിതന്റേത്.

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തോട് അഭേദ്യമായി ബന്ധപ്പെട്ട മറ്റു രണ്ടു വരദാനങ്ങളും ശുശ്രൂഷകളുമുണ്ട്. 'പ്രവാചകന്മാരും' 'പ്രബോധകരും'. 'പ്രവാചകന്മാർ' സുവിശേഷത്തിന്റെ പൊരുൾ എന്താ

ണെന്നു പ്രഖ്യാപിക്കുകയും മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുവാൻ ശ്രോതാക്കളെ ക്ഷണിക്കുകയും ചെയ്യുന്നു. 'പ്രബോധക' രാകട്ടെ സുവിശേഷത്തിന്റെ വിശദാംശങ്ങൾ പഠിപ്പിക്കുകയും അത് ജീവിതത്തിൽ പ്രവർത്തിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

വരദാനങ്ങളും ശുശ്രൂഷകളും സഭയിൽ നല്കപ്പെട്ടിരിക്കുന്നത് ആത്യന്തികമായി സഭയെ സുവിശേഷം ജീവിക്കുന്ന ഒരു കൂട്ടായ്മയായി, സ്നേഹസമൂഹമായി രൂപപ്പെടുത്തുന്നതിനുവേണ്ടിയാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ ഈ സന്ദർഭത്തിൽ പറയുന്നത്: "എന്നാൽ ഉൽകൃഷ്ട ദാനങ്ങൾക്കുവേണ്ടി തീക്ഷ്ണമായി അഭിലഷിക്കുവിൻ. ഉത്തമമായ മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം" (വാ. 31). ഇതു പറഞ്ഞതിനുശേഷം ഒരദ്ധ്യായം മുഴുവൻ സ്നേഹത്തെപ്രതി വി. പൗലോസ് ശ്ലീഹാ പ്രതിപാദിക്കുന്നു (അദ്ധ്യായം 13).

ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹമായിത്തീരുമ്പോഴാണ് പൂർണ്ണമായ അർത്ഥത്തിൽ മിശിഹായുടെ ശരീരമായി സഭ കെട്ടിപ്പടുക്കപ്പെടുന്നത്.

**ജീവിതസൂചിക**

1. ഈശോയുടെ കർതൃത്വത്തിനു പൂർണ്ണമായും വിധേയപ്പെട്ട ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. എന്റെ വരദാനങ്ങളുടെ ഉപയോഗവും ശുശ്രൂഷകളുടെ നിർവ്വഹണവും സഭയിൽ ഭിന്നതയുളവാകാതെ സഭയെ കൂട്ടായ്മയിൽ വളർത്താൻ സഹായിക്കുന്നുണ്ടോ?
3. എന്റെ പൗരോഹിത്യശുശ്രൂഷയും വരദാനങ്ങളും സഭയോടുള്ള പ്രതിബദ്ധതയിലാണോ ഞാൻ കൈകാര്യം ചെയ്യുന്നത്?
4. വൈദികസഹോദരരോടും ദൈവജനത്തോടുമുള്ള പരസ്പരപ്രതിബദ്ധതയിൽ ഞാൻ എത്രമാത്രം ജീവിക്കുന്നു?
5. ശ്ലൈഹികശുശ്രൂഷയോടുള്ള നിരന്തരമായ ഒരു പ്രതിബദ്ധത എനിക്കുണ്ടോ?




# അഖിലകേരള മരിയൻ ക്വിസ് - 2009

*10000, 3000, 2000 രൂ. യഥാക്രമം I, II, III സമ്മാനങ്ങൾ*

*ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്നവർക്കെല്ലാം പ്രോത്സാഹനസമ്മാനങ്ങൾ*

8-12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സൺഡേ സ്കൂൾ കുട്ടികൾക്ക് പങ്കെടുക്കാം. ആദ്യറൗണ്ട് മത്സരം അവരവരുടെ സ്കൂളുകളിൽ നവംബർ പത്തിനകം നടത്തിയിരിക്കണം. സാധിക്കാത്തവർക്ക് നവംബർ 14 ശനിയാഴ്ച 2. പി.എം. ന് പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ചായിരിക്കും മത്സരം. പോളച്ചൻ തയ്യാറാക്കിയ 'മരിയൻ ക്വിസ് പഠനസഹായി' എന്ന പുസ്തകത്തിൽ നിന്നും 100 ചോദ്യങ്ങൾക്ക് 95 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് 2009 ഡിസംബർ 12 ശനിയാഴ്ച 2 പി.എം. ന് മുട്ടുചിറ ഫൊറോനാ പള്ളിയിൽ വച്ചു നടക്കുന്ന രണ്ടാം റൗണ്ട് മത്സരത്തിൽ ചേരാം. 'മരിയൻ ക്വിസ് പഠനസഹായി' യിൽ നിന്നുള്ള 100 ചോദ്യങ്ങൾക്കു പുറമെ പി.ഒ.സി. സമ്പൂർണ്ണ ബൈബിളിൽ പരി. മറിയത്തെക്കുറിച്ചുള്ള ഭാഗങ്ങളിൽനിന്നും, മരിയഭക്തരുടെ മധുമൊഴികൾ, അൽഫോൻസാ വിജ്ഞാനീയം എന്നീ പുസ്തകങ്ങളിൽനിന്നുമായി 20 ചോദ്യങ്ങളും ഉണ്ടായിരിക്കും. സമ്പൂർണ്ണ വിജയിക്ക് 10,000 രൂപ ലഭിക്കുന്നതാണ്.

ആദ്യറൗണ്ടിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയവരുടെ പേരുവിവരങ്ങൾ ഡിസംബർ 5-നു മുമ്പായി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അറിയിക്കുകയും, ഫൈനൽ റൗണ്ടു മത്സരത്തിനു വരുമ്പോൾ സ്കൂൾ അധികൃതരിൽ നിന്നും അർഹതാ സർട്ടിഫിക്കറ്റും കൊണ്ടുവന്നിരിക്കണം.

N.B. ക്വിസ് സംബന്ധമായ മൂന്നു പുസ്തകങ്ങളും വിലക്കുറവിൽ പാലാ സാന്തോം എസ്.എച്ച്. മഠത്തിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ 04822 216051.

**ബന്ധപ്പെടുക : പോളച്ചൻ, പ്രീസ്റ്റുഹോം, മുട്ടുചിറ - 686613, മൊബൈൽ : 9447946481**

# വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

മുൻവർഷങ്ങളിലെപ്പോലെ കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റ് ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാസമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 4000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2009 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്കു കൂട്ടുമ്പോൾ കുറഞ്ഞത് 87 ശതമാനം മാർക്ക് ഉള്ളവർ ആയിരിക്കണം. (A+=90 Marks, A=80 Marks, B+=70 Marks, C+ =50 Marks, C=40 Marks) എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്/ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തികസ്ഥിതിയെപ്പറ്റി ഇടവകവികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2009 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

**അയയ്ക്കേണ്ട വിലാസം: K.T. Thomas, Karipparampil, D.T. Road, Kanjirappally - 686 507.**



# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### ഒന്നാംടേം പരീക്ഷ

ഒന്നാംടേം പരീക്ഷ സെപ്റ്റംബർ 20-നു ഞായറാഴ്ച നടത്തപ്പെടുന്നു. ചോദ്യക്കടലാസുകളുടെ വിതരണം 19 നു ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ. 11, 12 ക്ലാസ്സുകളിലെ ആദ്യത്തെ ആറു പാഠങ്ങൾ പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| Std I - VI | 11.00 am | 1.00 pm |
| Std VII - XII | 1.45. pm | 4.00 pm |

പരീക്ഷാ ദിവസത്തിനോ സമയത്തിനോ മാറ്റം വരുത്താൻ പാടുള്ളതല്ല.

### ജീവദർശൻ

സെപ്റ്റംബർ 4 വെള്ളി, 12 ശനി, 21 തിങ്കൾ എന്നീ ദിവസങ്ങളിൽ ഭരണങ്ങാനത്തുവച്ച് ജീവദർശൻ ക്ലാസ് നടത്തപ്പെടുന്നു. പങ്കെടുക്കുന്നവർ ജീവദർശൻ ഐഡന്റിറ്റി കാർഡ് കൊണ്ടുവരേണ്ടതാണ്.

### വിചിന്തനം ക്യാമ്പ്

രജിസ്ട്രേഷൻ അവസാനിച്ചു. ഏതെങ്കിലും സൺഡേ സ്കൂളിലെ സ്റ്റാൻഡേർഡ് 10 ലെ കുട്ടികൾ ഇനിയും പങ്കെടുത്തിട്ടില്ലെങ്കിൽ ഓഫീസുമായി വേഗം ബന്ധപ്പെടുക. സെപ്റ്റംബർ മാസത്തിൽ ക്യാമ്പ് തീരും.

### സി.റ്റി.പി.

ഏതെങ്കിലും സൺഡേ സ്കൂളിൽ സി.റ്റി.പി. പാസാകാത്തവർ വിശ്വാസപരിശീലകരായി തുടരുന്നുണ്ടെങ്കിൽ അവർക്കായി ഉടൻ സിറ്റിപി ആരംഭിക്കുന്നു. പേര് സെപ്റ്റംബറിൽ തന്നെ രജിസ്റ്റർ ചെയ്യുക.

### മിഷൻ ലീഗ്

സീനിയേഴ്സ് ക്യാമ്പ് ആഗസ്റ്റ് 30, 31, സെപ്റ്റംബർ 1 തീയതികളിൽ മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നു. ഇതുവരെ ക്യാമ്പു കൂടിയിട്ടില്ലാത്ത നാലുപേരെ വീതം ഓരോ ശാഖയിൽ നിന്നും അയയ്ക്കാം. മുൻകൂട്ടി ഓഫീസിൽ പേരു രജിസ്റ്റർ ചെയ്യണം.

### രണ്ടാം ക്ലാസ്സിലെ അദ്ധ്യാപകരുടെ സംഗമം

സൺഡേ സ്കൂളിൽ രണ്ടാംക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കുമായി സെപ്റ്റംബർ 28 തിങ്കളാഴ്ച രാവിലെ 9.30-മുതൽ 1 മണിവരെ ഒരു അർദ്ധദിന സെമിനാർ നടത്തപ്പെടുന്നു. റവ. ഡോ. പോൾ വള്ളോപ്പിള്ളി (തലശ്ശേരി) നേതൃത്വം നൽകും. എല്ലാ അദ്ധ്യാപകരും പങ്കെടുക്കണം.

## ✦ കുഞ്ഞേട്ടൻ നിര്യാതനായി

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാക്കളിൽ ഒരാളും നൂറ്റാണ്ടിന്റെ അത്മായ പ്രേഷിതൻ എന്ന് അറിയപ്പെട്ടിരുന്ന ആളുമായ ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേൽ ആഗസ്റ്റ് 12-ാം തീയതി നിര്യാതനായി. കേരളസഭാതാരം, കേരളസഭാരത്നം എന്നീ വലിയ അംഗീകാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു.

1925 മാർച്ച് 19-നു ഞായറാഴ്ച ഭരണങ്ങാനം ഇടവകയിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ വൈദികൻ ആകുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അത്മായപ്രേഷിതനാകുവാനായിരുന്നു ദൈവനിയോഗം. 1945-ൽ വിവാഹിതനായി. 1947 ഒക്ടോബർ 3-ാം തീയതി ഭരണങ്ങാനത്ത് ചെറുപുഷ്പമിഷൻലീഗ് ഉദ്ഘാടനം ചെയ്യപ്പെട്ടു. ദൈവവിളി പ്രോത്സാഹിപ്പിച്ചുകൊണ്ടും അത്മായർക്കുള്ള പ്രേഷിതദൗത്യത്തെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടും ഇടവകകൾതോറും ചുറ്റിനടന്നു. മിഷൻലീഗ് സംഘടനയ്ക്ക് എക്കാലവും നേതൃത്വവും മാതൃകയും പ്രചോദനവുമായിരുന്നു. അനേകായിരങ്ങളുടെ മനസ്സിൽ ദൈവികചിന്ത വളർത്തിയ കുഞ്ഞേട്ടൻ എല്ലാവരോടും വളരെ സൗമ്യമായി പെരുമാറിയിരുന്നു. കുട്ടികൾ കുഞ്ഞേട്ടന് ധാരാളമായി കത്തുകളെഴുതിയിരുന്നു. കുഞ്ഞേട്ടൻ അവർക്ക് മറുപടി കൊടുക്കാൻ മറന്നില്ല. പ്രകീർത്തിക്കപ്പെടേണ്ട പ്രേഷിതജോലി ചെയ്തു കടന്നുപോയ കുഞ്ഞേട്ടനുവേണ്ടി മിഷൻലീഗംഗങ്ങൾ പ്രാർത്ഥിക്കണം. എല്ലാ ശാഖകളിലും അനുസ്മരണ സമ്മേളനങ്ങൾ ചേർന്ന് കുഞ്ഞേട്ടനോടുള്ള ആദരവ് അർപ്പിക്കുകയും വേണം.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# സുവിശേഷവത്കരണം

## ✦ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന

ആഗസ്റ്റുമാസം 7, 14, 21, 28 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മുതൽ 3 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. കുര്യൻ മറ്റം, പോൾസൺ (പാമ്പാടി), സണ്ണി ഡേവിഡ് (കൊച്ചി), കുഞ്ഞുമോൻ (ഡിവൈൻ), റ്റി. പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ, ജോയി നെല്ലിയേക്കുന്നേൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

## ✦ കുടുംബകൂട്ടായ്മ റിസോഴ്സ് ടീം

രൂപതയിലെ കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ആഗസ്റ്റ് 11-ാം തീയതി ഷലോമിൽ ഒന്നിച്ചുകൂടി, സെപ്റ്റംബർ 12-ാം തീയതി നടത്തുവാനിരിക്കുന്ന രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള "കോൺടാക്ട് പേഴ്സന്റെ" കൂട്ടായ്മയുടെ കാര്യം ചർച്ച ചെയ്യുകയും, എല്ലാ ഇടവകകളിലേയ്ക്കും, എല്ലാ കോൺടാക്ട് പേഴ്സൺമാർക്കും ലെറ്റർ അയയ്ക്കുവാനും തീരുമാനിച്ചു. ഫാ. കുര്യൻ മറ്റം, ഇ. എം. ദേവസ്യാ ഈരൂരിക്കൽ, തോമസ് വടക്കേൽ, സി. ജോസ് മേരി എഫ്.സി.സി., ജോസഫ് മറ്റക്കരോട്ട് തുടങ്ങിയവർ നേതൃത്വം നല്കി.

## ✦ ജയിൽ മിനിസ്ട്രി

ഇവാൻജലൈസേഷന്റെ ഭാഗമായ ജയിൽ മിനിസ്ട്രി അംഗങ്ങൾ ഈ മാസം 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ സബ്ജയിൽ സന്ദർശിച്ച് പ്രാർത്ഥിക്കുകയും



അവരോട് സംസാരിക്കുകയും ചെയ്തു. ബഹു. ജോസഫ് അമ്മനത്തുകുന്നേൽ വചനം പങ്കുവയ്ക്കുകയും, അരുവിത്തുറയിലെ കെ.സി.വൈ.എം. യുവാക്കൾ വിവിധയിനം കലാപരിപാടികൾ തദവസരത്തിൽ അവതരിപ്പിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, സാലി മേത്താനത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

# കരിസ്മാറ്റിക് പ്രോഗ്രാം

## ✦ കരിസ്മാറ്റിക് സംഗമം

കരിസ്മാറ്റിക് ശുശ്രൂഷകരുടെ സംഗമം ഓഗസ്റ്റ് 1-ന് ഷലോം ഓഡിറ്റോറിയത്തിൽ ചേർന്നു. ജോസ് മംഗലശേരി വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻ മറ്റം, സണ്ണി പള്ളിവാതുക്കൽ, സാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്ട്, ജയിംസ് മാറാട്ടുകുളം എന്നിവർ ശുശ്രൂഷ നടത്തി.

## ✦ നഴ്സിംഗ് വിദ്യാർത്ഥികളുടെ ധ്യാനം

കോട്ടയം കാരിത്താസ് ആശുപത്രിയിലെ ബി.എസ്.സി. നേഴ്സിംഗ് വിദ്യാർത്ഥിനികൾക്കുള്ള ധ്യാനം ആഗസ്റ്റ് 5, 6. 7, 8 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. കുര്യൻ മറ്റം, സുനിൽ കോതമംഗലം, രവി തോമസ് എന്നിവർ നയിച്ചു.

## ✦ ഒരുക്ക ശുശ്രൂഷ-ചക്കാമ്പുഴ

ചക്കാമ്പുഴ ഇടവകയിലെ വചനദീപ്തി ധ്യാനത്തിനു മുന്നോടിയായുള്ള ആരാധനാശുശ്രൂഷയും ഭവനസന്ദർശനവും ഓഗസ്റ്റ് 4, 5 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. അഗസ്റ്റിൻ തെരുവത്ത് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ✦ ഏകദിന സെമിനാർ - വേഴങ്ങാനം

വചനദീപ്തി ധ്യാനത്തെ തുടർന്നുള്ള ഏകദിനപ്രോഗ്രാം ഓഗസ്റ്റ് 14-ന് വേഴങ്ങാനം ഇടവകയിൽ നടന്നു. ജോൺസൺ കണ്ടത്തിൽ വചനം പ്രഘോഷിച്ചു. ഫാ. അഗസ്റ്റിൻ പീടികമലയിൽ ആമുഖ പ്രസംഗം നടത്തി.

## ✦ വചനപ്രഘോഷണവും ആരാധനയും - കുന്നോന്നി

കുന്നോന്നി ഇടവകയിൽ മാസംതോറുമുള്ള ഏകദിനശുശ്രൂഷ ഓഗസ്റ്റ് 14-ന് നടന്നു. ബ്ര. ഔതച്ചൻ വചനശുശ്രൂഷ നടത്തി. ഫാ. തോമസ് വെട്ടുകാട്ടിൽ ആമുഖശുശ്രൂഷ നടത്തി.

## ✦ വചനദീപ്തി ധ്യാനം - ചക്കാമ്പുഴ

ചക്കാമ്പുഴ ഇടവകയിൽ വചനദീപ്തി ധ്യാനം ഓഗസ്റ്റ് 9, 10, 11, 12, 13 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, സാബു കോഴിക്കോട്ട്, സണ്ണി വാഴയിൽ, ജോയി തെക്കുംചേരിക്കുന്നേൽ, സുനിൽ കോതമംഗലം, ബാബു തട്ടാംപറമ്പിൽ എന്നിവർ ധ്യാനശുശ്രൂഷകൾക്കു നേതൃത്വം കൊടുത്തു. വികാരി ഫാ. അഗസ്റ്റിൻ തെരുവത്ത് സമാപനശുശ്രൂഷകൾ നയിച്ചു.

## ✦ വചനപ്രഘോഷണവും ആരാധനയും - കടനാട്

കടനാട് ഇടവകയിൽ ഏകദിനവചനപ്രഘോഷണവും ആരാധനയും ഓഗസ്റ്റ് 16-ന് നടന്നു. ഫാ. ജോസഫ് കുമ്മിണിയിൽ വചനപ്രഘോഷണവും ആരാധനാശുശ്രൂഷയും നയിച്ചു.

## ✦ വചനസായാഹ്നം - അമ്പാറനിരപ്പേൽ

അമ്പാറനിരപ്പേൽ ഇടവകയിൽ വചനശുശ്രൂഷയും ആരാധനയും ഓഗസ്റ്റ് 22-ന് നടന്നു. ഫാ. ഷാർലോ ഏഴാനിക്കാട്ട് സി.എസ്.ടി. ശുശ്രൂഷകൾ നയിച്ചു.

## ✦ ഒരുക്കശുശ്രൂഷ - മാനത്തൂർ

മാനത്തൂർ ഇടവകയിലെ വചനദീപ്തി ധ്യാനത്തിനുള്ള ഒരുക്കശുശ്രൂഷയും ഭവനസന്ദർശനവും ഓഗസ്റ്റ് 18, 19 തീയതികളിൽ നടന്നു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബാബു തട്ടാംപറമ്പിൽ, ഫാ. മൈക്കിൾ നരിക്കാട്ട്, സാബു കോഴിക്കോട്ട് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ✦ വചനപ്രഘോഷണസായാഹ്നം - അന്തീനാട്

വചനദീപ്തി ധ്യാനത്തെത്തുടർന്ന് അന്തീനാട് ഇടവകയിൽ സായാഹ്ന വചനപ്രഘോഷണവും ആരാധനയും ഓഗസ്റ്റ് 30-ന് നടന്നു. ബ്ര. ഔതച്ചൻ, വികാരി ഫാ. ജോർജ് പഴേപറമ്പിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

## ✦ വചനദീപ്തി ധ്യാനം - മാനത്തൂർ

മാനത്തൂർ ഇടവകയിൽ വചനദീപ്തി ധ്യാനം ഓഗസ്റ്റ് 23, 24, 25, 26, 27 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, ഫാ. ജോസ് അഞ്ചാനിക്കൽ, സാബു കോഴിക്കോട്ട്, സണ്ണി പള്ളിവാതുക്കൽ, രവി തോമസ്, ജോയി തെക്കുംചേരികുന്നേൽ, ബാബു തട്ടാംപറമ്പിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. മൈക്കിൾ നരിക്കാട്ട് സമാപനശുശ്രൂഷകൾ നടത്തി.

## ✦ ലീഡേഴ്സ് കൂട്ടായ്മ

നവീകരണരംഗത്ത് ഫൊറോനാതലങ്ങളിൽ പ്രവർത്തിക്കുന്ന ലീഡേഴ്സിന്റെ കൂട്ടായ്മ ഓഗസ്റ്റ് 15-ന് അസ്സീസി ധ്യാനമന്ദിരത്തിൽ ചേർന്നു. സബ്സോൺ ലീഡേഴ്സിന്റെ പങ്കുവയ്ക്കൽ, വചനപ്രഘോഷണം എന്നിവ നടന്നു. ഫാ. കുര്യൻ മറ്റം, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

## ✦ ഫമീലിയാ - ദമ്പതീ കൂട്ടായ്മ

രൂപതയിലെ നവീകരണാനുഭവമുള്ള ദമ്പതികളുടെ കൂട്ടായ്മ ഓഗസ്റ്റ് 8-ന് പാലാ സെന്റ് മേരീസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഡോ. ആൻസി ജോർജ്, ഫ്രാൻസീസ് പുല്ലൻ, ഫാ. കുര്യൻ മറ്റം എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബന്നി പാലിയിൽ, ജോർജ് തെക്കുംചേരിക്കുന്നേൽ, പ്രിൻസ് വെള്ളിയാമറ്റം, സണ്ണി വാഴയിൽ, സാലി മേന്താനത്ത്, ബാബു തട്ടാംപറമ്പിൽ, മാത്യു കല്ലേപ്ലാക്കൽ എന്നിവർ നയിച്ചു.



## ✦ സിസ്റ്റേഴ്സ് കൂട്ടായ്മ

പാലാ അൽഫോൻസാ കോളജിൽ ബഹു. സിസ്റ്റേഴ്സിന്റെ കൂട്ടായ്മ ഓഗസ്റ്റ് 29-ന് -നു നടന്നു. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ, ഫാ. കുര്യൻ മറ്റം, സി. അന്റോണിറ്റാ (കോഴിക്കോട്) എന്നിവർ കുടുംബകൂട്ടായ്മകളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടേഴ്സ്)**

# ജീസസ് യൂത്ത്

## ✦ സെക്കൻഡ് സൺഡേ ഗ്യാതറിംഗ്

രണ്ടാം ഞായറാഴ്ചകളിലെ യുവജനകൂട്ടായ്മ പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ 9-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ടു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. ജോർജുകുട്ടി, പ്രകാശ് മാത്യു, ടോണി ജെ. കുര്യാക്കോസ്, ആൽബിൻ ജോർജ്, ഗീതു, ബിൻസി, ജിന്റു എന്നിവർ നേതൃത്വം നൽകി.

## ✦ ആനിമേറ്റേഴ്സ് വിസിംറ്റിംഗ്

ജീസസ് യൂത്ത് പ്രവർത്തനങ്ങളെ സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും, ഓണാവധിക്കാലത്തു നടക്കുന്ന യുവജനധ്യാനത്തെ (വേരിത്താസ് 09') ക്കുറിച്ച് അറിയിക്കുന്നതിനുമായി രൂപതയിലെ എല്ലാ ഹയർസെക്കൻഡറിസ്കൂളുകളിലും, കോളജുകളിലും റവ. ഡോ. കുര്യൻ മറ്റം, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ സന്ദർശനം നടത്തി. പ്രിൻസിപ്പിൾസ്, അധ്യാപകരുമായി പ്രവർത്തനങ്ങളെ വിലയിരുത്തുകയും വിദ്യാർത്ഥികളുടെ പ്രാർത്ഥനാഗ്രൂപ്പിൽ പങ്കുചേരുകയും ചെയ്തു.

കുറവിലങ്ങാട് ദേവമാതാ കോളജിൽ ജീസസ് യൂത്ത് പ്രയർ മീറ്റിംഗ് ആഗസ്റ്റ് 5-ാം തീയതി ബുധനാഴ്ച ആരംഭിച്ചു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സന്ദേശം നൽകി. എല്ലാ ബുധനാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.15 മുതൽ 3.45 വരെയാണ് പ്രയർ മീറ്റിംഗ്.

## ✦ ബുധനാഴ്ച കൂട്ടായ്മ

പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ എല്ലാ ബുധനാഴ്ചകളിലും രാത്രി 7.00 മുതൽ 12.00 വരെ പ്രാർത്ഥനാക്കൂട്ടായ്മ നടക്കുന്നു. ആൺകുട്ടികൾക്കു മാത്രമായുള്ളതാണിത്.

## ✦ ലീഡേഴ്സ് ഗാതറിംഗ്

ഹയർ സെക്കൻഡറി കോളജുകളിലെ ലീഡേഴ്സ് ഗ്യാതറിംഗ് പതിവുള്ളതുപോലെ മൂന്നാം ശനിയാഴ്ച (15-08-09) ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വൈകുന്നേരം 4 മുതൽ 10 വരെ നടന്നു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. ഫാ. ഷാജി കരിംപ്ലാനിൽ ഒ.എഫ്.എം.ക്യാപ്., പ്രകാശ് മാത്യു, ജോർജുകുട്ടി, ടോണി, ഷൈൻ, ജോസ്ന എന്നിവർ നേതൃത്വം നൽകി.

## ✦ വൺ-ഡേ പ്രോഗ്രാം

ആഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പാലാ, ചേർപ്പുങ്കൽ, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ വച്ച് ഏകദിനപ്രോഗ്രാം

നടത്തി. ജോർജുകുട്ടി, ഷൈൻ തോമസ്, ടോണി ജെ. കുര്യാക്കോസ്, ആൽബിൻ ജോർജ്, ജിന്റു ജോസഫ്, ജോസ്ന, ഗീതു, ബിൻസി, ബെനീറ്റാ എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടേഴ്സ്)**

# കെ.സി.എസ്.എൽ

*വിശ്വാസം, പഠനം, സേവനം*

### ✦ സ്കൂൾ പ്രവർത്തനോദ്ഘാടനം

പ്ലാശനാൽ സെന്റ് മേരീസ് എച്ച്.എസ്.എസ്, പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ, ഉദയഗിരി ലിറ്റിൽ ഫ്ളവർ വിദ്യാനികേതൻ എന്നിവിടങ്ങളിൽ ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തുകയുണ്ടായി.

### ✦ ലീഡേഴ്സ് ക്യാമ്പ്

യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലെ സ്കൂളുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറ്റിയൻപതോളം ലീഡേഴ്സ് പങ്കെടുത്ത 'ലീഡേഴ്സ് മീറ്റ് 2009' അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോർജ് പൂവക്കുളം, റവ. ഫാ. ജോസഫ് ആലഞ്ചേരിൽ, ഫാ. തോമസ് തണ്ണിപ്പാറ, സി. സെലിൻ എഫ്.സി.സി., കെ.ടി. കുര്യൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്യാമ്പിന് ആമോദ് മാത്യു, ബെന്നിച്ചൻ പി.ഐ, സോജൻ കെ.ജെ. ജോണി തോമസ്, സി. റജീന ജോസ്, ബ്രദർ നിഖിൽ ഇല്ലത്തുപറമ്പിൽ, മാസ്റ്റർ ജസ്റ്റിൻ രാജ്, ഫാ. തോമസ് പനയ്ക്കക്കുഴി എന്നിവർ നേതൃത്വം നൽകി.

### ✦ ധ്യാനം

കെ.സി.എസ്.എലിന്റെ ആഭിമുഖ്യത്തിൽ പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് സെപ്റ്റംബർ 10, 11, 12 തീയതികളിൽ ധ്യാനം നടത്തപ്പെടുന്നു.

### ✦ കളരി

കളരി രണ്ടാം ലക്കം സെപ്റ്റംബർ 15 മുതൽ വിതരണം ചെയ്യപ്പെടുന്നു.

### ✦ ഹൈസ്കൂൾ കുട്ടികൾക്ക് ക്യാമ്പ്

സെപ്റ്റംബർ 10, 11, 12 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് ഹൈസ്കൂൾ കുട്ടികൾക്കുള്ള ക്യാമ്പ് നടത്തപ്പെടുന്നു.

### ✦ സാഹിത്യോത്സവം

ഈ വർഷത്തെ സാഹിത്യോത്സവം ഒക്ടോബർ 2-ാം തീയതി വെള്ളിയാഴ്ച പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. തോമസ് പനയ്ക്കക്കുഴി (ഡയറക്ടർ)**



# ഫ്രാൻസിസ്കൻ അത്മായസഭ

### ✦ സെമിനാറും തീർത്ഥാടനവും

ഫ്രാൻസിസ്കൻ അത്മായസഭ രൂപതാ ഏകദിന സെമിനാറും, വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിലേക്ക് തീർത്ഥാടനവും ജൂലൈ 25-ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടത്തപ്പെട്ടു.

അന്നേ ദിവസം പ്രഭാതപ്രാർത്ഥനയ്ക്കുശേഷം 10-ന് റവ. ഫാ. ഈസിദോർ കപ്പൂച്ചിൻ "വിശുദ്ധ അൽഫോൻസാമ്മയുടെ സഹന"ത്തെക്കുറിച്ചു ക്ലാസ്സെടുത്തു. 12-ന് ചേർന്ന സമ്മേളനത്തിൽ പ്രസിഡന്റ് എം.വി. തോമസ് മൊളോപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. സോമിച്ചൻ കപ്പൂച്ചിൻ ആശംസാപ്രസംഗം നടത്തി. ചർച്ചകൾക്കുശേഷം സ്നേഹവിരുന്ന് നടത്തപ്പെട്ടു.

1. 30-ന് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേക്ക് തീർത്ഥാടനം (ജപമാലറാലി) നടത്തി. 2.30-ന് അൽഫോൻസാ ചാപ്പലിൽ റവ. ഫാ. തോമസ് കാഞ്ഞിരക്കോണം കപ്പൂച്ചിൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

### ✦ ഛായാചിത്രപ്രയാണം

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ സഭ അല്മായ അസംബ്ലിക്ക് മുന്നോടിയായി കേരള അസ്സീസി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ഛായാചിത്രപ്രയാണം നടത്തി. ആഗസ്റ്റ് 12-ാം തീയതി 8.30 ന് എടത്വാ ഫൊറോനാപ്പള്ളിയിൽ നിന്നും ആരംഭിച്ച ഛായാചിത്രപ്രയാണം വിവിധ സ്ഥലങ്ങളിലെ സ്വീകരണത്തിനുശേഷം ഉച്ചകഴിഞ്ഞ് 2.30 ന് മുട്ടുചിറ ഫൊറോനാപ്പള്ളിയിൽ എത്തി. ഫൊറോനാവികാരി റവ. ഫാ. കുര്യാക്കോസ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ ഛായാചിത്രത്തെ സ്വീകരിച്ചു.

**റവ. ഫാ. അലക്സ് വാച്ചാപറമ്പിൽ കപ്പൂച്ചിൻ**

# കെ.സി.വൈ.എം.

### ✦ യുവസംഗമം 2009 അരുവിത്തുറയിൽ സംഘടിപ്പിച്ചു

ഒക്ടോബർ 17 നുള്ള രൂപതാ യുവജനസംഗമത്തിനു മുന്നോടിയായി അരുവിത്തുറ റീജിയന്റെ ആഭിമുഖ്യത്തിൽ യുവസാഗരം 2009 ലെ ഒന്നാമത് റീജിയൺ യുവജനസംഗമം സംഘടിപ്പിച്ചു. അരുവിത്തുറ, ഭരണങ്ങാനം, തീക്കോയി, പൂഞ്ഞാർ മേഖലകളിലെ യുവജനങ്ങളാണ് ആഗസ്റ്റ് 15-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് അരുവിത്തുറയിൽ എത്തിച്ചേർന്നത്. റവ. ഫാ. ജോസഫ് പാമ്പാറ അദ്ധ്യക്ഷത വഹിച്ച യുവജനസംഗമം രൂപതാ പാസ്റ്ററൽ കോ-ഓർഡിനേറ്റർ വെരി റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ജോസഫ് ആലഞ്ചേരി ആമുഖസന്ദേശം നൽകി. കെസിവൈഎം പ്രഥമ രൂപത പ്രസിഡന്റ് ജോസഫ് മൈലാടി, റോസ് മേരി കോക്കാട്ട്, സാനി പാറയിൽ, ജോസൻ പേഴുംകാട്ടിൽ തുട

ങ്ങിയവർ സംസാരിച്ചു. തുടർന്ന് രൂപതാ പ്രസിഡന്റ് എഡ്വിൻ പാമ്പാറ വിശ്വാസ സംരക്ഷണപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യുവജനസംഗമത്തിൽ 4 മേഖലകളിൽ നിന്നായി 878 പേർ പങ്കെടുത്തു. അരുവിത്തുറ മേഖല ഡയറക്ടർ ഫാ. ജിസ് അമ്മ നത്തുകുന്നേൽ, ഫാ. ജയിംസ് പൊരുന്നോലിൽ, ഫാ. ജോസഫ് ചെറുകരകുന്നേൽ, ഫാ. ജോർജ് പോളച്ചിറകുന്നുംപുറം തുടങ്ങിയവർ കോർഡിനേറ്റർമാരായി പ്രവർത്തിച്ച യുവജനസംഗമത്തിൽ മേഖലാ പ്രസിഡന്റുമാർ, യൂണിറ്റ് ഡയറക്ടറച്ചന്മാർ, ജോ-ഡയറക്ടേഴ്സ്, യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ സജീവസഹകരണം നല്കു കയും ചെയ്തു. രൂപതായുവജനമഹാസമ്മേളനത്തിന് മുന്നോടിയായിട്ടാണ് റീജിയ ണൽ യുവജനസമ്മേളനങ്ങൾ സംഘടിപ്പിച്ചത്. ഒക്ടോബർ 17-ാം തീയതി പാലാ കത്തീഡ്രൽ പള്ളിയങ്കണത്തിൽ വച്ചാണ് രൂപതാ യുവജനസമ്മേളനം സംഘടിപ്പി ക്കുന്നത്.

### ✦ രൂപതാ യുവജനസംഗമം വിവിധ കമ്മറ്റികൾ രൂപീകരിച്ചു

കെസിവൈഎം രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 17-ന് പാലാ കത്തീ ഡ്രലിൽ വച്ച് നടത്തപ്പെടുന്ന യുവജനസമ്മേളനത്തിന് ഒരുക്കമായി വിവിധ കമ്മറ്റി കൾ രൂപീകരിച്ചു. രൂപതാ ഭാരവാഹികൾ, മേഖലാ ഡയറക്ടറച്ചന്മാർ,7 മേഖലാ പ്രസി ഡന്റുമാർ, മുൻകാല ഭാരവാഹികൾ തുടങ്ങിയവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകിവരുന്നു.

### ✦ അർദ്ധദിന സെമിനാർ

കെസിവൈഎം പാലാ രൂപതയുടെ നേതൃത്വത്തിൽ കാക്കൂർ, വാകക്കാട് തുട ങ്ങിയ യൂണിറ്റുകളിൽ യുവജനങ്ങൾക്കായി അർദ്ധദിനസെമിനാർ സംഘടിപ്പിച്ചു. ഫാ. ജോസഫ് ആലഞ്ചേരി, ജോസൻ പേഴുംകാട്ടിൽ തുടങ്ങിയവർ ക്ലാസ്സെടുത്തു.

### ✦ യൂണിറ്റ് ശാക്തീകരണ കൺവൻഷനുകൾ

കെസിവൈഎം പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന് മുന്നോടിയായി അറക്കുളം ഓൾഡ്, പെരിയപ്പുറം, കുറുമണ്ണ്, തുടങ്ങിയ സ്ഥലങ്ങളിൽ യൂണിറ്റ് ശാക്തീകരണ കൺവൻഷൻ സംഘടിപ്പിച്ചു. ഫാ. ജോസഫ് ആലഞ്ചേരി, മേഖലാ രൂപതാ ഭാരവാ ഹികൾ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### ✦ യൂണിറ്റുകൾ ആരംഭിച്ചു

കെസിവൈഎം രൂപതയുടെ ആഭിമുഖ്യത്തിൽ കരൂർ, മൂഴൂർ, ജിയോവാലി എന്നീ ഇടവകകളിൽ കെസിവൈഎം പുതിയ യൂണിറ്റുകൾ ആരംഭിച്ചു. ഫാ. ജോസഫ് ആല ഞ്ചേരി കെസിവൈഎം സാമൂഹികമനസാക്ഷി രൂപീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ എടുത്തു.

### ✦ നൈറ്റ് ക്യാമ്പ് സംഘടിപ്പിച്ചു

കെസിവൈഎം കയ്യൂർ യൂണിറ്റിൽ ആഗസ്റ്റ് 14-ാം തീയതി നൈറ്റ് ക്യാമ്പ് സംഘ ടിപ്പിച്ചു. ഫാ. ജോസഫ് ആലഞ്ചേരിൽ ക്യാമ്പിന് നേതൃത്വം നൽകി.



### ✦ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു

കെസിവൈഎം പാലാ രൂപതയുടെ നേതൃത്വത്തിൽ മേഖലഡയറക്ടേഴ്സ് സംഗമം ബിഷപ്സ് ഹൗസിൽ വച്ച് ചേർന്നു.

### ✦ ഒരുമ-2009 നൈറ്റ് ക്യാമ്പ്

കെസിവൈഎം കുറവിലങ്ങാട് യൂണിറ്റിൽ വച്ച് 14-ാം തീയതി ഒരുമ 2009 നൈറ്റ് ക്യാമ്പ് സംഘടിപ്പിച്ചു.

### ✦ കുറവിലങ്ങാട് റീജിയൺ സംഗമം

രൂപതാ യുവജനസംഗമത്തിനു മുന്നോടിയായി കുറവിലങ്ങാട് റീജിയന്റെ നേതൃ ത്വത്തിൽ കോതനല്ലൂർ, ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട് മേഖലകൾ ചേർന്ന് കുറ വിലങ്ങാട് ദേവമാതാ കോളജ് ഓഡിറ്റോറിയത്തിൽ വിളംബരസമ്മേളനം നടത്തു ന്നു. ആഗസ്റ്റ് 30-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിക്കുന്ന സംഗമത്തിൽ വെരി. റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ അദ്ധ്യക്ഷത വഹിക്കും. രൂപതാ പാസ്റ്ററൽ കോർഡി നേറ്റർ ഫാ. ജോസഫ് കുഴിഞ്ഞാലിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഫാ. ജോസഫ് പുത്തൻപുര കപ്പൂച്ചിൻ 'യുവജനങ്ങളുടെ സഭാപ്രതിബദ്ധത' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. മാവേലിക്കര രൂപതാദ്ധ്യക്ഷൻ ജോഷ്വ മാർ ഇഗ്നാത്തിയോസ് അർക്ക ദിയാക്കോൻ നഗറിൽ വച്ച് വിശ്വാസദാർഢ്യറാലിക്ക് സമാപനസന്ദേശം നൽകും. രൂപതാ പ്രസിഡന്റ് എഡ്വിൻ പാമ്പാറ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

### ✦ വൊഡാഫോൺ, ഐഡിയ സിം സൗജന്യമായി നൽകുന്നു

കെസിവൈഎം സംസ്ഥാന സമിതിയുടെ പ്രവർത്തനഫണ്ട് ശേഖരണാർത്ഥം നൽകപ്പെടുന്ന വൊഡാഫോണും (സിമ്മോടുകൂടി), ഐഡിയ സിമ്മുകളും നൽക പ്പെടുന്നു. സൗജന്യ ആയുഷ്കാല സിം കണക്ഷനിൽ 10 രൂപാ ഫ്രീ ടോക് ടൈം ഉ ണ്ടായിരിക്കും. ലാൻഡ് ഫോണുകളിലേക്കും 60 പൈസ, മൂന്ന് ഐഡിയ ഫോണുക ളിലേക്ക് 20 പൈസ കോൾ ചാർജ്, ഒരു ദിവസത്തിനുള്ളിൽ ആക്ടിവേഷൻ, ഒരു ദിവസം 100 എസ്.എം.എസ്. ഫ്രീ മുതലായ ഓഫറുകളോടുകൂടിയാണ് സിം നൽക പ്പെടുന്നന്നത്.

### ✦ രൂപതാതല പ്രസംഗമത്സരം - കോതനല്ലൂരിൽ

അകാലത്തിൽ വേർപിരിഞ്ഞ കോതനല്ലൂർ കെ.സി.വൈ.എം. യൂണിറ്റിന്റെ സജീ വപ്രവർത്തകനായിരുന്ന തെക്കേച്ചെരുവിൽ സൂരജ് സെബാസ്റ്റ്യന്റെ ഓർമ്മയ്ക്കായി കെ.സി.വൈ.എം. കോതനല്ലൂർ യൂണിറ്റ് പാലാ രൂപതയുടെ കീഴിലുള്ള യുവജന ങ്ങൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. 2009 സെപ്റ്റംബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കോതനല്ലൂർ കന്തീശങ്ങൾ ഓഡിറ്റോറിയത്തിൽ മത്സരം ആരംഭിക്കുന്നു. പൊതുവിഷയം: യുവജനങ്ങളും മാധ്യമങ്ങളും. പ്രസംഗസ മയം 7 മിനിട്ട്.

ഒന്നാം സമ്മാനം: 3001 രൂപയും സൂരജ് മെമ്മോറിയൽ ട്രോഫിയും, രണ്ടാംസ മ്മാനം: 2001 രൂപയും ട്രോഫിയും, മൂന്നാംസമ്മാനം: 1001 രൂപയും ട്രോഫിയും.

**ഫാ. ജോസഫ് ആലഞ്ചേരി (ഡയറക്ടർ)**

# ഡി. സി. എം. എസ്.

## ✦ മേഖല കലോത്സവം

രാമപുരം മേഖലയുടെ കലോത്സവം ആഗസ്റ്റ് 15-ാം തീയതിയും അരുവിത്തുറ മേഖല കലോത്സവം ആഗസ്റ്റ് 18-ാം തീയതിയും നടത്തപ്പെട്ടു.

## ✦ ജസ്റ്റീസ് സൺഡേ ആചരണം

ഡിസിഎംഎസ് പാലാ രൂപതാ ജസ്റ്റീസ് സൺഡേ രൂപതാതല ആചരണം 2009 ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 300 അംഗങ്ങൾ പങ്കെടുത്തു. ജസ്റ്റീസ് സൺഡേ രൂപതാതല ഉദ്ഘാടനം വെരി. റവ. മോൺസിഞ്ഞോർ ജോർജ് ചൂരക്കാട്ട് (വികാരി ജനറാൾ) നിർവ്വഹിച്ചു. പി.ഒ. പീറ്റർ അദ്ധ്യക്ഷത വഹിച്ച പ്രോഗ്രാമിൽ റവ. ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ സ്വാഗതവും, ഷിബു ജോസഫ് പാമ്പാടി (ഡിസിഎംഎസ് സ്റ്റേറ്റ് സെക്രട്ടറി), മേരി തോമസ് നിരപ്പിൽ (ഡിസിഎംഎസ് സ്റ്റേറ്റ് ജോ. സെക്രട്ടറി), ജോസഫ് മൈക്കിൾ ഞാറക്കാട്ടിൽ (ഡിസിഎംഎസ് സ്റ്റേറ്റ് കമ്മറ്റി മെംബർ), ആലീസ് തോമസ് ആഞ്ഞിലിത്തൊട്ടിയിൽ (ഡിസിഎംഎസ് രൂപതാ കമ്മിറ്റി മെംബർ) എന്നിവർ ആശംസകളും, ജസ്റ്റിൻ മാത്യു കുന്നുംപുറത്ത് (ഡിസിഎംഎസ് രൂപതാ ട്രഷറർ) കൃതജ്ഞതയും പറഞ്ഞു. ദേശീയ ഗാനാലാപനത്തോടെ പ്രോഗ്രാം അവസാനിച്ചു.

## ✦ റിസോഴ്സ് ടീം ക്യാമ്പ്

യുവജനങ്ങൾക്കായി ഡിസിഎംഎസ് സംഘടന നടത്തുന്ന റിസോഴ്സ് ടീം ക്യാമ്പ് ആഗസ്റ്റ് 7, 8, 9 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. 54 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

## ✦ ലീഡേഴ്സ് ക്യാമ്പ്

30 വയസ്സിനു മുകളിൽ എന്തു വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും പാലാ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 18 വയസ്സിന് മുകളിലോട്ട് +2 നു താഴെ വിദ്യാഭ്യാസമുള്ളവർക്കും രണ്ട് ദിവസത്തെ 5 ക്യാമ്പുകൾ നടത്തപ്പെടുന്നു. എല്ലാ മാസവും മൂന്നാംശനി, ഞായർ ദിവസങ്ങളിൽ പാലാ, ചേർപ്പുങ്കൽ, രാമപുരം, അരുവിത്തുറ, ഭരണങ്ങാനം, തുടങ്ങനാട് മേഖലകൾക്കും നാലാംശനി, ഞായർ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട് മേഖലകൾക്കും ക്യാമ്പ് ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 50 രൂപാ.

## ✦ അവധിക്കാല ക്യാമ്പ്

യു.പി., എച്ച്.എസ്. ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവധിക്കാലങ്ങളിൽ പഠനപരിശീലന ക്യാമ്പുകൾ 2009-ലെ ഓണാവധിക്യാമ്പ് യു.പി. വിദ്യാർത്ഥികൾക്ക് (5, 6, 7 ക്ലാസ്സുകൾക്ക്) 2009 ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെയും, എച്ച്.എസ്. വിദ്യാർത്ഥികൾക്ക് (8, 9, 10 ക്ലാസ്സുകൾ) 2009 സെപ്റ്റംബർ 3 മുതൽ 5 വരെയും നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 50 രൂപാ. മുട്ടുചിറ, ഇലഞ്ഞി മേഖലകളിൽ നിന്നുമുള്ള കുട്ടികൾക്ക് വാഹനസൗകര്യം ക്രമീകരിക്കുന്നതാണ്.



## ✦ ഡിസിഎംഎസ് രൂപതാ കമ്മറ്റി

ഡിസിഎംഎസ് രൂപതാ കമ്മറ്റി 2009 ആഗസ്റ്റ് 19-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

## ✦ പുലിയള്ളി മലയിൽ മെമ്മോറിയൽ സ്കോളർഷിപ്പ്

+2 പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച കുട്ടിക്ക് 5000 രൂപയുടെ ഒരു സ്കോളർഷിപ്പ് നൽകുന്നു. 2009 ആഗസ്റ്റ് 2-ാം തീയതി സിബിഗിരി ഇടവകാംഗമായ അനിലിറ്റ് മാത്യൂസ് ബാസ്റ്റിൻ നരിവേലിക്കുന്നേൽ ഈ സ്കോളർഷിപ്പിന് അർഹനായി (കുറവിലങ്ങാട് പുലിയള്ളി മലയിൽ മെമ്മോറിയൽ സ്കോളർഷിപ്പ്)

## ✦ ഡിസിഎംഎസ് എസ്.എച്ച്.ജി. ഗ്രൂപ്പുകൾ

ഡിസിഎംഎസ് എസ്എച്ച്ജി ഗ്രൂപ്പുകൾ (105). സ്വയം സാമ്പത്തികഭദ്രത ആർജ്ജിക്കുന്നതിന് പ്രവർത്തിക്കുന്നു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി ചേർന്ന് ഇവ പ്രവർത്തിക്കുന്നു. എസ്.എച്ച്.ജി. കൺവീനേഴ്സിന് പ്രത്യേകം പരിശീലനങ്ങൾ, പഠനപ്രോഗ്രാമുകൾ, മാസമീറ്റിംഗുകൾ തുടങ്ങിയവ നടത്തപ്പെടുന്നു. കാരിത്താസ് ഇന്ത്യയുടെ പ്രോജക്ട് ഓഫീസർ 2009 ആഗസ്റ്റ് 10-ാം തീയതി അയ്യമ്പാറ ചെറുപുഷ്പം, ചെമ്മലമറ്റം കാരുണ്യാ നടത്തിയ എസ്എച്ച്ജി ഗ്രൂപ്പുകൾ സന്ദർശിച്ച് പ്രവർത്തനപരിപാടികൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**

# ഫാമിലി സെന്റർ

## ✦ പ്രോ-ലൈഫ്

ജൂലൈ 12-ന് ടീം അംഗങ്ങൾ ഡയറക്ടർ ബഹു. നടുത്തടത്തിലച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലി പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിച്ചു. അതിനുശേഷം ബഹു. അച്ചൻ തിരുവചനം വായിച്ചു വിശദീകരിച്ചു. അംഗങ്ങൾ ജീവവചനം മനനം ചെയ്ത് പ്രാർത്ഥന പങ്കുവച്ചു. പിന്നീട് സ്വവർഗ്ഗലൈംഗികതയെ സംബന്ധിച്ച് അധാർമ്മികവും പ്രകൃതിവിരുദ്ധവുമായ തിന്മയുടെ നേർക്കുള്ള ഗവൺമെന്റ് നിലപാടുകളെപ്പറ്റി ചർച്ച ചെയ്യുകയും ഇതിനെതിരായി ശക്തിയായി പ്രതികരിക്കാനും പ്രവർത്തിക്കാനും തയ്യാറാകണമെന്ന് പലരും സംസാരിച്ചു. ഇതിന്റെ വാർത്ത പത്ര മാധ്യമങ്ങൾക്കു കൊടുക്കുകയും ചെയ്തു.

പിന്നീട് 22-ാം തീയതി നടത്താനിരിക്കുന്ന അൽഫോൻസാ തീർത്ഥാടനത്തെപ്പറ്റി സംസാരിച്ചു. ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## ✦ വിവാഹഒരുക്ക സെമിനാർ

ഫാമിലി സെന്റർ നടത്തിവരുന്ന വിവാഹ ഒരുക്ക സെമിനാർ ജൂലൈ മാസം 6 മുതൽ 9 വരെയും, 27 മുതൽ 30 വരെയുമുള്ള തീയതികളിലായി നടന്നു. ആഗസ്റ്റു മാസം 10-13 തീയതികളിലായി നടന്ന സെമിനാറിൽ 133 പേർ സംബന്ധിച്ചു. മൂന്നു കോഴ്സുകളിലായി 360 പേർ സംബന്ധിക്കുകയുണ്ടായി. അടുത്ത സെമിനാർ ആഗസ്റ്റ് 24-27 തീയതികളിലായി നടന്നു.

ആഗസ്റ്റ് 15 വരെയുള്ള കാലയളവിൽ 18 പേർക്ക് സാന്ത്വന കൗൺസിലിംഗ് സെന്ററിൽ വച്ചു കൗൺസിലിംഗ് നൽകുകയുണ്ടായി.

സെപ്റ്റംബർ മാസത്തെ വിവാഹഒരുക്കസെമിനാർ 7 മുതൽ 10 വരെയും 24 മുതൽ 27 വരെ തീയതികളിലുമായി നടത്തപ്പെടുന്നതാണ്.

## മാതൃജ്യോതി

### ✦ എക്സിക്യൂട്ടീവ് യോഗം

ജൂലൈ 2-ന് മാതൃജ്യോതിയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം രൂപതാ ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടത്തിന്റെ അദ്ധ്യക്ഷതയിൽ ഷലോമിൽ ചേർന്നു. പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും ഉള്ള യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

### ✦ ശാഖാസന്ദർശനം

മംഗളാരാം, പാദുവ, മൂന്നിലവ്, വാകക്കാട്, പയസ്മൗണ്ട്, മംഗളഗിരി, അയ്യമ്പാറ, കോതനല്ലൂർ, നമ്പ്യാകുളം, വേദഗിരി, സ്ലീവാപുരം, കളത്തൂർ, മണ്ണാറപ്പാറ, മാൻവെട്ടം, മുട്ടുചിറ, മാന്നാർ, ഫാത്തിമാപുരം, തുരുത്തിപ്പള്ളി എന്നീ യൂണിറ്റുകൾ രൂപതാ സമിതി അംഗങ്ങൾ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

### ✦ അന്തർദ്ദേശീയ അല്മായ അസംബ്ലി

ആഗസ്റ്റ് 13, 14, 15 തീയതികളിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ചു നടന്ന അന്തർദ്ദേശീയ അല്മായ സമ്മേളനത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീമതി എം. സി. ഏലിക്കുട്ടി പുല്ലാട്ട്, ട്രഷറർ സിസിലി സെബാസ്റ്റ്യൻ ചക്കാനിക്കുന്നേൽ എന്നിവർ പങ്കെടുക്കുകയും മാതൃജ്യോതിയുടെ പ്രവർത്തനമേഖലകളെ വിശദീകരിക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

## സോഷ്യൽ വെൽഫെയർ സൊസൈറ്റി

### ✦ 68 കുടുംബങ്ങൾക്ക് ആടുകളെ വിതരണം ചെയ്തു

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ബക്കരിഗാവ് യോജനാ പദ്ധതിപ്രകാരം 68 കുടുംബങ്ങൾക്ക് ആടുകളെ വാങ്ങുന്നതിനുള്ള ധനസഹായം വിതരണം ചെയ്തു. ഇതോടൊപ്പം ഗുണഭോക്താക്കൾക്ക് ഒരു ദിവസത്തെ ആടുവളർത്തൽ പരിശീലനവും നൽകി.

### ✦ ബക്കരിഗാവ് യോജനാപദ്ധതി നാലാം ഘട്ടം ആരംഭിക്കുന്നു

സൊസൈറ്റിയുടെ ആടുവളർത്തൽ പദ്ധതിയായ ബക്കരിഗാവ് യോജനാപദ്ധതിയുടെ നാലാംഘട്ടം 12 ഇടവകകളിൽ കൂടി ആരംഭിക്കുന്നു. താൽപര്യമുള്ള സ്വാശ്രയസംഘങ്ങൾ സൊസൈറ്റിയുമായി ബന്ധപ്പെടുക.



### ✦ $Co_4$ പുൽക്കട വിതരണവും പുൽകൃഷി സെമിനാറും

അത്യുൽപാദനശേഷിയുള്ള ഏറ്റവും പുതിയ പുല്ലിനമായ $Co_4$ന്റെ വിതരണവും സെമിനാറും പാലാ ഷലോം പാസ്റ്ററൽ സെന്റർ, മുട്ടുചിറ സീയോൻഭവൻ, അരുവിത്തുറ പാരീഷ് ഹാൾ, ഇലഞ്ഞി പാരീഷ് ഹാൾ, തുടങ്ങനാട് പാരീഷ് ഹാൾ എന്നീ സ്ഥലങ്ങളിൽ വച്ചു നടത്തി.

### ✦ മണ്ണിരക്കമ്പോസ്റ്റ് പിറ്റിന് 1000 മുതൽ 2000 വരെ സബ്സിഡി

സൊസൈറ്റിയുടെ ജൈവസുരക്ഷാപദ്ധതി പ്രകാരം മണ്ണിരക്കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിന് 1000 മുതൽ 2000 രൂപാ വരെ സബ്സിഡി നൽകുന്നു. ഒരു റീജിയണിൽ എട്ടുപേർക്കാണ് അവസരം.

### ✦ കാടവളർത്തൽ പരിശീലനം

സൊസൈറ്റിയുടെ മൃഗസംരക്ഷണപരിശീലനപദ്ധതി പ്രകാരം മുട്ടുചിറ സീയോൻ ഭവനിലും പാലാ ഷലോം പാസ്റ്ററൽ സെന്ററിലും കാടവളർത്തൽ പരിശീലനം നടക്കുന്നു. ആഗസ്റ്റ് മാസത്തിൽ തീക്കോയി പാരീഷ് ഹാളിൽ വച്ച് കാടവളർത്തൽ പരിശീലനപരിപാടിയിൽ 85 പേർ പങ്കെടുത്തു.

### ✦ സോൺ കൗൺസിൽ ഉദ്ഘാടനം ചെയ്തു

രാമപുരം സോൺ കൗൺസിലിന്റെ ഉദ്ഘാടനസമ്മേളനം രാമപുരം മാർ ആഗസ്തീനോസ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. റവ. ഡോ. ജോർജ് ഞാറക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. പരിപാടിയോടനുബന്ധിച്ച് സാംസ്കാരികറാലി, ഹരിതഗ്രാമം പദ്ധതി, വൃക്ഷത്തൈ വിതരണം, ബക്കരിഗാവ് യോജനാ ഫണ്ട് വിതരണം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

### ✦ ഭരണങ്ങാനം സോൺ കൗൺസിൽ

ഭരണങ്ങാനം സോൺ കൗൺസിലിന്റെ ഉദ്ഘാടനം ഭരണങ്ങാനം പാരീഷ് ഹാളിൽ വച്ച് വികാരി റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കരയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് കെ.എം. മാണി എം.എൽ.എ. ഉദ്ഘാടനം നടത്തി. തോമസ് ജോർജ് ഐ.പി.എസ്. അപകടസുരക്ഷാനിയമങ്ങളെക്കുറിച്ച് ക്ലാസ് നടത്തി.

### ✦ വൃക്ഷത്തൈ വിതരണം ആരംഭിച്ചു

സൊസൈറ്റിയുടെ ഹരിതഗ്രാമം പദ്ധതി പ്രകാരമുള്ള വൃക്ഷത്തൈകളുടെ വിതരണം ആരംഭിച്ചു. പാലാ ഷലോം പാസ്റ്ററൽ സെന്റർ മുട്ടുചിറ സീയോൻ ഭവൻ എന്നിവിടങ്ങളിലാണ് വിതരണം നടക്കുക.

### ✦ സൗജന്യ നേത്രചികിത്സാക്യാമ്പ് നടത്തി

കോതനല്ലൂർ, അറക്കുളം, മീനച്ചിൽ, ചേർപ്പുങ്കൽ എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ അതത് സ്ഥലങ്ങളിൽ വച്ച് സൗജന്യ നേത്രചികിത്സാക്യാമ്പ് നടത്തി.

✢ **നിയമബോധന ശില്പശാല**

ഭരണങ്ങാനം, ഉള്ളനാട് എന്നീ സ്ഥലങ്ങളിൽ വച്ച് നിയമസാക്ഷരതാശില്പശാല സംഘടിപ്പിച്ചു.

✢ **പുതിയ എസ്എച്ച്ജി**

കൂട്ടിക്കൽ, ഭരണങ്ങാനം, മലയിഞ്ചിപ്പാറ, പൂഞ്ഞാർ, വിളക്കുമാടം എന്നീ സ്ഥലങ്ങളിൽ പുതിയ എസ്.എച്ച്.ഗ്രൂപ്പുകൾ പ്രവർത്തനമാരംഭിച്ചു.

✢ **ആരോഗ്യസെമിനാർ നടത്തി**

കാവാലി, തീക്കോയി, പൂഞ്ഞാർ എന്നീ സ്ഥലങ്ങളിൽ വച്ച് ആരോഗ്യ സെമിനാർ നടത്തി.

✢ **മുട്ടക്കോഴി വിതരണം**

പൂഞ്ഞാർ, തീക്കോയി, അരുവിത്തുറ എന്നീ സോണുകളിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പ്രവർത്തനം സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു.

✢ **സ്വാശ്രയസംഘം വാർഷികം**

വേലനിലം, കാക്കൂർ, വിളക്കുമാടം, വാകക്കാട്, ചേന്നാട്, അടിവാരം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ആഘോഷിച്ചു.

✢ **ധനസഹായം നൽകി**

സൊസൈറ്റിയുടെ വിവിധ സ്വയസഹായസംഘങ്ങൾ ജൂൺ മാസത്തിൽ വിവിധ ആവശ്യങ്ങൾക്കായി 67500 രൂപാ ധനസഹായം നൽകി.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

## ഏ.കെ.സി.സി.

✢ **കർഷകസംഗമം**

ഏ.കെ.സി.സി. പാലാ രൂപതയുടെയും രൂപതാകർഷകവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 30-ന് 2 മണിക്ക് മുണ്ടാങ്കൽ പള്ളി പാരീഷ് ഹാളിൽ കർഷകസംഗമം നടക്കും. ആസിയാൻ കരാർ കേരളത്തിലെ കർഷകരെ എങ്ങനെ ബാധിക്കും. ആനുകാലികകാർഷികകേരളം നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സമ്മേളനം ചർച്ച ചെയ്യും. ആഗസ്റ്റ് 23 ന് ചേർന്ന രൂപതാ നേതൃസംഗമം കർഷകസംഗമത്തിന്റെ വിജയത്തിനായി വിവിധ കമ്മറ്റികൾക്ക് രൂപം നൽകി. കർഷകസംഗമത്തിന്റെ എല്ലാ യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

✢ **രൂപതാ വാർഷികം നവംബർ 1-ന്**

രൂപതാ വാർഷികവും സമ്പൂർണ്ണപ്രവർത്തകസമ്മേളനവും നവംബർ 1-ന് നടത്തുവാൻ രൂപതാ കമ്മറ്റി യോഗം തീരുമാനിച്ചു. സെപ്റ്റംബർ മാസത്തിൽ വാർഷികത്തിന് മുന്നോടിയായി എല്ലാ മേഖലാ-യൂണിറ്റ് സമ്മേളനങ്ങളും ചേരേണ്ടതുണ്ട്. രൂപതാ പ്രതിനിധികൾ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതാണ്. സമ്മേളനങ്ങളുടെ തീയതികൾ രൂപതാ കേന്ദ്രത്തിൽ അറിയിക്കാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ?



✢ **അറക്കുളത്ത് സമ്മേളനം**

എ.കെ.സി.സി. യുടെയും വിവിധ സംഘടനകളുടെയും സംയുക്തസമ്മേളനം ചേർന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ എന്നിവർ ക്ലാസ് നയിച്ചു.

✢ **വിമോചനസമരം - അനുസ്മരണം**

മുട്ടുചിറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിമോചനസമരത്തിന്റെ 50-ാം വാർഷികത്തിൽ അനുസ്മരണസമ്മേളനം നടത്തി. റവ. ഫാ. കുര്യാക്കോസ് നരിതൂക്കിൽ, തോമസ് മാഞ്ഞൂരാൻ, ജോസ് പുത്തൻകാല, എം.കെ. തോമസ് എന്നിവർ സംസാരിച്ചു.

✢ **കോതനല്ലൂർ സമ്മേളനം**

കോതനല്ലൂർ യൂണിറ്റ് രൂപീകരണസമ്മേളനം ആഗസ്റ്റ് 23-ന് നടന്നു. റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, റവ. ഫാ. ജോസഫ് പുത്തൻപുര എന്നിവർ ക്ലാസ് നയിച്ചു.

✢ **മറ്റക്കര സെമിനാർ**

മറ്റക്കര യൂണിറ്റ് രൂപീകരണ സെമിനാർ ആഗസ്റ്റ് 23-ന് ചേർന്നു. ഫാ. ജോസഫ് എടത്തുംപറമ്പിൽ രാജീവ് കൊച്ചുപറമ്പിൽ, ഡാന്റീസ് കൂനാനിക്കൽ എന്നിവർ ക്ലാസ്സു നയിച്ചു.

✢ **മൂഴൂർ യൂണിറ്റ് രൂപീകരണം**

മൂഴൂർ യൂണിറ്റ് രൂപീകരണ സമ്മേളനം ആഗസ്റ്റ് 23-ന് ചേർന്നു. ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ, എം.എം. ജേക്കബ്, ജോയി മുത്തോലി എന്നിവർ സംസാരിച്ചു.

✢ **രൂപതാസമിതിയോഗം**

രൂപതാ ഭാരവാഹികളുടെ യോഗം ആഗസ്റ്റ് 9നും രൂപതാ മേഖലാ ഭാരവാഹികളുടെ സംയുക്തയോഗം ആഗസ്റ്റ് 23 നും ചേർന്നു. സംസ്ഥാനവർക്കിംഗ് കമ്മറ്റി, കാത്തലിക് ഫെഡറേഷൻ കൊച്ചി അന്താരാഷ്ട്ര അത്മായസമ്മേളനം എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു.

**സാജു അലക്സ് ജന. സെക്രട്ടറി**

## പാലാ കമ്മ്യൂണിക്കേഷൻസ്

✢ **കടലോളം കനിവ് അരങ്ങത്തേക്ക്**

പാലാ കമ്യൂണിക്കേഷൻസിന്റെ 12-ാമത് നാടകം 'കടലോളം കനിവ്' 2009 ഓഗസ്റ്റ് 20-ാം തീയതി പാലാ മുനിസിപ്പൽ ടൗൺഹാളിൽ അരങ്ങേറി. വൈകുന്നേരം 6 മണിക്ക് രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ജോസ്

കെ മാണി എം.പി. നിലവിളക്ക് കൊളുത്തി നാടകം ഉദ്ഘാടനം ചെയ്തു. നാടക കൃത്ത് ഫ്രാൻസീസ് ടി മാവേലിക്കര, സംവിധായകർ വക്കം ഷക്കീർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നാടകാവതരണം നടന്നു.

### ✦ ചെണ്ടമേളം അരങ്ങേറി

പാലാ കമ്യൂണിക്കേഷൻസിന്റെ നൂതനസംരംഭമായ ചെണ്ടമേളം ഗ്രൂപ്പ് 2009 ഓഗസ്റ്റ് 20-ാം തീയതി പാലായിൽ അരങ്ങേറി.

### ✦ ശലഭക്കാഴ്ചകൾ

13-ാമത് നാടകം കൗമാരത്തുടിപ്പുകൾക്കും അവരുടെ രക്ഷിതാക്കൾക്കും മനശാസ്ത്രജ്ഞന്മാരുടെയും വിദ്യാഭ്യാസവിചക്ഷണന്മാരുടെയും സഹകരണത്തോടെ സഹകരണത്തോടെ പ്രൊഫഷണൽ കലാകാരന്മാർ അണിനിരക്കുന്ന വേറിട്ടൊരു ദൃശ്യാനുഭവം. ശലഭക്കാഴ്ചകൾ പാലാ കമ്യൂണിക്കേഷൻസ് ഒരുക്കുന്നു. ഇടവകകളിൽ സൺഡേ സ്കൂളുകളിൽ അവതരിപ്പിക്കാൻ പാകത്തിലാണ് ഇത് ഞങ്ങൾ അണിയിച്ചൊരുക്കുന്നത്. ഒക്ടോബർ ആദ്യവാരം മുതൽ അവധിദിവസങ്ങളിലും ഞായറാഴ്ചകളിലും ഈ പ്രോഗ്രാം അവതരിപ്പിക്കുന്നതാണ്.

### ✦ ബഹു. വൈദികർക്കായി സംഗീതക്ലാസ്സ്

ബഹു. വൈദികർക്ക് സംഗീതം പഠിക്കാനായി പാലാ കമ്യൂണിക്കേഷൻസ് അവസരമൊരുക്കുന്നു. സെപ്റ്റംബർ 9 മുതൽ എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 5 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിലാണ് ക്ലാസ്സു നടക്കുന്നത്.

### ✦ ഇടവകകളിൽ ഫൈൻ ആർട്സ് അസോസിയേഷനുകൾ

ഇടവകകളിൽ തിരുനാളുകൾക്കൊരു കലാപരിപാടി എന്ന നിലയിൽ മാത്രമാണ് നാടകത്തെയും മറ്റു കലാരൂപങ്ങളെയും ഇന്ന് കാണുന്നത്. പക്ഷേ, ആണ്ടുവട്ടത്തിലെ ഏതാനും ഞായറാഴ്ചകളിലായി നമ്മുടെ തിരുനാളുകൾ പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നല്ലൊരു ശതമാനം കലാരൂപങ്ങളും അവയർഹിക്കുന്ന രീതിയിൽ അവതരിപ്പിക്കപ്പെടാനോ അംഗീകാരം നേടാനോ ഇന്നു കഴിയാതെ വരുന്നു, ഇതിനൊരു പരിഹാരം ഇടവകകളിലും മറ്റും ഫൈൻ ആർട്സ് അസോസിയേഷനുകൾ ആരംഭിച്ച് നല്ല നാടകങ്ങൾ പോലെയുള്ള കലാരൂപങ്ങളെ ജനമദ്ധ്യത്തിലെത്തിക്കുകയാണ്. മെമ്പർഷിപ്പ് ഏർപ്പെടുത്തിയും ടിക്കറ്റുവച്ചും ഫണ്ടു കണ്ടെത്തി നമ്മുടെ പാരീഷ് ഹാളുകളിലും മറ്റും ആണ്ടുവട്ടത്തിൽ കുറഞ്ഞത് ആറു പരിപാടിയെങ്കിലും അവതരിപ്പിക്കുവാൻ നമുക്കു സാധിക്കും. നല്ല പരിപാടികൾ കണ്ടെത്തി കുറഞ്ഞ ചെലവിൽ സംഘടിപ്പിച്ചുകൊടുക്കാൻ പാലാ കമ്യൂണിക്കേഷൻസ് തയ്യാറാണ്. സഹകരിക്കുമല്ലോ.

### ✦ സി.ഡി. കൾ പുറത്തിറങ്ങി

വൈദികവർഷാചരണത്തിന്റെ ഭാഗമായി പാലാ കമ്യൂണിക്കേഷൻസ് അവതരപ്പിക്കുന്ന ഗാനസമാഹാരം 'അഭിഷേകം' കർണ്ണാടകസംഗീതപഠനത്തിനുപകരിക്കുന്ന 'സംഗീതമഞ്ജരി' 'അൽഫോൻസാമ്മ' നാടകഗാനങ്ങൾ അടങ്ങിയ സിഡികൾ 2009 ഓഗസ്റ്റ് 20-ന് ജോസ് കെ. മാണി എം.പി. പ്രകാശനം ചെയ്തു.

**ഫാ. ജയിംസ് വെണ്ണായിപ്പള്ളിൽ (ഡയറക്ടർ)**





## പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

## റവ. ഫാ. ജയിംസ് കൈപ്പൻപ്ലാക്കൽ

കൊഴുവനാൽ ഇടവകയിൽ കൈപ്പൻപ്ലാക്കൽ കുടുംബത്തിൽ സക്കറിയാസ് എലിസബത്ത് ദമ്പതികളുടെ മകനായ ബഹു. ജയിംസച്ചൻ 1945 ജനുവരി 29-ാം തീയതി ജനിച്ചു. സെന്റ് ജോൺസ് യു. പി. സ്കൂൾ കൊഴുവനാൽ, സെന്റ് ആന്റണീസ് ഹൈസ്കൂൾ മുത്തോലി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1971 മാർച്ച് 13-ാം തീയതി ളാലം പഴയപള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ച് വൈദികനായി അഭിഷിക്തനായി. മനിലയിൽ ഉന്നതവിദ്യാഭ്യാസം നടത്തിയ അച്ചൻ മൂന്ന് ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

ബഹു. ജയിംസച്ചൻ പാലാ രൂപതയിലെ ളാലം പഴയ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും, സെന്റ് ആന്റണീസ് പള്ളി ഇളംതോട്ടം, സെന്റ് ജോസഫ്സ് പള്ളി അന്തീനാട്, സെന്റ് എഫ്രേം പള്ളി കവീക്കുന്ന് എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീപനാളം വാരികയുടെ മാനേജർ, നീലൂർ സാവിയോ ഹോമിന്റെ റെക്ടർ, മാസ് കമ്യൂണിക്കേഷൻ മീഡിയായുടെ ഡയറക്ടർ ഗോൾഡൻ ജൂബിലി മ്യൂസിയത്തിന്റെ സ്ഥാപകസംരക്ഷകർ എന്നീ നിലകളിലും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. അച്ചന്റെ സേവനങ്ങൾ പാലാ രൂപതയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. 'പുതിയ ആകാശവും പുതിയ ഭൂമിയും' അദ്ദേഹത്തിന്റെ തൂലികയിൽനിന്നും വിരചിതമായ കൃതിയാണ്.

പ്രശംസയ്ക്കുവേണ്ടിയുള്ള പ്രവർത്തനമാകാതെ ക്രിസ്തുവിനുവേണ്ടി കത്തിയെരിഞ്ഞ ബഹു. ജയിംസച്ചൻ അനാരോഗ്യം മൂലം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും 2009 ജൂലൈ 30-ാം തീയതി രാത്രി 10 മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. എന്നാൽ അച്ചന്റെ മരണത്തിൽ മറഞ്ഞിരിക്കുന്നത് ജീവനാണ്. അത് വിശ്വസ്തതയ്ക്ക് കിട്ടിയ അംഗീകാരമാണ്. മരണം വരെ നിങ്ങൾ വിശ്വസ്തരായിക്കുവിൻ ജീവന്റെ കിരീടം നിങ്ങൾക്ക് ഞാൻ നല്കും (വെളി. 2:10). എന്ന വചനമാണ് അച്ചന്റെ ജീവിതത്തിൽ വിളങ്ങി നിന്നത്.

മൃതസംസ്കാരശുശ്രൂഷകൾ ആഗസ്റ്റ് 1-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ടച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വീട്ടിൽ ആരംഭിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കൊഴുവനാൽ സെന്റ് നെപുംസ്യാൻസ് പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും മൃതസംസ്കാരകർമ്മങ്ങൾ നടത്തുകയും ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവ് മൃതസംസ്കാരശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ശുശ്രൂഷകളിൽ സന്നിഹിതനായിരുന്നു.

ബഹു. ജയിംസച്ചന്റെ നിസ്വാർത്ഥവും ത്യാഗനിർഭരവും സ്തുത്യർഹവുമായ സേവനങ്ങളെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അച്ചന്റെ ബന്ധുക്കളോടും പ്രിയപ്പെട്ടവരോടുമുള്ള രൂപതയുടെ അനുശോചനം അറിയിക്കുന്നു. അച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

# നിര്യാതരായി

## സി. സീലിയ സി.എം.സി.

ഇലഞ്ഞി കർമ്മലീത്താമഠാംഗമായിരുന്ന സി. സീലിയ സി.എം.സി. (72) 21-08 -2009 വെള്ളിയാഴ്ച വൈകുന്നേരം 5 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 22-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് റവ. ഫാ. ജോസഫ് വടയാറ്റുകുഴിയുടെ കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ അർപ്പിച്ച ദിവ്യബലിയെത്തുടർന്ന് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ഇലഞ്ഞി ഫൊറോനാപ്പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

ആഴമായ ദൈവസ്നേഹത്തിലൂടെയും ലാളിത്യം നിറഞ്ഞ സമർപ്പണത്തിലൂടെയും, അധ്യാപനത്തിലൂടെയും, ക്ഷമാപൂർവ്വമായ സഹനജീവിതത്തിലൂടെയും, ദൈവത്തെയും ദൈവജനത്തെയും സ്നേഹിച്ച് സേവിക്കുന്നതിൽ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇളംമനസ്സുകളിൽ ദൈവവിളിയുടെ വിത്തുകൾ പാകുന്നതിനും അനേകരെ വൈദികസന്യാസജീവിതത്തിലേയ്ക്ക് ആനയിക്കുന്നതിനും കഴിഞ്ഞു. എണ്ണനിറച്ച വിളക്കുകൊളുത്തി ദിവ്യനാഥന്റെ വിളിക്ക് കാതോർത്തിരുന്ന സി. സീലീയായെ ദൈവം മഹത്വത്തിന്റെ നിത്യകീരീടമണിയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

## സി. റോബർട്ട് എഫ്.സി.സി.

വാഗമൺ ക്ലാരമഠാംഗമായിരുന്ന സി. റോബർട്ട് (80 വയസ്സ്) 2009 ഓഗസ്റ്റ് 10-ാം തീയതി വൈകുന്നേരം ഏഴു മണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്കാരകർമ്മങ്ങൾ പതിനൊന്നാം തീയതി 2.30-ന് വാകക്കാട് ക്ലാരമഠത്തിൽ അമ്മയുടെ സഹോദരീപുത്രൻ റവ. ഫാ. ജോർജ് കൊല്ലംപറമ്പിലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി ആരംഭിച്ചു. തുടർന്ന് വാകക്കാട് സെന്റ് പോൾസ് പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ വെരി. റവ. ഫാ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

ബഹു. റോബർട്ടമ്മ വാകക്കാട്, വളക്കാട്ടുകുന്ന്, പാദുവ, കോതനല്ലൂർ, കൂട്ടിക്കൽ, പുലിയന്നൂർ, മഞ്ഞാമറ്റം, അരുണാപുരം, വാഗമൺ, അരുവിത്തുറ എന്നിങ്ങനെ വിവിധ മഠങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. മഠങ്ങളിലെ ജോലിക്കാരോടും ഇടവക ജനങ്ങളോടും നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു അമ്മ. താൻ ഇടപെടുന്ന എല്ലാവരേയും ദൈവികചിന്തയിലേക്കു നയിക്കുവാൻ ഒരു പ്രത്യേക കഴിവ് അമ്മയ്ക്കുണ്ടായിരുന്നു. സാധുജനങ്ങളോട് വലിയ അനുകമ്പയോടെ പെരുമാറിയിരുന്ന റോബർട്ടമ്മ അവരുടെ ആവശ്യങ്ങളിൽ സഹായവും പ്രശ്നങ്ങളിൽ പരിഹാരവും കണ്ടെത്തുവാൻ ഉത്സാഹിച്ചിരുന്നു. അമ്മയുടെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# PRAYER DAY (REF. VOL. XXXV NO.1)

## ( 2009 Aug. 15 - 2009 September. 14)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Moothedan Mathew | Sept. 14 |
| 2. | Moosariaet Jose | 15 |
| 3. | Mukaleparampil Joseph | 16 |
| 4. | Mukkumkuzhiyil Kurian | 17 |
| 5. | Mukkom Joseph | 18 |
| 6. | Mulangattil George | 19 |
| 7. | Mulanjanal Joseph | 20 |
| 8. | Mundackal Joseph | 21 |
| 9. | Mundumuzhikara Sebastian | 22 |
| 10 | Munduvalayil Mathew | 23 |
| 11. | Muricken Jacob | 24 |
| 12. | Muthanattu Joseph | 25 |
| 13. | Myladoor Francis | 26 |
| 14. | Mylaparampil Joseph | 27 |
| 15. | Nadackal Antony | 28 |
| 16. | Nadackal Thomas | 29 |
| 17. | Nadackal George | 30 |
| 18. | Naduthadam Sebastian | Octo. 1 |
| 19. | Naduviledam Paul | 2 |
| 20. | Naduvilekoot Ignatius | 3 |
| 21. | Naduvilekoot Joesph | 4 |
| 22. | Naikarkudy Paul | 5 |
| 23. | Narikkatt Michael | 6 |
| 24. | Narithookil Kuriakose | 7 |
| 25. | Narithookil Joseph | 8 |
| 26. | Narively Mathew | 9 |
| 27. | Nattunilam Joseph | 10 |
| 28. | Nellickatheruvil Jose | 11 |
| 29. | Nellikatt Sebastian | 12 |
| 30. | Nirappil Cyriac | 13 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

ആഗസ്റ്റ് 1

9.30 am കാവുംകണ്ടം പള്ളിയിൽ വച്ച് പാലാ രൂപതയ്ക്കുവേണ്ടിയുള്ള ബഹു. ഡീക്കൻ ആന്റണി തയ്യിലിന് വൈദികപട്ടം നല്കി.

3.00 pm കർത്താവിൽ നിദ്രപ്രാപിച്ച കൊഴുവനാൽ ഇടവകക്കാരനായ ബഹു. ജെയിംസ് കൈപ്പൻപ്ലാക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

ആഗസ്റ്റ് 2

3.00 pm പാലാ മരിയൻ സെന്ററിൽ രോഗികളായി കഴിഞ്ഞിരുന്ന ബഹു. വൈദീകരെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

ആഗസ്റ്റ് 3-8

കാക്കനാട് സെ. തോമസ് മൗണ്ടിൽ ആരംഭിച്ച കെ.സി.ബി.സി.യിൽ പങ്കെടുത്തു.

ആഗസ്റ്റ് 4

10.00 am രാമപുരത്ത് വച്ച് നടന്ന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

ആഗസ്റ്റ് 7

3.00 pm മേരിലാന്റ് ഇടവകയിൽ ബഹു. വെട്ടുകല്ലേൽ അച്ചൻമാരുടെ അമ്മയുടെ മൃതസംസ്കാര ശുശ്രുഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ആഗസ്റ്റ് 9-16

മനിലയിൽ വച്ച് നടന്ന ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസിൽ സീറോ മലബാർ സഭയെ പ്രതിനിധികരിച്ച് പങ്കെടുത്തു.

ആഗസ്റ്റ് 17-28

കാക്കാനാട് സെ. തോമസ് മൗണ്ടിൽ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

ആഗസ്റ്റ് 22

3.15 pm സേവ്യർപുരം ഇടവകയിൽ ബഹു. പാനാമ്പുഴ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രുഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.



5.30 pm വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന സ്ഥലം സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

ആഗസ്റ്റ് 23

11.00 am പാലാ മരിയൻ സെന്ററിൽ രോഗീ സന്ദർശനം നടത്തി.

12.30 pm വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന സ്ഥലം സന്ദർശിച്ച് അവസാനഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തി.

3.00 pm വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് പുറത്തിറക്കുന്ന നാണയ പ്രകാശന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് കൃതജ്ഞത ബലിയിൽ പങ്കുചേർന്നു.

7.00 pm കർത്താവിൽ നിദ്രപ്രാപിച്ച മണർകാട്ട് ചിന്നമ്മ മൈക്കിളിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

ആഗസ്റ്റ് 29

5.00 pm ശാന്തിഗിരി ഇടവകയിൽ പുതിയതായി നിർമ്മിച്ച കുരിശടി വെഞ്ചിരിച്ച് സന്ദേശം നല്കി

ആഗസ്റ്റ് 29-30

തീക്കോയി ഫൊറോന പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

ആഗസ്റ്റ് 31

11.00 am അറക്കുളം പഴയ പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

---

# *Bishop's Engagements*

## Mar Joseph Kallarangatt

September 2009

| | | |
|---|---|---|
| September 01 | 3.00 pm | Presbyteral Council |
| | 6.30 am | Manathoor: Holy Qurbana |
| 02 | 4.30 pm | Ramapuram: |
| 03 October 04 | | Rome |

# Mobile Numbers of
# Very Rev. / Rev. Fathers (Updated, August 2009)

| | | |
|---|---|---|
| 1 | Adappacheril Sebastian | 9446820977 |
| 2 | Alapattumedayil Mathew | 9446126683 |
| 3 | Alappattukunnel Sebastian | 9495444767 |
| 4 | Alenchery Joseph | 9447833522 |
| 5 | Ambazhathinal George | 9447129262 |
| 6 | Ammanathukunnel Joseph | 9446982579 |
| 7 | Ammottukunnel Mathew | 9640569085 |
| 8 | Ampazhathumkal George | 9447733265 |
| 9 | Ampazhathumkal Mathew | 9447843316 |
| 10 | Anchanickal Jose | 9447291009 |
| 11 | Ancheril Jose | 9446985650 |
| 12 | Anithanam Kurian | 9497093599 |
| 13 | Arackal Joseph | 9446204332 |
| 14 | Arackaparampil Mathew | 9446859852 |
| 15 | Aranjaniputhenpura Augustine | 9447396056 |
| 16 | Arimattam Joseph | 9847775738 |
| 17 | Attapattu Zacharias | 9447015328 |
| 18 | Ayallukunnel Thomas | 9447525376 |
| 19 | Ayramana Thomas | 9495335449 |
| 20 | Brahmanavelil Thomas | 9447208288 |
| 21 | Chakkalackal Joseph | 9495020499 |



| | | |
|---|---|---|
| 22 | Chandrankunnel Mathew (Jr.) | 9495447144 |
| 23 | Chandrankunnel Mathew (Sr.) | 9961880157 |
| 24 | Chavelil James | 9495333928 |
| 25 | Cheeramkuzhy Michael | 9447572080 |
| 26 | Chencheril Sebastian | 9446197566 |
| 27 | Cherukarakunnel Joseph | 9447067779 |
| 28 | Cherukarakunnel Sebastian | 9447571873 |
| 29 | Cheruvallikizhakel Thomas | 9447867558 |
| 30 | Chillackal Thomas | 9447569914 |
| 31 | Chollanal George | 9495127551 |
| 32 | Danavelil George | 9447851470 |
| 33 | Edathumparampil Joseph | 9447115854 |
| 34 | Edayal Thomas | 9447456759 |
| 35 | Edayodiyil George | 9747904064 |
| 36 | Elambasseril George | 9447456710 |
| 37 | Ennackappallil Mathew | 9446812266 |
| 38 | Enthanal Jose | 9446454452 |
| 39 | Erimattam Abraham | 9744167194 |
| 40 | Ettumanookaran Alwin | 9447308868 |
| 41 | Ettuparayil Sebastian | 9447311334 |
| 42 | Ezhuparayil Jose | 9495803585 |
| 43 | Illimoottil Joseph | 9447188539 |
| 44 | Illimoottil Mathew | 9447421217 |
| 45 | Illimoottil Thomas | 9447964971 |

| | | | |
|---|---|---|---|
| 46 | Kachiramattam Austine | 9447050470 | |
| 47 | Kadalikkattil Mathew | 9447318408 | |
| 48 | Kadaplackel Sebastian | 9961404937 | 9496464580 |
| 49 | Kadookunnel John | 9961395431 | |
| 50 | Kadookunnel Mathew | 9495081230 | |
| 51 | Kadukammackal Augustine | 9495393245 | |
| 52 | Kakkallil Jose | 9447568416 | |
| 53 | Kakkattuthadathil Thomas | 9447985405 | |
| 54 | Kalachira Thomas | 9846768212 | |
| 55 | Kalapurackal Jose | 9495194365 | |
| 56 | Kalariparampil Vincent | 9447141945 | |
| 57 | Kalathipullat Thomas | 9447851859 | |
| 58 | Kalayil Kurian | 9447126455 | |
| 59 | Kalayil Kurian | 9447126455 | |
| 60 | Kalayil Mathew | 9495543711 | |
| 61 | Kallarackal Martin | 9447568581 | |
| 62 | Kaniampadickal Abraham | 9495215001 | |
| 63 | Kaniyampady Zacharias | 9446759509 | |
| 64 | Kanjiramkuzhy John | 9447119154 | |
| 65 | Kannanthanam John | 9447040653 | |
| 66 | Kappil Joseph | 9447984797 | |
| 67 | Kappiliparampil Kuriakose | 9495188517 | |
| 68 | Karamvely George | 9891475005 | |
| 69 | Kariapuram Joseph | 9495519898 | |



| | | |
|---|---|---|
| 70 | Karikulam Joseph | 9701404054 |
| 71 | Karottukizhakkel Thomas | 9447940444 |
| 72 | Kattackal James | 9446260844 |
| 73 | Kavalammackal Mathew | 9701404051 |
| 74 | Kavanadimalayil Mathew | 9447139253 |
| 75 | Kavumpuram Joseph | 9447147884 |
| 76 | Kavumpurathu George | 9744403558 |
| 77 | Keeranchira Jose | 9446984615 |
| 78 | Kizhakel Thomas | 9447284884 |
| 79 | Kizhakkearanjaniyil George | 9495024226 |
| 80 | Kizhakkearanjaniyil Mathew | 9447137794 |
| 81 | Kizhakkekollithanam Thomas | 9447764435 |
| 82 | Kizhakkeparambil Michael | 9447324245 |
| 83 | Kochayyankanal James | 9745050308 |
| 84 | Kochukaippettyil Cyriac | 9447400450 |
| 85 | Kochumuriyil Joseph | 9446759702 |
| 86 | Kokkatt Mathew | 9446203593 |
| 87 | Kolath Augustine | 9447146910 |
| 88 | Kollamparampil Devasiachan | 9447940440 |
| 89 | Kollamparampil Joseph | 9447146001 |
| 90 | Kollithanathumalayil Abraham | 9447599947 |
| 91 | Koonammakkal Thomas | 9447319913 |
| 92 | Koottiyaniyil Augustine | 9446178618 |
| 93 | Koramkuzha Mathew | 9446922066 |

| | | |
|---|---|---|
| 94 | Kottarathil Emmanuel | 9447147679 |
| 95 | Kottayil James | 9645129272 |
| 96 | Kottayil Jose | 9495213782 |
| 97 | Kottayil Kurian | 9447332527 |
| 98 | Kozhikott Alex | 9447600167 |
| 99 | Kozhuppankutty Augustine | 9446126684 |
| 100 | Kozhuppankutty Paul | 9447144651 |
| 101 | Kudilil James | 9446274999 |
| 102 | Kumminiyil Joseph | 9846807899 |
| 103 | Kunnackattu Biju | 9446200363 |
| 104 | Kunnackattu Joby | 9446128410 |
| 105 | Kunnappally Jose | 9447571911 |
| 106 | Kunnel Cyriac | 9447599341 |
| 107 | Kunnumpuram Berchamans | 9446196930 |
| 108 | Kuppayil Puthenpurayil Dominic | 9986121671 |
| 109 | Kuppupuzhackal Abraham | 9961019932 |
| 110 | Kurichiyil Issac | 9963538133 |
| 111 | Kurisummoottil Mathew | 9446205845 |
| 112 | Kuttiyanickal Mathew | 9447355279 |
| 113 | Kuttiyankal Joseph | 9539517490 |
| 114 | Kuzhinjalil Mathew | 9447323544 |
| 115 | Madappallimattam Joseph | 9495496738 |
| 116 | Madappally Thomas | 9446859803 |
| 117 | Madathikunnel Jose | 9446758638 |



| | | |
|---|---|---|
| 118 | Madathikunnel Mathew | 9447231010 |
| 119 | Madathikunnel Paul | 9447572428 |
| 120 | Madathiparampil Thomas | 9447120988 |
| 121 | Madhurapuzha Zacharias | 9495524816 |
| 122 | Madukavil George | 9447288499 |
| 123 | Malamackal Scaria | 9847905470 |
| 124 | Malayil Joseph | 9447959132 |
| 125 | Malayilputhanpura Thomas | 9447356971 |
| 126 | Maleparampil Joseph | 9447132324 |
| 127 | Maleparampil Mathew | 9446107284 |
| 128 | Maliekal John | 9048364256 |
| 129 | Mampallikunnel Sebastian | 9495255122 |
| 130 | Mangalath James | 9447140859 |
| 131 | Manianchira Joseph | 9605570312 |
| 132 | Manianchira Thomas | 9447808731 |
| 133 | Maniangatt Joseph | 9447068508 |
| 134 | Maniangatt Thomas | 9633524449 |
| 135 | Maniangatt Zacharias | 9446203587 |
| 136 | Mannanal Joseph | 9447507944 |
| 137 | Mannookusumpil George | 9446822072 |
| 138 | Mannoor Sebastian | 9946801460 |
| 139 | Mannoor Thomas | 9495684403 |
| 140 | Maprakarottu Sebastian | 9446127025 |
| 141 | Mathilakath Mathew | 9496322858 |

| | | |
|---|---|---|
| 142 | Mathothu Kurian | 9495510694 |
| 143 | Mattam John | 9446861886 |
| 144 | Mattam Kurian | 9446125581 |
| 145 | Mattamundayil John | 9446982681 |
| 146 | Mattappally Mathew | 9495665753 |
| 147 | Mekkattukunnel Andrews | 9447112104 |
| 148 | Menachery Thomas | 9447522024 |
| 149 | Meyickal Joseph | 9496336035 |
| 150 | Moolakunnel Alexander | 9447147846 |
| 151 | Moolayil Sebastian | 9440048524 |
| 152 | Moolayil Thomas | 9048117875 |
| 153 | Moolechalil George | 9846603709 |
| 154 | Moolechalil Thomas | 9496463984 |
| 155 | Moongamakkal Vincent | 9447661326 |
| 156 | Moosariparampil Mathew | 9447814498 |
| 157 | Moothedam Mathew | 9446287783 |
| 158 | Mukaleparampil Joseph | 9495849940 |
| 159 | Mulangattil George | 9495496815 |
| 160 | Mulanjanal Joseph | 9495214966 |
| 161 | Mundackal Joseph | 9447507571 |
| 162 | Mundumuzhikara Sebastian | 9447869814 |
| 163 | Munduvalayil Mathew | 9447140084 |
| 164 | Muthanattu Joseph | 9447128014 |
| 165 | Mylamparampil Joseph | 9495513113 |



| | | |
|---|---|---|
| 166 | Naduviledom Paul | 9446861877 |
| 167 | Naduvilekoot Jose | 9446200682 |
| 168 | Naduvilekutt Ignatius | 9946868714 |
| 169 | Naikarakudy Paul | 9447946481 |
| 170 | Narikkattu Michael | 9496414720 |
| 171 | Narithookil Kuriakose | 9495570811 |
| 172 | Narithookkil Joseph | 9447285041 |
| 173 | Narivelil Mathew | 9447910422 |
| 174 | Nellickatheruvil Jose | 9447148198 |
| 175 | Nellikattu Sebastian | 9441373877 |
| 176 | Nirappil Cyriac | 9447869826 |
| 177 | Niravath George | 9495265260 |
| 178 | Njarakkattil Joseph | 9446126222 |
| 179 | Njarakunnel George | 9446927217 |
| 180 | Njarakunnel George Vargheese | 9447395942 |
| 181 | Njavallil Thomas | 9447694582 |
| 182 | Olickal Alexander | 9947158237 |
| 183 | Olickal Thomas | 9947128437 |
| 184 | Olickalputhenpura Thomas | 9640569075 |
| 185 | Oravachalil George | 9605528570 |
| 186 | Ouseparampil Michael | 9447601305 |
| 187 | Padannamakkal Joseph | 9495481436 |
| 188 | Padickakuzhuppil Sebastian | 9446805644 |
| 189 | Paikada George | 9447979658 |

| | | |
|---|---|---|
| 190 | Palackaparampil Augustine | 9447473575 |
| 191 | Palackathadathil Abraham | 9447473585 |
| 192 | Palakkattukunnel Joseph | 9495265361 |
| 193 | Palithottam John | 9447345246 |
| 194 | Pallackal Joseph | 9496336032 |
| 195 | Pallipparampil George | 9747771743 |
| 196 | Pallipurathukunnel Thomas | 9447985403 |
| 197 | Pampara Joseph | 9447067782 |
| 198 | Panakakuzhy Thomas | 9447138860 |
| 199 | Pandaraparampil Jacob | 9495510027 |
| 200 | Pandiamackal Joseph (Jr.) | 9495525132 |
| 201 | Pandiamakel Joseph (Sr.) | 9446123905 |
| 202 | Panthalanickal Mathew | 9447302242 |
| 203 | Parakandathil Thomas | 9447284350 |
| 204 | Parampithadathil George | 9447809396 |
| 205 | Parankulangara Cherian | 9249333245 |
| 206 | Paraplakal Francis | 9447959166 |
| 207 | Parathotty Mathew | 9447869223 |
| 208 | Paravummel Jose | 9447367489 |
| 209 | Parekkattu Emmanuel | 9495849750 |
| 210 | Parekunnel George | 9447138918 |
| 211 | Parekunnel Thomas | 9447093783 |
| 212 | Pariath Joseph (Jr) | 9495234722 |
| 213 | Pariath Joseph (Sr) | 9447556580 |



| | | |
|---|---|---|
| 214 | Pathickel Puthenpurayil Kuriakose | 9656091965 |
| 215 | Pattathil Sebastian | 9447094211 |
| 216 | Payyanimandapam Joseph | 9446862031 |
| 217 | Pazheparampil George | 9495335801 |
| 218 | Pazheparampil Sebastian | 9645535210 |
| 219 | Peedikamalayil Augustine | 9447138843 |
| 220 | Peedikayil Mathew | 9961274337 |
| 221 | Periappuram Emmanuel | 9701404052 |
| 222 | Perumattam Augustine | 9946383403 |
| 223 | Plathottathil George | 9495496736 |
| 224 | Polachira Kunnumpuram George | 9495842682 |
| 225 | Polakattu Kurian | 9048138742 |
| 226 | Poovathumkal Jose (Sr.) | 9447521063 |
| 227 | Porunnolil James | 9447805489 |
| 228 | Potheettel John | 9447145818 |
| 229 | Pottanany Sebastian | 9446923030 |
| 230 | Pottankulam Jacob | 9446821994 |
| 231 | Pulavelil Joseph (Jr.) | 9447910776 |
| 232 | Puliurumbil James | 9447306131 |
| 233 | Pullatt Thomas | 9747152375 |
| 234 | Pullettu Johnson | 9447407752 |
| 235 | Pullukalayil George | 9446119502 |
| 236 | Pullukalayil Mathew | 9963538140 |
| 237 | Punnaplackal Joseph | 9447507875 |

| | | |
|---|---|---|
| 238 | Punnathanathukunnel Mathew | 9656321777 |
| 239 | Purayidam Thomas | 9447125836 |
| 240 | Purayidathil Joseph | 9446762362 |
| 241 | Puthenpura Joseph | 9495684486 |
| 242 | Puthenpurackal Mathew | 9946324827 |
| 243 | Puthettu Cyriac | 9496464496 |
| 244 | Puthiyaparampil George | 9447805319 |
| 245 | Puthiyidath Joseph | 9946296458 |
| 246 | Puthiyidath Mathew | 9963538150 |
| 247 | Puthoor Sebastian | 9447293817 |
| 248 | Puthumana Joseph | 9961933929 |
| 249 | Puzhakkara Sebastian | 9447355140 |
| 250 | Sauriamkuzhy George | 9446383384 |
| 251 | Sauriamkuzhy Mathew | 9495393352 |
| 252 | Srampickal Joseph | 9446200236 |
| 253 | Thadathil Cyriac | 9447662039 |
| 254 | Thadathil Joseph (Jr.) | 9447279209 |
| 255 | Thadathil Joseph (Sr.) | 9447355275 |
| 256 | Thadathil Kurian | 9447294545 |
| 257 | Thadathil Mathew | 9447567491 |
| 258 | Thakidiyil Abraham | 9446859723 |
| 259 | Thalavayalil Abraham | 9447572820 |
| 260 | Thalodiyil Augustine | 9344122214 |
| 261 | Thanninilkumthadathil Thomas | 9947321670 |



| | | |
|---|---|---|
| 262 | Thannipara Thomas | 9447313222 |
| 263 | Tharappel Joseph (Jr.) | 9447917851 |
| 264 | Thayil Antony | 9745065155 |
| 265 | Tharappel Joseph (Sr.) | 9447136390 |
| 266 | Thekkedath Thomas | 9744517579 |
| 267 | Thekkel Joseph (Jr.) | 9446756827 |
| 268 | Thekkel Mathew | 9446921005 |
| 269 | Thekkemury George | 9447721050 |
| 270 | Thekkumcherikunnel Sebastian | 9446122070 |
| 271 | Thelliyil Jose | 9605946672 |
| 272 | Thengumpallil Antony | 9447516466 |
| 273 | Thengumpally Sebastian | 9447067171 |
| 274 | Thengupally Joseph | 9447507565 |
| 275 | Theruvathu Augustine | 9447043323 |
| 276 | Thevarkunnel Mathew | 9446126639 |
| 277 | Thondamkulam Zacharias | 9446196933 |
| 278 | Thonikuzhy Sebastian | 9447776741 |
| 279 | Thottumkal Thomas | 9447133189 |
| 280 | Thruthiyil Abraham | 9447851910 |
| 281 | Thudianplackal Kuruvila | 9446197082 |
| 282 | Thulumpanmakal Ephrem | 9446858915 |
| 283 | Thuruthel Sebastian | 9744157743 |
| 284 | Vadakara Joseph | 9446956720 |
| 285 | Vadakethottiyil George | 9446602895 |

| | | | |
|---|---|---|---|
| 286 | Vadakkekara Michael | 9447125983 | |
| 287 | Vadakkekuttu Jose | 9446200345 | |
| 288 | Vadakkel Cyriac | 9447910724 | |
| 289 | Vadakkel Francis | 9496115644 | |
| 290 | Vadakkel George | 9446240940 | |
| 291 | Vadakkel Jacob | 9495571608 | |
| 292 | Vadakkel Thomas | 9446922454 | |
| 293 | Vadakkemangalath Joseph | 9447121419 | |
| 294 | Vadakkenellikattil Joseph | 9447140892 | |
| 295 | Vadakkummukaleyil Thomas | 9496116135 | |
| 296 | Vadayattukuzhy Joseph | 9446923037 | |
| 297 | Valiyaveettil Thomas | 9447129275 | |
| 298 | Valiyaveettilkalapura Sebastian | 9447850560 | |
| 299 | Vallopallil Mathew | 9495336391 | 944692608 |
| 300 | Valummel Thomas | 9446126556 | |
| 301 | Vanchipurackal George | 9447574926 | |
| 302 | Varakukalaparampil George | 9961405012 | |
| 303 | Varickamackal Emmanuel | 9447135059 | |
| 304 | Varickamakal Augustine | 9447300615 | |
| 305 | Varickamakal Kurian | 9495265207 | |
| 306 | Vattappalam Devasiachan | 9961513386 | |
| 307 | Vattappalam Michael | 9847790994 | |
| 308 | Vattappallil Joseph | 9497028498 | |
| 309 | Vayalil James | 9446287594 | |



| | | |
|---|---|---|
| 310 | Vayaliparampil George | 9963538130 |
| 311 | Vazhacharickal Thomas | 9747252227 |
| 312 | Vazhackapara Mathew | 9446126570 |
| 313 | Vedikunnel Thomas | 9446120981 |
| 314 | Vekathanam Scaria | 9446121275 |
| 315 | Velamparampil Cyrus | 9447307131 |
| 316 | Velamparampil Joseph | 9447661150 |
| 317 | Vellachalil Kuriakose | 9496464727 |
| 318 | Vellamaruthunkal Jacob | 9447149677 |
| 319 | Vellamkal James | 9744948797 |
| 320 | Vellaramkuzhy Augustine | 9961775211 |
| 321 | Vellaringatt Jacob | 9487055405 |
| 322 | Vellaringatt Kurian | 9744250191 |
| 323 | Vengathanam Andrews | 9446910186 |
| 324 | Vennaipillil James | 9447959223 |
| 325 | Vethanath Sebastian | 9495571915 |
| 326 | Vettathel Joseph | 9447120388 |
| 327 | Vettickal Thomas | 9447525637 |
| 328 | Vettukallel James | 9961162054 |
| 329 | Vettukallel Sebastian | 9447507538 |
| 330 | Vettukattil Thomas | 9446204240 |
| 331 | Vilakkunnel Joseph | 9447134213 |